ഒൻപതാം പദ്ധതി ജനകീയ പദ്ധതി

വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത്

സമഗ്രവികസന റിപ്പോർട്ട്











വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്



സമഗ്രവികസന റിപ്പോർട്ട്

★ ചീഫ് എഡിറ്റർ
കെ. മോഹനൻ

★ എഡിറ്റർ
കെ. പ്രേമചന്ദ്രൻ

പത്രാധിപ സമിതി
ബി. സുകുമാരൻ നായർ

കെ. രാമചന്ദ്രകുമാർ

അതിൽകുമാർ. പി. വെ.

എൻ. യശോധരൻ

എൽ. ലത

സാംകുമാർ റവി.

ജയസൺ എബ്രഹാം

നെൽസൺ

വി. സുകുമാരൻ നായർ

റവി. രമണി

വിക്ടർരാജ്

ഗോപാലകൃഷ്ണനാശാരി

എസ്. സതീഷ്

സുകുമാരൻ നായർ

കെ. ജെ. സുരേന്ദ്രനാഥ്


സോമൻ


നിർമ്മല

കവർ ഡിസൈനിംഗ് & ലേഔട്ട്–
ഗിരി, സ്വാതി, പെരിങ്ങമ്മല.

പ്രിന്റിംഗ്–
ശരത്ചന്ദ്രാ പ്രിന്റേഴ്സ്,
പെരിങ്ങമ്മല.


വെള്ളാനൂർ ഗ്രാമപഞ്ചായത്ത്





"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ
കുടികൊള്ളുന്നു"


മഹാത്മാഗാന്ധി



ഇ.എം.എസ്. നമ്പൂതിരിപ്പാട്


ചെയർമാൻ

ഉന്നതതല മാർഗ്ഗ നിർദ്ദേശക സമിതി ഇനകീയ ആസൂത്രണ പ്രസ്ഥാനം




ഇ.കെ. നായനാർ

മുഖ്യമന്ത്രി, ചെയർമാൻ, സംസ്ഥാന പ്ലാനിംഗ് ബോർഡ്




പാലോളി മുഹമ്മദ്കുട്ടി

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി




കെ. മോഹനൻ

പ്രസിഡന്റ്




കെ. പ്രേമചന്ദ്രൻ

വൈസ് പ്രസിഡന്റ്



ബി. സുകുമാരൻ നായർ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ




എൻ. നാഗപ്പൻ നായർ

സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി

പഞ്ചായത്ത് അംഗങ്ങൾ

ഫോട്ടോ
യഥാസമയം
ലഭിച്ചില്ല


റോസി ദാസയ്യൻ




മംഗലത്തുകോണം
ബി. കൃഷ്ണൻ



കുമാരി എസ്. സീത



എസ്. വിദ്യാധരൻ




എം. പുരുഷോത്തമൻ




പ്രസന്നാ ഇയന്തൻ



സുഷമാ സോമൻ



കെ. രാമചന്ദ്രകുമാർ




ആർ. എസ്. ശ്രീകുമാർ


മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



ആർ. കരുണാകരൻ നായർ




പാറയിൽ തങ്കപ്പൻ




വെങ്ങാനൂർ പി. ഭാസ്ക്കരൻ


എം.എൽ. എ




കെ. ശ്രീകുമാർ




എസ്. വിദ്യാധരൻ



Dr. എ. നീലലോഹിത ദാസൻ നാടാർ MLA




വി. ഗംഗാധരൻ നാടാർ
ജില്ലാ പഞ്ചായത്ത് മെമ്പർ



പയറുംമൂട് തങ്കധർ
അരുവിയോട് ബ്ലോക്ക് പ്രസിഡന്റ്



വെങ്ങാനൂർ ഫ്രെഡ്രിക്ക്
ബ്ലോക്ക് മെമ്പർ



താളുകൾ മറിക്കുമ്പോൾ

1. വികസന സെമിനാറിൽ അവതരിപ്പിച്ച റിപ്പോർട്ട്

2. ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ

3. ട്രാൻസെക്ട്, മതിയ വിവരശേഖരണം

4. വികസന സെമിനാറിലെ നിർദ്ദേശങ്ങൾ

1. കൃഷിയും ജലസേചനവും

2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

3. വ്യവസായം

4. ഗതാഗതവും ഊർജ്ജം

5. വിദ്യാഭ്യാസം

6. കുടിവെള്ളവും പൊതുജനാരോഗ്യവും

7. പാർപ്പിടവും സാമൂഹ്യക്ഷേമവും

8. സംസ്ക്കാരം

9. വനിത

10. സഹകരണം

11. പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമം

12. വിവേ സമാഹരണം

ജനകീയാസൂത്രണത്തിലൂടെ രൂപം നൽകുന്ന ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ പഞ്ചായത്ത്തല വികസന സെമിനാറിൽ അവതരിപ്പിക്കുന്നതിന് വേണ്ടി തയ്യാറാക്കിയത്.

ആമുഖം

1997 ഏപ്രിൽ മുതൽ കേരളത്തിൽ നടപ്പിലാക്കുന്ന 9-ാം പഞ്ചവത്സര പദ്ധതി ജനകീയ പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യുകയാണ്. കേരളാസംസ്ഥാന പ്ലാനിംഗ് ബോർഡ് തീരുമാനിച്ച സമയ ബന്ധിത പരിപാടിയനുസരിച്ച് 12-9-96-ൽ കൂടിയ വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച പ്രവർത്തനങ്ങളുടെ ഭാഗമായി 17-9-1996 ചൊവ്വാഴ്ച വെങ്ങാനൂർ ഗവ; മോഡൽ ഹൈസ്ക്കൂളിൽ വച്ച് ശില്പശാല നടത്തുകയുണ്ടായി. കക്ഷി രാഷ്ട്രീയ വ്യത്യാസങ്ങൾക്ക് അതീതമായി വിവിധ മേഖലകളിലെ വിദഗ്ധരും പ്രഗത്ഭരും ജനപ്രതിനിധികളും സന്നദ്ധ പ്രവർത്തകരുമായി 86 പേർ പങ്കെടുത്തു. ശില്പശാലയിൽ തീരുമാനിച്ച പ്രകാരം 21-9-96 മുതൽ 2-10-96 വരെയുള്ള പൊതു അവധി ദിവസങ്ങളിലായി വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ 12 വാർഡുകളിലെയും ഗ്രാമസഭകളും നടക്കുകയുണ്ടായി. ഗ്രാമസഭകളിൽ പങ്കെടുത്ത ജനങ്ങളും ശരാശരി 86 ആണ്. കൃഷി, ജലസേചനം, ഫിഷറീസ്, മൃഗപരിപാലനം, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, പരിസര ശുചീകരണം, വ്യവസായം, റോഡുകളും, ഊർജ്ജം, വേനനിർമ്മാണം, ക്ഷേമപ്രവർത്തനങ്ങളും, സംസ്കാരം, വനിത നവീകരണ മേഖല, പട്ടികജാതി, പട്ടിക വർഗ്ഗം, പരിസ്ഥിതി സമാഹരണം എന്നീ 12 വിഷയങ്ങളിൽ പ്രത്യേകം ഗ്രൂപ്പു ചർച്ച നടത്തി ഈ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളുടെ പരിഹാര മാർഗ്ഗങ്ങളും പട്ടികപ്പെടുത്തുകയുണ്ടായി, തുടർന്ന് പഞ്ചായത്ത് മേപ്പ് തയ്യാറാക്കി ട്രാൻസെക്ട് നടത്തുകയും വിവിധ ആഫീസുകളിൽ നിന്ന് നിരവധി രേഖകളും ശേഖരിക്കുകയും ഈ നാടിന്റെ പൈതൃകവും ചരിത്രവും പഠിക്കുവാനുള്ള എളിയ ശ്രമങ്ങളും നടത്തി. ലഭ്യമായ ചരിത്രം, ഭൂസ്ഥിതി വിവരം, ജീതിയ വിവരങ്ങളും എന്നിവയും ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും അപഗ്രഥിച്ച് ഗ്രാമസഭകളുടെ പ്രതിനിധികളും പഞ്ചായത്ത് അംഗങ്ങളും വിവിധ മേഖലയിലെ വിദഗ്ധരും ചേർന്ന് തയ്യാറാക്കിയതാണ് വികസന റിപ്പോർട്ട്. 28-10-96-ൽ കൂടിയ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിക്കുകയും 30-10-96-ൽ ആഴാകുളം ജീപാ ആഡിറ്റോറിയത്തിൽ നടക്കുന്ന വികസന സെമിനാറിന്റെ വിശദമായ ചർച്ചയ്ക്കും പരിഗണനയ്ക്കുമായി സമർപ്പിക്കുകയും ചെയ്യുന്നു. ട്രാൻസെക്ട്, ജീതിയ വിവര ശേഖരണം, ചരിത്രപഠനം എന്നിവ വിജയകരമായി ശേഖരിക്കാൻ ശ്രീ. P. Y. അനിൽകുമാറിന്റെ നേതൃത്വത്തിൽ നിരവധി സന്നദ്ധ പ്രവർത്തകരും വിവിധ ആഫീസുകളിലെ ജീവനക്കാരും വളരെയധികം ബുദ്ധിമുട്ടി പ്രവർത്തിച്ചിട്ടുണ്ട്. ഗ്രാമ സഭകളുടെ സംഘാടനത്തിനും തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കും അകമൊഴിഞ്ഞ് സഹായിച്ച സകല വ്യക്തികൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തി കൊള്ളുന്നു.

വിശ്വസ്തതയോടെ,

പ്രസിഡൻറ്

കെ. മോഹനൻ

വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് 1996

പഞ്ചായത്തിന്റെ പേര് – **വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്**

ഉൾപ്പെടുന്ന വില്ലേജ് – **വെങ്ങാനൂർ വില്ലേജ്**

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ – **കോവളം, വെങ്ങാനൂർ**

ബ്ലോക്ക് പഞ്ചായത്ത് – **അതിയന്നൂർ**

താലൂക്ക് – **തിരുവനന്തപുരം**

അസംബ്ലി മണ്ഡലം – **കോവളം**

ജില്ല – **തിരുവനന്തപുരം**

വിസ്തീർണ്ണം – **12.6 ച: കിലോമീറ്റർ**

ജനസംഖ്യ – **44770**

വാർഡുകൾ – **12**

അതിരുകൾ:-

വടക്ക്: വെള്ളായണി കായലും, തിരുവല്ലം കല്ലിയൂർ പഞ്ചായത്തുകളും.

തെക്ക്: വിഴിഞ്ഞം പഞ്ചായത്തും, കോട്ടുകാൽ വില്ലേജും.

പടിഞ്ഞാറ്: തിരുവല്ലം പഞ്ചായത്ത്

കിഴക്ക്: ബാലരാമപുരം വിഴിഞ്ഞം റോഡും, കോട്ടുകാൽ പഞ്ചായത്തും.

പ്രസിഡൻറിന്റെ പേര് – **കെ. മോഹനൻ**

വൈസ് പ്രസിഡൻറിന്റെ പേര് – **കെ. പ്രേമചന്ദ്രൻ**

തിരുകൊച്ചി സംസ്ഥാനത്തിലെ തിരുവല്ലം പഞ്ചായത്തിൽ നിന്നും 1962–ൽ വെങ്ങാനൂർ പഞ്ചായത്ത് രൂപം കൊണ്ടു. ലോകപ്രശസ്തമായ കോവളത്തിനടുത്ത് സ്ഥിതിചെയ്യുന്ന ഈ ഗ്രാമം മഹാന്മാരുടെ ജന്മനാടായും പ്രവർത്തനമേഖലയായും വാഴ്ത്തപ്പെടുന്നു. ലോകപ്രശസ്ത ശുദ്ധജലതടാകമായ വെള്ളായണി കായലും, പ്രശസ്തമായ വെങ്ങാനൂർ ഏലായും ഉൾപ്പെട്ടതാണ് വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്. കർഷകരും, കർഷക തൊഴിലാളികളും തിങ്ങിപാർക്കുന്നതാണ് വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും വലിയ സവിശേഷത. പ്രകൃതിദത്തമായ നീർച്ചാലുകളും നീരുറവകളും നിമ്നോന്നതചെരിവുകളും, ചെമ്മണ്ണും കൊണ്ട് ഹരിതാഭമാണ് ഭൂപ്രകൃതി. വെണ്ണിയൂർ പ്രദേശത്ത് ലഭ്യമായ ജലസ്രോതസ്സുകളെമുഴുവൻ ഉപയോഗപ്പെടുത്തുവാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

ചരിത്രത്തിലേയ്ക്ക് ഒരെത്തിനോട്ടം

അറബിക്കടലിന്റെ താരാട്ടിന് കാതോർത്ത് അയ്യിപ്പിള്ള ആശാന്റെ രാമകഥാപാട്ടിന് ഈണം പകർന്ന്–തീരദേശമായ വിഴിഞ്ഞം പഞ്ചായത്തിനോട് ചേർന്നുകിടക്കുന്നതാണ് വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്.

ലോകപ്രശസ്ത ശുദ്ധജല തടാകമായ വെള്ളായണി കായലിന്റെ സാന്നിദ്ധ്യവും, അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളത്തിന്റെയും പരിപാവനമായ കേരളത്തിലെഏക പരശുരാമ ക്ഷേത്രത്തിന്റെയും തലസ്ഥാനനഗരത്തിന്റെയും സാമീപ്യം വെങ്ങാനൂരിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

തിരു–കൊച്ചി ഭരണകാലത്ത് വെങ്ങാനൂർ പ്രദേശം ഉൾപ്പെടുത്തി തിരുവല്ലം പഞ്ചായത്ത് രൂപീകൃതമായി. കേരളസംസ്ഥാന രൂപീകരണത്തിനുശേഷം 1962–ൽ ഭരണ സൗകര്യാർത്ഥം തിരുവല്ലം പഞ്ചായത്തിലെ അഞ്ച് വാർഡുകൾ ഉൾപ്പെടുത്തി വെങ്ങാനൂർ പഞ്ചായത്ത് രൂപം കൊണ്ടു.

ആയ് രാജാക്കൻമാരുടെ കാലംതൊട്ട്വെങ്ങാനൂരിന്റെ പേരുമായി ബന്ധപ്പെടുത്തി പല ചരിത്ര വസ്തുതകളും പറഞ്ഞുപോരുന്നുണ്ട്. ആയ് രാജ്ഞിന്റെ തലസ്ഥാനമായ വിഴിഞ്ഞത്തിനു തൊട്ടുവടക്കുമാറി കുതിരവട്ടം എന്ന സ്ഥലത്ത് സൈനികകേന്ദ്രവും, വെടിക്കോപ്പുശാലയും, കുതിരലായവും ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു. വേണാടിന്റെ ചരിത്രവുമായ അദ്ദേഹബന്ധം പുലർത്തികൊണ്ടാണ് വെങ്ങാനൂർ കേരളചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളത്. ഏകാധിപത്യ ഫ്യൂഡൽ രാജവാഴ്ചക്കെതിരായി സംഘടിതമായ പോരാട്ടങ്ങൾ നടത്താൻ മുൻകൈഎടുത്ത വെങ്ങാനൂർ പിള്ളയുടെ കാലംമുതൽക്ക് ആരംഭിച്ച്, പരമ്പരാഗത സാമൂഹ്യഘടനയുടെ തകർച്ചയ്ക്ക് വഴിയൊരുക്കിയ പാരമ്പര്യം വെങ്ങാനൂരിനുണ്ട്.

വേണാടിന്റെ ചരിത്രത്തിൽ മിന്നിത്തിളങ്ങിയ പെമ്പക രാമൻപിള്ളയുടെ ജന്മനാടാണ് വെങ്ങാനൂർ.

വെങ്ങാനൂർ ഏലായിലുള്ള ആനൂർകുളം പുതുക്കുളം ഇവ കുറുപ്പൻമാരിൽ പ്രധാനിയായ കണ്ണൻ ദ്വാങ്ങൽ കുറുപ്പൻമാരുടെ സ്വന്തം ഭൂമിയിൽ സൗജന്യമായി നിർമ്മിച്ച് പൊതുജനങ്ങൾക്ക് നൽകിയിട്ടുള്ളതായി പറയപ്പെടുന്നു.

ജന്മിത്വത്തിനെതിരായി കൃഷിഭൂമിയിൽ അദ്ധ്വാനിക്കുന്ന പാവപ്പെട്ട പട്ടികജാതി പട്ടിക വർഗ്ഗക്കാരെ സംഘടിപ്പിച്ച് ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഭാഗമാക്കി മാറ്റി ഈ നാട്ടിനെ ഇന്ത്യയുടെ ശ്രദ്ധ ആകർഷിപ്പിച്ച മഹാനായ അയ്യൻകാളിക്ക് ജന്മം നൽകിയ സ്ഥലമാണ് വെങ്ങാനൂർ പ്രദേശം. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച സാധുജന പരിപാലന സംഘവും അതിന്റെ പ്രവർത്തനങ്ങളും ഇന്ത്യയുടെ ചരിത്രത്തിൽ സുപ്രധാന സംഭവമാണ്. അതുകൊണ്ടുതന്നെ മഹാത്മാഗാന്ധി വെങ്ങാനൂർ സന്ദർശിച്ച് ശ്രീ അയ്യൻകാളിയുടെ സേവനങ്ങളെ പ്രകീർത്തിച്ചത്. ഭൂദാനപ്രസ്ഥാനവുമായി ബന്ധപ്പെട്ട് ആചാര്യവിനോബാഭാവയും വെങ്ങാനൂർ സന്ദർശിച്ചിട്ടുണ്ട്. മഹാനായ ശ്രീ നാരായണ ഗുരുദേവന്റെയും ശ്രീ ചട്ടമ്പിസ്വാമികളുടെയും മഹത്വചനത്തെ പൂർണ്ണമായും ഉൾക്കൊണ്ട് സാഹോദര്യം നിലനിറുത്തി സമാധാനകാംക്ഷികളായ ജനതയാണ് വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ ജനത.

ശ്രീ അയ്യൻകാളിയുടെ നേതൃത്വത്തിൽ പുത്തൻകോനത്ത് സ്ഥാപിതമായ ഹരിജൻകോളനിയും, ദിവംഗതനായ ശ്രീ ഊറ്റുറത്തല ഗോവിന്ദപിള്ളയുടെ ശ്രമഫലമായി രൂപംകൊണ്ട മുട്ടയ്ക്കാട്–കോവളം റോഡ്, വിഴിഞ്ഞം തിരുവനന്തപുരംറോഡ്, വിഴിഞ്ഞം ബാലരാമപുരംറോഡ്, വെങ്ങാനൂർ തിരുവനന്തപുരം റോഡ് ഇവയും സുപ്രസിദ്ധ സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ശ്രീ. ജെ. ഗോപാലന്റെ ശ്രമഫലമായി രൂപം കൊണ്ടതാണ് വെങ്ങാനൂർ സർവ്വീസ് സഹകരണ ബാങ്കും, കസ്തൂർബാ സ്മാരക ഗ്രന്ഥശാലയും, സബ്രജിസ്ട്രാർ ആഫീസും സ്വാതന്ത്ര്യസമരസേനാനിയും മന്ത്രിയുമായിരുന്ന ശ്രീ. ജി. ചന്ദ്രശേഖരപിള്ളയുടെ ശ്രമഫലമായി വെങ്ങാനൂർ അഞ്ചലാഫീസ് ആരംഭിച്ചത്. കൂടാതെ നെയ്യാർ ഇറിഗേഷൻ പ്രോജക്ടും, വൈദ്യുതിയും ഈ നാട്ടിൽ എത്തിച്ചതും ജിയായിരുന്നു. വെങ്ങാനൂരിലെ കട്ടച്ചൽതറവാട്ടുകാർ സംഭാവന നൽകിയ സ്ഥലത്താണ് നികുതി കച്ചേരി സ്ഥാപിച്ചത്. പ്രസ്തുത നികുതി കച്ചേരി പാവടിയായും, ഇപ്പോൾ വെങ്ങാനൂർ വില്ലേജാഫീസായും പ്രവർത്തിക്കുന്നു. ഇന്ന് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി മാറിയ ആശുപത്രി കെട്ടിടത്തിന് വേണ്ടുന്ന സ്ഥലം ശ്രീ. നീലകണ്ഠപണിക്കർ സംഭാവന നൽകിയതാണ്.

വിദ്യാഭ്യാസ സാമൂഹ്യ രംഗങ്ങളിൽ വ്യക്തി മുദ്രപതിപ്പിച്ചഎല്ലാവരേയും സ്മരിക്കുന്നതോടൊപ്പം ശ്രീ. വെണ്ണിയൂർ സദാശിവൻ, ശ്രീ. E.M.J. വെണ്ണിയൂർ എന്നീ പ്രതിഭകളേയും അഭിമാനപൂർവ്വം ഓർക്കുന്നു. രാജ്യത്ത് ആകെ സംഭവിച്ച സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങൾക്കൊത്ത് വെങ്ങാനൂരും അതിന്റെതനതായ സംഭാവനകൾ

നൽകിയിട്ടുണ്ട്. ജനാധിപത്യ ഭരണക്രമത്തിൽ ഇഴുകിചേർന്ന വെങ്ങാനൂർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വികസനം മുരടിച്ചു നിൽക്കുന്നു എന്നതാണ്. വിദ്യാഭ്യാസപരമായി മുൻപന്തിയിൽ നിൽക്കുന്ന ഒരു പ്രദേശമാണെങ്കിലും സമ്പത്ത് ഉല്പാദന മേഖലയിൽ വൻ പിച്ച മുരടിപ്പ് അനുഭവപ്പെടുന്നു. തുണ്ടുഭൂമി കൃഷിയെമാത്രം ആശ്രയിച്ച് ജീവിക്കുന്ന ഇവിടത്തെജനങ്ങളും വൻ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. കർഷകരേയും, കർഷക തൊഴിലാളികളുടെയും ജീവിത നിലവാരം വളരെ താണതാണ്. കൃഷിയുടെ വാണിജ്യ വൽക്കരണവും, പുത്തൻസാമ്പത്തിക നയത്തിന്റെയും ഭാഗമായി കൂടുതൽ കൂടുതൽ മോശപ്പെട്ട സാമ്പത്തിക നിലവാരമാണ് ജനങ്ങളുടേത്. സ്വന്തമായി കിടക്കുവാൻ ഒരിടം ഇല്ലാതായി നൂറുകണക്കിന് ആളുകളും ഉണ്ട്. 1957ന് ശേഷം വിവിധ ഭൂപരിഷ്ക്കരണങ്ങളുടെ ഫലമായി കുറെ ആശ്വാസം പാവപ്പെട്ടവർക്ക് ഉണ്ടായിട്ടുണ്ട്. കാർഷിക മേഖലയിൽ പണിയെടുക്കുന്നവരുടെ കൂലിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കാർഷിക ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. കൃഷി, ഒരു അനാകർഷകമായ സ്ഥിതിയിലേയ്ക്ക് എത്തിയിട്ടുണ്ട്. കൃഷി ഉപേക്ഷിക്കാതിരിക്കുന്ന അവസ്ഥയുണ്ട്. കൃഷിസ്ഥലങ്ങൾ നികത്തി ദീർഘകാല വിളയായ തെങ്ങ് നടുന്നതിനും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന പ്രവണതയുണ്ട്. അങ്ങനെ പൊതുവിൽ പറഞ്ഞാൽ കാർഷിക മേഖലയുടെ ഉല്പാദന ക്ഷമത ഇല്ലായ്മ രൂക്ഷമായ തൊഴിലില്ലായ്മ ജനങ്ങളിൽ പകുതിയോളം നിൽക്കുന്ന സ്ത്രീകളുടെ പിന്നോക്ക അവസ്ഥ, ഇങ്ങനെ പ്രധാനപ്പെട്ട രണ്ടു മൂന്നു പ്രശ്നങ്ങൾ ഈ പഞ്ചായത്തിനെ ബാധിച്ചിരിക്കുന്നു. ഈ മുരടിപ്പിൽ നിന്നും ഭാഗികമായെങ്കിലും ഒരു മുന്നേറ്റം ഉണ്ടാക്കുന്നതിന് ഈ പ്രദേശത്തെ ബഹുജന സംഘടനകൾക്ക്, സാമൂഹിക രാഷ്ട്രീയ പ്രവർത്തകർക്ക് ഈ പഞ്ചായത്ത് സമിതിക്ക് എന്തെല്ലാം സംഭാവനകൾ ചെയ്യുവാൻ കഴിയുമെന്നതിനെപ്പറ്റി നമുക്ക് കൂട്ടായി ചർച്ച ചെയ്ത് തീരുമാനത്തിലെത്താം.

II ഭൂപ്രകൃതി

അവലംബം:— വിവേ ഭൂപടങ്ങൾ, റവന്യൂ രേഖകൾ, കൃഷിഭവൻ രേഖകൾ, പഠന പര്യടനം.

ഭൂപ്രകൃതി അനുസരിച്ച് വെങ്ങാനൂർപഞ്ചായത്തിനെ മുഖ്യമായും അഞ്ചായി തരംതിരിക്കാം.

1. ഉയർന്ന ലാറ്ററേറ്റ് സമതലം
2. ചെരിവ് പ്രദേശം
3. താഴ്വരകൾ
4. സമതല പ്രദേശം
5. കായൽ മേഖല

ഉയർന്ന ലാറ്ററേറ്റ് (പാറക്കെട്ടുകൾ)

പഞ്ചായത്തിന്റെ മൂവിസ്തൃതിയിൽ 4% ത്തോളം വരുന്ന സ്ഥലം 2 വാർഡുകളിലായി താരതമ്യേനഉയരംകൂടിയതും, മണ്ണിന്റെപുതപ്പ് കുറഞ്ഞതുമായ പാറകൾ അടങ്ങിയ പ്രദേശം.

ചെരിവ് പ്രദേശങ്ങൾ

താഴ്വര പ്രദേശങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന മണ്ണുപാളികൾ കൂടുതലായിട്ടുള്ള ചരലും, ചെമ്മണ്ണുമടങ്ങിയ ചെരിവു പ്രദേശം ഫലഭൂഷ്ടിയുള്ള മണ്ണാണ്. തെങ്ങ്, വാഴ, മരിച്ചീനി, എന്നിവവ്യാപകമായി കൃഷിചെയ്യുന്നു.

താഴ്വര

ആകെ ഭൂവിസ്തൃതിയുടെ 33% ത്തോളം വരും. രണ്ടു ചെരിവു പ്രദേശങ്ങൾക്കിടയ്ക്കായി കാണപ്പെടുന്ന തുരുത്തു പ്രദേശങ്ങളാണ്. നെൽ കൃഷിയിൽ നിന്നും പിന്മാറി വാഴ, പച്ചക്കറി, മരിച്ചീനി തുടങ്ങിയവ സ്ഥിരമായി കൃഷിചെയ്യുന്നു. നെൽകൃഷി നഷ്ടമെന്ന കണക്കുകൂട്ടലിൽ വയൽനികത്തി തെങ്ങ്നടുന്ന പ്രവണത വ്യാപകമാണ്, ജലാംശം നിലനിർത്താൻ കഴിയുന്ന ഫലഭൂഷ്ടിയുള്ള മണ്ണാണ്.

സമതലങ്ങൾ

വിസ്തൃതിയിൽ 3% ത്തോളം വരുന്ന നീർപ്പായ പ്രദേശങ്ങളാണ്. ചരലോടുകൂടിയ ചെമ്മണ്ണുള്ള പ്രദേശം.

★ ★

കായൽപ്രദേശങ്ങളും ചതുപ്പും

വെള്ളംവറ്റാത്ത നീരുറവകളും, വെള്ളായണി കായലിന്റെ ചില ഭാഗങ്ങളുമടങ്ങുന്ന പ്രദേശം.

III ജനപ്രകൃതി

അവലംബം: കാനേഷുമാരി കണക്കുകൾ 1991 പഞ്ചായത്ത് രേഖകൾ

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ 1991 ലെ സെൻസസ്സ് പ്രകാരം ജനസംഖ്യ 44770 ആണ്. ഇവരിൽ 20415 പുരുഷന്മാരും 24355 സ്ത്രീകളുമാണ്. വീടൊന്നിന് ശരാശരി 5.03 ആളുകളാണ്. (സംസ്ഥാന ശരാശരി 5.6) ഇവിടെ ച: കി ലോമീറ്ററിൽ 3553 ആണ് ജനസാന്ദ്രത.

പട്ടിക I

വാർഡ് നമ്പർ	ജനസംഖ്യ 1991		ആകെ
	പുരുഷ:	സ്ത്രീകൾ	
I	1426	1674	3100
II	1714	2011	3725
III	1656	1944	3600
IV	1691	1984	3675
V	1683	1974	3657
VI	1893	2222	4115
VII	1750	2053	3803
VIII	2004	2351	4355
IX	1610	1890	3500
X	1636	1919	3555
XI	1852	2173	4025
XII	1684	1976	3660
ആകെ	20599	24171	44770

വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിൽ സാക്ഷരതാ നിരക്ക് 89 ശതമാനമാണ്. 15 വയസിനുമേൽ പ്രായമുള്ളവരിൽ 64 ശതമാനത്തിലേറെ പേർ S. S. L. C. പാസായവരാണ്. അയ്യായിരത്തിലേറെ പേർ ബിരുദധാരികളും 2500 ലേറെ ബിരുദാനന്തര ബിരുദമുള്ളവരും സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള 2500 ലേറെ പേരും നൂറിലേറെ പ്രൊഫഷണൽ ബിരുദധാരികളും ഉണ്ട്. ആകെ ജനതയുടെ 19% ത്തോളം വിവിധ തുറകളിൽ തൊഴിൽ ചെയ്തുവരുന്നു. തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പുരുഷന്മാരുടേതിനേക്കാൾ കുറവാണെങ്കിലും വിദ്യാഭ്യാസ യോഗ്യതയിൽ സ്ത്രീ–പുരുഷ അനുപാതം തുല്യവുമാണ്. സംസ്ഥാനാടിസ്ഥാനത്തിലെന്നതുപോലെ ഈ പഞ്ചായത്തിലും പ്രത്യക്ഷവരുമാനം ലഭിക്കുന്ന തൊഴിൽമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം തുലോം കുറവാണ്.

പട്ടിക 2

തൊഴിലെടുക്കുന്നവരുടെ എണ്ണം

	സ്ത്രീ	പുരുഷന്മാർ	ആകെ
പ്രധാനതൊഴിലുകൾ	2372	3778	6150
ഭാഗിക തൊഴിലുകൾ	684	366	1050
മൊത്തം	3056	4144	7200

കാർഷിക വൃത്തിയാണ് വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിലെ പ്രധാനതൊഴിൽ ഏകദേശം 43% ഇതിൽവ്യാപൃതരായിരിക്കുന്നു. കൈത്തറിമേഖല ഉൾപ്പെടുന്ന കുടിൽ വ്യവസായവും പാറപൊട്ടിക്കൽ, കെട്ടിടനിർമ്മാണ മേഖലയിലും മൃഗപരിപാലന രംഗത്തും സേവനരംഗത്തും നിരവധി പേർ പണിയെടുക്കുന്നു. 14% പേർ സർക്കാർ ജീവനക്കാരാണെന്നത് ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്.

ഏകദേശം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 6000–ത്തോളം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ 75% ത്തോളംപേർ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു, തൊഴിലെടുക്കാൻ കഴിവും സന്നദ്ധതയുമുള്ള 30% പേർക്ക് പണിയൊന്നുമില്ലാ എന്നതാണ് വസ്തുത.

മഹാനായ ശ്രീ അയ്യൻകാളി ഉൾപ്പെടെയുള്ള സാമൂഹ്യ പരിഷ്കർത്താക്കളുടെയും, സന്നദ്ധ സംഘടനകളുടെയും പ്രവർത്തനഫലമായി ഏകദേശം അര നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ജാതി മത ഉച്ചനീചത്വങ്ങൾ ഇവിടെ ഇല്ലാതായിട്ടുണ്ട്. 78% ഹിന്ദുക്കളും, 21% ക്രിസ്ത്യാനികളും, 1% മുസ്ലീങ്ങളും ഒത്തൊരുമയോടെ ഈ പഞ്ചായ

ത്തിൽ കഴിഞ്ഞുവരുന്നു. 22% ത്തിലേറെ പട്ടികജാതി–പട്ടികവർഗ്ഗക്കാരാണ്. ഭൂ ഉടമകളിൽ ഭൂരിഭാഗവും തുണ്ടുഭൂമികളും ഉള്ളവരായതിനാൽ ഇവർ മറ്റു തൊഴിലുകളും തേടി പോകുന്നു.

പട്ടിക 3

തൊഴിലാളികളുടെ എണ്ണം വിവിധ മേഖലകളിൽ

തൊഴിൽ	പുരു	സ്ത്രീ	ആകെ	ശതമാനം
കൃഷിക്കാർ	187	29	216	3
കർഷകതൊഴിലാളികളും	1978	1046	3024	42
മൃഗപരിപാലനം മത്സ്യബന്ധനം	451	125	576	8
പാറപൊട്ടിക്കൽ	186	174	360	5
കുടിൽവ്യവസായം	348	516	864	12
കുടിലേതര വ്യവസായം	48	24	72	1
കെട്ടിട, റോഡ്, നിർമ്മാണം	624	96	720	10
മറ്റു സേവനങ്ങളും	103	41	144	2
വാണിജ്യം	104	40	144	2
ഗതാഗതം, വാർത്താവിനിമയം	68	4	72	1
സർക്കാർ ജീവനം	582	426	1008	14
	4679	2521	7200	100

ജലസമ്പത്ത്

കാർഷികമേഖല പ്രധാനമായും ആശ്രയിക്കുന്നത് മഴയെയാണ്. ഇവിടെ ലഭ്യമാകുന്ന ജലത്തിന്റെ 70%ഉം കാലവർഷത്തിൽനിന്നാണ്, (ഇടവപ്പാതി, തുലാവർഷം.) വെള്ളപ്പൊക്കവും ജലദൗർലഭ്യവും ഇവിടെ ഒരു പോലെ ബുദ്ധിമുട്ടുണ്ടാക്കുന്നു.

വെങ്ങാനൂർതോട്, അമ്മാൻതോട്ടംതോട്, പമ്പ്ഹൗസ് സെൻട്രൽതോട്. ഊറ്റുകുഴിതോട് ഇവ പ്രധാനതോടുകളും ചെറുതും വലുതുമായ 24 കുളങ്ങളും ഉൾപ്പെട്ടതാണ് ഉപരിതല ജലസ്രോതസുകൾ. നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന്റെ 13 കി. മി. ദൂരം (കനാൽ) പഞ്ചായത്ത് ഭാഗത്തുകൂടെ കടന്ന് പഞ്ചായത്തിലെ ഏറ്റവും വലിയകുളമായ പുതുക്കുളത്തിൽ സംഭരിച്ചുനിർത്തുന്നു. എങ്കിലും മഴവെള്ളവും തോടുകളിൽ നിന്നൊഴുകി വരുന്ന ജലവും സംഭരിച്ചു നിർത്താൻ ഏതൊരു സംവിധാനവും ഇല്ലാത്തതിനാൽ വേനൽകാലത്ത് ജലക്ഷാമം രൂക്ഷമാകുന്നു.

വെങ്ങാനൂരിൽ താരതമ്യേന മെച്ചപ്പെട്ട നീർച്ചാലുകളും, നീരുറവകളും ഉണ്ടെങ്കിലും കാർഷികാവശ്യത്തിന് ഉപയോഗിക്കാനുള്ള സംവിധാനമില്ല.

നീരുറവകളുള്ള ഭാഗത്ത് കിണറുകളിൽ 10 മീറ്റർ ആഴത്തിൽ എല്ലാകാലത്തും കുടി വെള്ളം ലഭിക്കുമ്പോൾ കുന്നിൻചെരുവുകളിൽ 30 മീറ്റർ ഓളം ആഴത്തിൽ മഴക്കാലത്ത് വെള്ളം ലഭിക്കുമെങ്കിലും വേനൽക്കാലത്ത് കനത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു ഇതു പരിഹരിക്കാനുള്ള ബൃഹത്തായ ജലവിതരണത്തിനുള്ള സംവിധാനമില്ല.

കൃഷി

കാർഷികമേഖലയായിരുന്ന വെങ്ങാനൂർപ്രദേശമാകെ പരമ്പരാഗത കൃഷിരീതിയിൽ പ്രകടമായമാറ്റം സംഭവിച്ചിരിക്കുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഏലാകളിൽ ഇരുപ്പു നിലങ്ങളിൽ രണ്ടു നെൽകൃഷിയും, ഇടവിളയായി പയറ്, മധുരക്കിഴങ്ങ് മുതലായ കൃഷിയും ഇടവീട്ടിലും വീട്ടുള്ള വാഴകൃഷിയും കരപ്രദേശങ്ങളിൽ ദീർഘകാലവിളയായി തെങ്ങും ഇടവിളയായി മരച്ചീനി, എള്ള്, ചാമ, മുതിര മുതലായ ധാന്യങ്ങളും കൃഷി ചെയ്തിരുന്നു ഇന്ന് കൃഷിരീതി ആകെ മാറിയിരിക്കുന്നു. പാടശേഖരങ്ങളും നികത്തി തെങ്ങ് കൃഷി തുടങ്ങികഴിഞ്ഞു. ഗണ്യമായ തരത്തിൽ നെൽകൃഷി കുറഞ്ഞിട്ടുണ്ട്. വാഴകളും, പച്ചക്കറികളും സ്ഥിരമായി കൃഷി ചെയ്യുകയും അതിന്റെ മറവിൽ ക്രമേണ നിലം നികത്തി തെങ്ങുകൃഷിയിലേക്ക് നീങ്ങാനുള്ള പ്രവണത ഈ പ്രദേശത്ത് നിലവിലുണ്ട് വെള്ളായണി കായലിനോട് ചേർന്നു കിടക്കുന്ന

നല്ല നീരുറവ പ്രദേശങ്ങളും നീകത്തലിന്റെ ഭാഗമായി തന്നെ ജല ദൗർലഭ്യം അനുഭവപ്പെടാൻ ഇടയാകുന്നു. നീർച്ചാലുകളും തോടിന്റെ കരകളും എല്ലാം തന്നെ അന്യാധീനപ്പെട്ടുപോകുന്നു. മുട്ടയ്ക്കാട്, കോളിയൂർ, പനങ്ങോട് പ്രദേശങ്ങളാകെ ഈ രീതിയിൽ ദുരുപയോഗപ്പെടുത്തുന്ന പ്രവണതയുണ്ട്. നല്ലൊരുനീർമറി (Water Shed) പ്രദേശമാണ് പഞ്ചായത്തിലെ മിക്കവാറും പ്രദേശങ്ങളും, അതിനെ വേണ്ടപോലെ പ്രയോജനപ്പെടുത്തുന്നില്ലെന്നു മാത്രമല്ല അനാവശ്യമായി നശിപ്പിക്കുന്ന പ്രവണതയും ഉണ്ട്. ഇതിന്റെ ഫലമായി കൃഷിക്കും, ഗാർഹിക ആവശ്യത്തിനും വരെ ജലദൗർലഭ്യം അനുഭവപ്പെടുന്നു.

കർഷകർക്ക് വിദഗ്ദ്ധഉപദേശം ലഭ്യമല്ലാത്ത അവസ്ഥ കർഷക തൊഴിലാളികളുടെ അഭാവം, യന്ത്രവൽക്കരണമില്ലായ്മ, ജലസേചനസൗകര്യം ഇല്ലായ്മ, ജൈവവളം, രാസവളം, കീടനാശിനി എന്നിവയിലെ വിലവർദ്ധന, ഈ കാരണങ്ങളാൽ കർഷകരെ കൃഷിയിൽ നിന്ന് പിന്തിരിയാൻ പ്രേരിപ്പിക്കുന്നു.

തുണ്ടു ഭൂമികളിൽ ലാഭകരമായി കൃഷിചെയ്യുവാൻ സാധിക്കുന്നില്ല. പ്രധാന കാർഷികോല്പന്നമായ തേങ്ങായ്ക്ക് ന്യായമായവില ലഭിക്കുന്നില്ല.

ഗ്രാമസഭകളിൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ

1. ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.
2. മഴയെമാത്രം ആശ്രയിച്ച് കൃഷി ഫലപ്രദമാക്കാൻ സാധിക്കുന്നില്ല.
3. സാമൂഹ്യ ജനസേചന പദ്ധതി നടപ്പിലാക്കണം.
4. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നടപ്പിലാക്കണം.
5. കാഡാപദ്ധതി ഫലപ്രദമായും പുനർജീവിപ്പിക്കണം.
6. കൊപ്രാ സംഭരണ കേന്ദ്രങ്ങളും സ്ഥാപിക്കുക.
7. തേങ്ങയ്ക്ക്തറവില നിശ്ചയിക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും സർക്കാർ ഭാഗത്തുനിന്നും നടപ്പാക്കുക.
8. കാറ്റുവീഴ്ച, മണ്ടചീയൽ എന്നിവഫലപ്രദമായി തടയുന്നതിനും പഞ്ചായത്തും അടിസ്ഥാനത്തിൽ വേണ്ടനടപടിസ്വീകരിക്കുക.
9. വിത്തും, വളവും, കൃഷിയന്ത്രങ്ങളും ട്രാക്ടർ ടില്ലർ തുടങ്ങിയ കാർഷികോപകരണങ്ങളും സൗജന്യനിരക്കിൽ ലഭിക്കുന്നതിനാവശ്യമായ നടപടികളും ആവിഷ്ക്കരിക്കുക.
10. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ശക്തിപ്പെടുത്തുക.
11. കുറഞ്ഞപലിശനിരക്കിൽ കാർഷികവായ്പ ലഭിക്കുന്നതിന് സൗകര്യമുണ്ടാക്കുക.
12. നിലങ്ങളും നെൽകൃഷിക്ക് മാത്രമായി ഉപയോഗിക്കുവാൻ വേണ്ടനടപടി ആവിഷ്ക്കരിക്കുക.
13. നിലം നികത്തി തെങ്ങുകൃഷി ചെയ്യുന്നതും വീട് വയ്ക്കുന്നതും കർശനമായിനിയന്ത്രിക്കേണ്ടതാണ്.
14. കാർഷികോപകരണങ്ങളും, യന്ത്രങ്ങളും കൊണ്ടുപോകുന്നതിനായി തോടിന്റെ ബണ്ട് വീതി കൂട്ടുക.
15. മണ്ണ് പരിശോധനയ്ക്ക് കൃഷിഭവന്റെ കീഴിൽ ലബോറട്ടറി സ്ഥാപിക്കുക.
16. വെള്ളായണികായലുംപ്പെടുന്ന വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ കൃഷിയിടങ്ങളും കായലുമായി വേർതിരിക്കുന്ന ഭാഗത്ത് ബണ്ട് സ്ഥാപിച്ചാൽ മുരടിച്ചുകിടക്കുന്ന നെൽകൃഷി വൻതോതിൽ ആദായകരമായി കൃഷി ചെയ്യാൻ സാദ്ധ്യതകളേറെയുണ്ട്.
17. നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ വെങ്ങാനൂർ പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഭാഗത്ത് ജലത്തിന്റെ ലഭ്യത വളരെ കുറവാണ്, കനാലിന്റെ അറ്റകുറ്റപണികളും തീർത്ത് കൃഷ്യാവശ്യമായ ജലവിതരണം കാര്യക്ഷമമാക്കണം.

മൃഗസംരക്ഷണം.

കാർഷിക പഞ്ചായത്തായ വെങ്ങാനൂരിൽ കന്നുകാലി വളർത്തൽ കൃഷിയുടെ ഒരു അവിഭാജ്യ ഘടകമാണ്. പാലുല്പാദനത്തിനുമാത്രമല്ല ജൈവവള സ്രോതസ്സുകളുടെ മുഖ്യാധാരവും കൂടിയാണ് കന്നുകാലി വളർത്തൽ.

ഈ പഞ്ചായത്തിലെ 8% ത്തോളം വരുന്നജനസംഖ്യ കന്നുകാലി വളർത്തൽകൊണ്ട് ഉപജീവനം നടത്തുന്നു.

കന്നുകാലികളെ കൂട്ടത്തോടെ മേയ്ക്കുന്ന സമ്പ്രദായം മുൻപും ഇപ്പോഴുമില്ല. ഈ പഞ്ചാ

യത്തിന്റെ ഭൂപ്രകൃതിയും മറ്റ് സാഹചര്യങ്ങളും അനുസരിച്ച് അവരവരുടെ വീട്ടുവളപ്പിൽ എരിത്തിൽ (തൊഴുത്ത്) കെട്ടിവളർത്തുന്നു.

ഈ പഞ്ചായത്തിൽ പശു, എരുമ, കാള, ആട് എന്നിവപ്രധാനമായും വളർത്തുന്നു. വളർത്തു പക്ഷികളിൽ പ്രധാനമായും കോഴിവളർത്തലാണ്. പഞ്ചായത്തിൽ അപൂർവ്വം ചില സ്ഥലങ്ങളിൽ താറാവ് വളർത്തുന്നു.

അപൂർവ്വമായിട്ടാണെങ്കിലും പാടങ്ങളിൽ ഉഴുവ് നടത്തുന്നതിന് കന്നുകാലികളെ ഉപയോഗിക്കുന്നു.

വെങ്ങാനൂർ പഞ്ചായത്തിലെ മൃഗപരിപാലനത്തിന് ഗവൺമെന്റ് മൃഗാശുപത്രി സ്ഥാപിച്ചിട്ടുണ്ട്. ഈ ആശുപത്രി വന്നതിനുശേഷമാണ് ഈ പ്രദേശത്ത് കന്നുകാലികൃഷി ഇന്നത്തെനിലയിലേയ്ക്ക് പുരോഗതി പ്രാപിച്ചത്. എങ്കിലും പഞ്ചായത്തിന്റെ മൊത്തം ഭാഗത്തും സേവനം ലഭിക്കാത്തതിനാൽ വാർഡുതലത്തിൽ മൃഗാശുപത്രിയുടെ I C D P സബ് സെന്ററുകളും സ്ഥാപിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ സെന്ററുകളിൽ അധുനികസംവിധാനത്തിലുള്ള പ്രജനന കേന്ദ്രങ്ങളും സ്ഥാപിക്കേണ്ടതാണ്.

കന്നുകാലി വളർത്തലിനെപ്രതികൂലമായി ബാധിക്കുന്നത് കാലിത്തീറ്റകൾക്കുള്ള അമിതമായ വില വർദ്ധനവും പച്ചപുല്ല്, വയ്ക്കോൽ എന്നിവയുടെ ദൗർലഭ്യവുമാണ്.

ക്ഷീരവിപണനരംഗത്ത് സംഘടിതമായ ശ്രമങ്ങളും ഈ പഞ്ചായത്തിൽ ആവശ്യാനുസരണം നടന്നിട്ടില്ല. വാർഡ് തലത്തിൽ പാൽ ശേഖരണ വിതരണത്തിനായി ആനന്ദമാതൃകയിൽ സഹകരണസംഘങ്ങളും സ്ഥാപിക്കുന്നത് കർഷകരെസംബന്ധിച്ച് വളരെ പ്രയോജനകരമായിരിക്കും.

മൃഗരോഗം വീടുകളിലും കോഴിവളർത്തൽ ഉണ്ടെങ്കിലും കോഴികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിരോധ നടപടികളുടെ അഭാവവും, കോഴിത്തീറ്റയുടെ വിലവർദ്ധനവും, ദൗർലഭ്യവും ഈ തൊഴിൽ ആദായകരമായി കാണുന്നില്ല. മുട്ടകോഴിക്കും, ഇറച്ചികോഴിക്കും വാർഡ് തലത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങളും സ്ഥാപിക്കേണ്ടതാണ്.

അലഞ്ഞു തിരിയുന്ന പട്ടികളെ നിയന്ത്രിക്കുന്നതിന് വേണ്ട സംവിധാനങ്ങളും ഇല്ലാത്തതിനാൽ പേപ്പട്ടിശല്യം വർദ്ധിച്ചുവരുന്നു.

പ്രധാന പ്രശ്നങ്ങൾ

1) കാലിത്തീറ്റ, കോഴിത്തീറ്റ കുറഞ്ഞവിലയ്ക്ക് ലഭ്യമല്ല.
2) പാൽശേഖരണ വിതരണ രംഗത്തുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.
3) മൃഗ പരിപാലനത്തിന് ഡിപ്പാർട്ടുമെന്റ് സംവിധാനങ്ങളുടെ അപാകത.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള അഭിപ്രായങ്ങൾ

1) വാർഡ്തലത്തിൽ പാൽ സഹകരണസംഘങ്ങളും സ്ഥാപിക്കുക.
2) വാർഡ് തലത്തിൽ I C D P സബ് സെന്ററുകളും സ്ഥാപിക്കുക.
3) കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ സഹകരണസംഘങ്ങളും മുഖേന സൗജന്യനിരക്കിൽ ലഭ്യമാക്കുക.
4) പഞ്ചായത്ത് തലത്തിൽ 2 ഡയറി ഫോമുകളും അതിനോടനുബന്ധിച്ച് ക്ഷീരസംഭരണ സംസ്ക്കരണ കേന്ദ്രങ്ങളും സ്ഥാപിക്കുക. (മിൽമാ പ്ലാന്റ്)
5) നിലവിലുള്ള മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി മുഴുവൻ സമയസേവനം ലഭ്യമാക്കുക.
6) തീറ്റ പുൽകൃഷി വ്യാപകമാക്കുക.
7) പഞ്ചായത്ത് തലത്തിൽ ക്ഷീര വിപണന ബോർഡ് സ്ഥാപിക്കുക.

മത്സ്യബന്ധനം

ശുദ്ധജലതടാകമായ വെള്ളായണി കായലിന്റെ വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിലുൾപ്പെടുന്ന ഭാഗങ്ങളിൽ ചെമ്മീൻ കൃഷിക്കും, ശുദ്ധജലമത്സ്യ കൃഷിക്കും വേണ്ടുന്ന സഹായങ്ങളും ഗ്രൂപ്പ്കൃഷി നടത്താനുദ്ദേശിക്കുന്ന കർഷകർക്ക് നൽകണം. ഗ്രാമ പഞ്ചായത്തിലുള്ള കുളങ്ങളും മത്സ്യകൃഷിയ്ക്കായ് വ്യക്തികൾക്ക് കരാർ വ്യവസ്ഥയിൽ നൽകണം. പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന മത്സ്യങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തണം. മത്സ്യപ്പാടങ്ങളും നിർമ്മിക്കാൻ വേണ്ടുന്ന സഹായങ്ങളും കൃഷി ഫിഷറീസിന്റെ സഹായത്തോടെ ആവശ്യക്കാർക്ക് അനുവദിച്ചു നൽകണം.

വ്യവസായം

മൊത്തം പൊതുമേഖല പൊതുവെപരിശോധിച്ചാൽ വ്യാവസായികമായി വളരെമോശമെന്നു മാത്രമല്ല ഒട്ടുമില്ലാത്ത ഒരവസ്ഥയാണെന്നും കാണാം. കയർ കൈത്തറി പാറപൊട്ടിക്കൽ, തുടങ്ങിയ പരമ്പരാഗത കുടിൽ വ്യവസായങ്ങളും നാമമാത്രമായി ഉണ്ടെങ്കിലും 800-ഓളം ആളുക്കാർ മാത്രമാണ് ഈ മേഖലയിൽഉള്ളത്. വ്യവാസായ യൂണിറ്റുകളും ഒന്നും തന്നെ ഇല്ല. കൈത്തറി മേഖലയിൽ 200-ഓളം പേർ ഓഗികമായി തൊഴിൽ എടുക്കുന്നു, ഇതിൽ തന്നെ പലതിന്റെയും നിയന്ത്രണം ചില കൈത്തറി സഹകരണസംഘങ്ങൾക്കാണ്. പുത്തൻ പ്രവണതയ്ക്ക് അനുരിച്ചുള്ള ഉല്പാദനം ഇല്ല, നൂലിന്റെ വിലക്കയറ്റവും, കൂലികുറവും. ഇവയൊക്കെ ഈ മേഖലയിൽ കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് പര്യാപ്തമല്ല. വെങ്ങാനൂർ പഞ്ചായത്തിൽ ഒരു ഹരിജൻ വീവിംഗ് സൊസൈറ്റി പ്രവർത്തിക്കുന്നു. 10 പേർ അതിൽ പരിശീലനം നേടുന്നുണ്ട്. കൂടുതൽ തറികൾ സ്ഥാപിച്ച് നല്ലൊരു പരിശീലന കേന്ദ്രവും, ഉല്പാദന കേന്ദ്രവുമായി മാറ്റാൻ സാദ്ധ്യത ഉള്ളതാണ്, കയർ മേഖലയിൽ നാമമാത്രമായി തൊഴിൽഎടുക്കുന്നവരുണ്ട് 50 പേർ, സമീപപഞ്ചായത്തിലെ സൊസൈറ്റിയെ ആശ്രയിച്ചാണ്.

കേരള ഗാന്ധിസ്മാരക നിധിയുടെ ആഭി മുഖ്യത്തിൽ ഒരു വ്യവസായ യൂണിറ്റ് ഉണ്ടായിരുന്നെങ്കിലും ഇന്ന് പ്രവർത്തിക്കുന്നില്ല. അനേകം സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുവാൻ സാദ്ധ്യതയുള്ള ഈ യൂണിറ്റ് കാര്യക്ഷമമാക്കണം.

തടി അറുപ്പ് മില്ലുകളും നാലെണ്ണം പ്രവർത്തിക്കുന്നു. SSI സ്ഥാപനങ്ങളും നാമ മാത്രമായി പ്രവർത്തിക്കുന്നു. ഫർണിച്ചർ, പ്രിന്റിംഗ്, മാർബിളം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന അഞ്ച് കുടുംബങ്ങളും ഉണ്ട്. യോഗ്യരും സന്നദ്ധരുമായ തൊഴിൽ അന്വേഷകർ നിരനിരവധി ഉണ്ടെങ്കിലും തൊഴിലവസരം ലഭിക്കാതെ വിഷമിക്കുന്നു. കാർഷികോല്പന്നങ്ങളും നാളികേര ഉപ ഉല്പന്നങ്ങളും ഉപയോഗിച്ച് വ്യവസായരംഗത്ത് കാര്യമായ ഒരു കാൽവയ്പ്പ് നടത്താൻ സാധിച്ചിട്ടില്ല.

നിർദ്ദേശങ്ങൾ:-

1) കൈകൗശല ഉല്പാദന-പരിശീലന വിതരണകേന്ദ്രങ്ങളും സ്ഥാപിക്കണം.

2) റെഡിമെഡ് ഗാർമെൻസ് ഉല്പാദന പരിശീലനവിതരണന കേന്ദ്രങ്ങളും സ്ഥാപിക്കണം.

3) ഗൃഹോപകരണങ്ങളും നിർമ്മിക്കുന്ന ഇലക്ട്രോണിക് യൂണിറ്റുകളും സ്ഥാപിക്കണം. വിപണിയിൽ വിൽക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

4) കാർഷികഉല്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി വ്യവസായ യൂണിറ്റുകളും— (നാളികേരം, ചിരട്ട,തൊണ്ട്, ഏത്തക്കായ്, കൈതച്ചക്ക) സ്ഥാപിക്കണം.

5) വനിതകൾക്ക് മാത്രമായുള്ള വ്യവസായ സ്ഥാപനങ്ങളും സ്ഥാപിക്കണം

6) പവർലൂം യൂണിറ്റ് സ്ഥാപിക്കണം.

7) മെഴുകുതിരി, ചന്ദനത്തിരി നിർമ്മാണം.

8) ക്ഷീരോല്പന്ന യൂണിറ്റ് സ്ഥാപിക്കണം

9) ടൂറിസംമേഖല വളർന്നുകൊണ്ടിരിക്കുന്ന കേരളത്തിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട വെള്ളായണി കായലിന്റെഭാഗം (മുട്ടയ്ക്കാട് കടവിൻമൂല കേന്ദ്രീകരിച്ച്) അത്യാകർഷകമായ വിനോദ സഞ്ചാരകേന്ദ്രമായി മാറ്റിയെടുത്താൽ നിരവധിപേർക്ക് തൊഴിൽ ലഭ്യമാക്കാവുന്നതാണ്.

10. അന്താരാഷ്ട്ര തലത്തിൽ കയറ്റുമതി സാദ്ധ്യതയുള്ളസ്റ്റോൺ ക്രഷിംഗ്യൂണിറ്റ്സ്ഥാപിക്കാൻ ഏറ്റവുംഅനുയോജ്യമായ പാറശേഖരം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലുണ്ട്. അനേകം പേർക്ക് തൊഴിൽ സാദ്ധ്യതയും വരുമാനവും കണ്ടെത്താനുള്ള പ്രസ്തുത സ്റ്റോൺ ക്രഷിംഗ് യൂണിറ്റ് സ്ഥാപിക്കണം.

ഊർജ്ജവും, ഗതാഗതവും

തിരുവനന്തപുരത്തിന്റെ പ്രാന്ത പ്രദേശമായ പരുത്തിപ്പാറ സബ്സ്റ്റേഷനിൽ നിന്നാണ് (110 K.V.) വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിന് വൈദ്യുതി ലഭിക്കുന്നത്. ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 14 ട്രാൻസ്ഫോമറുകളും സ്ഥാപിച്ചിട്ടുണ്ട്. ആകെ വൈദ്യുതിയുടെ 55% ത്തോളം ഗാർഹിക ആവശ്യത്തിനും 7%ത്തോളം കാർഷിക മേഖലയ്ക്കും 4% വ്യാവസായിക ആവശ്യങ്ങൾക്കും. വ്യാപാര സ്ഥാപനങ്ങൾക്ക് 20% വും. തെരുവു വിളക്കുകൾക്കായി 14% വും ഉപയോഗിക്കുന്നു. 50% ത്തോളം വീടുകളിൽ വൈദ്യുതീകരിച്ചിട്ടില്ല. ഉപഭോക്താക്കളുടെ പ്രധാന പ്രശ്നം വോൾട്ടേജ് ക്ഷാമമാണ്. 80% ഗുണഭോക്താക്കളും 25, 40, 60 വോൾട്ടുകളുള്ള

ബംബുകളാണ് ഉപയോഗിക്കുന്നത്. റബ്ബർ ലൈനറുകളും ചുരുക്കം ചില വേനങ്ങളിലും വ്യാപാര കേന്ദ്രങ്ങളിലും മാത്രമേ ഉപയോഗിക്കുന്നുള്ളു. മീറ്ററുകളുടെ തകരാറു കാരണം ഗുണഭോക്താക്കൾ കൂടുതൽ പണം നൽകേണ്ടി വരുന്നു. 60% റോഡുകളിലും തെരുവുവിളക്കുകൾ എത്തിയിട്ടില്ല. പ്രേക്ഷണവിതരണ സമ്പ്രദായങ്ങളുടെ അപാകത കാരണം വൈദ്യുതി നഷ്ടപ്പെടുന്നു. ഇത് പരിഹരിക്കുന്നതിന് ലൈനുകളിൽ തട്ടുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുക, ട്രാൻസ്ഫോമറുകളുടെ സ്ഥാനം പുനർക്രമീകരിക്കുക, ഈ പഞ്ചായത്തിലെ കൈലിപ്പാറ, ചിറത്തലവിളാകം പ്രദേശങ്ങളിൽ ഇന്നും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല.

റോഡ്

താരതമ്യേന മെച്ചപ്പെട്ട റോഡ് ശൃംഗല വെങ്ങാനൂർ ഗ്രാമപഞ്ചായത്തിനാണ്. പഞ്ചായത്തിലെ ആകെ റോഡുകളുടെ നീളം 130 കിലോമീറ്ററാണ്. ഇതിൽ 30 കിലോമീറ്റർ ടാറിട്ടറോഡും, 15 കിലോമീറ്റർ P W D റോഡുമാണ്. ബാക്കി വരുന്ന 85 കിലോമീറ്റർ ദൂരം മെറ്റലിംഗ് ചെമ്മണ്ണ് റോഡുകളാണ്. സംസ്ഥാന ശരാശരിയെക്കാൾ അല്പം കൂടുതലാണ്.

നടപ്പാതകളും, ഓവുചാലുകളും, കലിങ്കുകളും എന്നിവഈ പഞ്ചായത്തിലില്ല. റോഡിന്റെ അറ്റകുറ്റപണികൾ നടത്താൻ സാമ്പത്തിക സ്ഥിതി ഈ പഞ്ചായത്തിനില്ല.

ഓവുചാലുകൾ നിർമ്മിച്ചും, കലിങ്കുകൾ നിർമ്മിച്ചും മെറ്റലിംഗ് ടാറിംഗ് ചെയ്യേണ്ട റോഡുകൾ പണിപൂർത്തിയാക്കേണ്ടതാണ്. ഈ റോഡുകളിൽ വഴിവിളക്ക് സ്ഥാപിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഏറ്റവും അത്യാവശ്യമായി ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ

മുട്ടയ്ക്കാട് — ചുനക്കരിറോഡ്
മുട്ടയ്ക്കാട് — അരിവാരം
ആഴാകുളം — തൊഴിച്ചൽ
താന്നിക്കുളംറോഡ്
കട്ടച്ചൽക്കുഴി — സിസിലിപുരം
സിസിലിപുരം — കാവടിവിളാകം
പുല്ലാന്നിമുക്ക്— പുതുക്കുളം
ചാവടിനട — പുതുക്കുളം ചാനൽക്കരബണ്ട് റോഡ്
കാമരാജ് റോഡ്
തുടലുവിള ഹരിജൻ റോഡ്
നാഗരമ്പലം റോഡ്
നേതാജി റോഡ്
പെരിങ്ങമ്മല — ഇടുവ പനയറക്കുന്ന്
ആത്മബോധിനി — മിഡ്വൈഫറി റോഡ്
വെണ്ണിയൂർ കോൺവെന്റ്, വെണ്ണിയൂർ കരിക്കാട്ട് കായൽ റോഡ്
ഇന്ദിരാഗാന്ധി റോഡ്
R. K, N, റോഡ്
പനങ്ങോട് തുലവിള, R. K. N റോഡ്
മുട്ടയ്ക്കാട് L P S സ്കൂൾ റോഡ്
ആഴാകുളം — ചിറയിൽ റോഡ്
ചിറയിൽ പെരുമരം റോഡ്
ചെറുകോണം — ശാന്തിനഗർ റോഡ്

കുടിവെള്ളവും, പൊതുജന ആരോഗ്യവും

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന കുടിവെള്ളസ്രോതസ്സ് കിണറുകളാണ്. 80% കുടുംബങ്ങളും സ്വന്തം കിണറിനെയാണ് ആശ്രയിക്കുന്നത്. 14% പൊതുടാപ്പുകളിൽനിന്നും 4% സ്വന്തം ടാപ്പുകളിൽനിന്നും, 2% പൊതു കിണറുകളിൽ നിന്നും ജലം ഉപയോഗിക്കുന്നു. വേനൽക്കാലത്ത് ഈ പഞ്ചായത്തിലെ മിക്കവാറും എല്ലാപ്രദേശത്തും വമ്പിച്ച ജലദൗർലഭ്യം അനുവേപ്പെടുന്നു.

പാറക്കെട്ടുകൾ നിറഞ്ഞ 12-ാം വാർഡിൽ കിണർ കുഴിക്കുവാൻ വളരെ അസൗകര്യമാണ്, ശുദ്ധജല വിതരണ സംവിധാനം ഈ പഞ്ചായത്തിൽ വളരെ കുറവാണ്. 1972-ൽ വെണ്ണിയൂർ പമ്പ് ഹൗസ് സ്ഥാപിച്ചു. ഈ പഞ്ചായത്തിലെ ഏക ശുദ്ധജല വിതരണ സംവിധാനം ഇതുതന്നെയാണ് ഇവിടത്തെ പംബിംഗ് സംവിധാനവും വാട്ടർ ടാങ്കും വളരെ പഴകിയതാണ് കാലപഴക്കംകൊണ്ട് മോട്ടോറിന്റെ പ്രവർത്തനവും മന്ദീഭവിച്ചിരിക്കുന്നു. ഈ വക കാരണങ്ങളാൽ പഞ്ചായത്തിനാവശ്യമായ ശുദ്ധജലം വിതരണം ചെയ്യുന്നതിന് കഴിയാതെവരുന്നു.

പ്രവർത്തനക്ഷമമല്ലാത്ത മോട്ടോറും പമ്പിംഗ് സംവിധാനവും മാറ്റേണ്ടതാണ്. പെരുത്തലവിളാകം ഊറ്റുസംരക്ഷണപദ്ധതി പുനരുദ്ധരിച്ച് പംബിംഗ് സംവിധാനത്തിലൂടെ ജലവിതരണം നടപ്പിലാക്കുക. ഈ പഞ്ചായത്തിലെ 60% വേനങ്ങൾക്ക് കക്കൂസ് ഉണ്ട്. എന്നാൽ അവയിൽ

ടൂരിരോഗവും പഴകിയതും പ്രവർത്തനക്ഷമമല്ലാത്തതുമാണ്. ഇരട്ടക്കുഴി കക്കൂസുകളും അപൂർവ്വമായിട്ടേ ഈ പഞ്ചായത്തിലുള്ളൂ. ട്രെയിനേജ് സംബ്രദായം ഈ പഞ്ചായത്തിലില്ല, കക്കൂസുകളും ഇല്ലാത്ത വേനങ്ങൾക്ക് സൗജന്യ നിരക്കിൽ നിർമ്മിച്ചുകൊടുക്കുവാനുള്ള പദ്ധതികളും ആവിഷ്കരിക്കേണ്ടതാണ്.

ചപ്പു ചവറുകളും ചീഞ്ഞ് ഉണ്ടാകുന്ന മാലിന്യങ്ങളും നശിപ്പിച്ചു കളയുവാനുള്ള സംവിധാനം ഈ പഞ്ചായത്തിലില്ല.

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ ആരോഗ്യ പരിപാലനത്തിനായി ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻറും, ഒരു ഗവൺമെൻറ് ആയുർവേദ ആശുപത്രിയും നിലവിലുണ്ട്. മൂന്ന് മിഡ് വൈഫറി സെൻറുകളും എഴ് സബ് സെൻറുകളും പ്രവർത്തിക്കുന്നുണ്ട്. സബ്സെൻറുകൾക്ക് സ്വന്തമായി കെട്ടിട സൗകര്യമില്ല.

ആശുപത്രികളുടേയും, മിഡ്വൈഫറി സെൻറുകളുടേയും കെട്ടിടങ്ങൾ അത്യന്തം ശോചനീയാവസ്ഥയാണ്,

കുടുംബക്ഷേമ പ്രവർത്തനങ്ങൾ തൃപ്തികരമായും നടക്കുന്നുണ്ട്. ശരാശരിയെക്കാൾ കുറഞ്ഞ ജനന നിരക്കാണ് ഈ പഞ്ചായത്ത്. ശിശുമരണ നിരക്ക് തുലോം കുറവാണ്. ഗർഭിണികളുടെ മരണവും, ചാപിള്ള ജനനവും ഈ പഞ്ചായത്തിൽ വളരെ അപൂർവ്വമാണ്. തീര പ്രദേശങ്ങളിൽ ഉണ്ടാകാറുള്ള പകർച്ചവ്യാധികളും ഈ പ്രദേശത്ത് വരാറുണ്ടെങ്കിലും അതിനെ നിയന്ത്രിക്കുന്നതിന് ആരോഗ്യ പ്രവർത്തകരോടൊപ്പം സന്നദ്ധ പ്രവർത്തകരും പങ്കെടുക്കാറുണ്ട്.

ആരോഗ്യ രംഗത്തെ ഉദ്യോഗസ്ഥരുടെ പ്രവർത്തന ശൈലയിലെ പോരായ്മകളും പരിഹരിച്ച് അവരുടെ സേവനം ഈ പഞ്ചായത്തിൻറെ ആരോഗ്യ പ്രവർത്തനങ്ങൾക്ക് വളരെ കാര്യക്ഷമമാക്കേണ്ടതാണ്,

മിഡ് വൈഫറി സെൻറുകളും എല്ലാ വാർഡുകളിലും ആരംഭിക്കേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ ആരംഭിക്കേണ്ടതാണ്, കൊതുകു നിർമ്മാർജ്ജന പരിപാടി ആവഷ്കരിച്ച് നടപ്പിലാക്കണം,

സ്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമമാക്കേണ്ടതാണ്.

ഹോട്ടലുകളും, റെസ്റ്റാറൻറുകളും എന്നിവകളുടെ പരിസരവും പാചകപ്പുരകളും രോഗാണുക്കളും മാലിന്യങ്ങളും നിറഞ്ഞതാണ്. ഇത് പരിഹരിക്കുന്നതിന് ഹെൽത്ത് ഡിപ്പാർട്ടുമെൻറിൻറെ പ്രവർത്തനം അത്യാവശ്യമാണ്. ഹോട്ടൽ തൊഴിലാളികളെ മെഡിക്കൽ ചെക്കപ്പിന് വിധേയമാക്കേണ്ടതാണ്.

ക്ഷേണപദാർത്ഥങ്ങളിലെ മായം ചേർക്കലിനെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

യുവതലമുറയുടെ ആരോഗ്യത്തേയും, മസ്തിഷ്ക്കത്തേയും ഹനിക്കുന്ന ലഹരിപദാർത്ഥങ്ങളുടെ വില്പന കർശനമായി നിരോധിക്കുവാൻ നടപടി ഉണ്ടാകണം.

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് വളരെ മുന്നിലാണ്. കേരളത്തിൻറെ വിദ്യാഭ്യാസവും സാംസ്ക്കാരികവുമായ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിന് വെങ്ങാനൂർ പഞ്ചായത്തിലെ നിവാസികളും എക്കാലത്തും പരിശ്രമിച്ചിട്ടുണ്ട്.

കോളേജുകളും അധികവും തലസ്ഥാനനഗരിയിലാണ് സ്ഥിതി ചെയ്യുന്നത്. സാക്ഷരതാപ്രവർത്തനങ്ങളുടെ കാര്യത്തിൽ വെങ്ങാനൂർ പഞ്ചായത്ത് വളരെ പ്രാധാന്യം നൽകിയിട്ടുണ്ട്. ഈ രംഗത്ത് മാതൃകാപരമായ പ്രവർത്തനം ഉയർന്ന സാക്ഷരത കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

വെങ്ങാനൂർ പഞ്ചായത്തിൻറെ സാംസ്ക്കാരികവും വിദ്യാഭ്യാസ പരവുമായ ഇന്നത്തെ പുരോഗതിക്ക് നിർണ്ണായകപങ്ക് വഹിച്ചിട്ടുള്ളത് 1920ൽ വെങ്ങാനൂരിൽ സ്ഥാപിച്ച വെങ്ങാനൂർ ഹൈസ്ക്കൂളാണ്. എന്നാൽ റവന്യൂ വിഭജനത്തിൻറെ ഫലമായി ഈ സ്ക്കൂൾ വിഴിഞ്ഞം പഞ്ചായത്തിലാണ്.

നിലവിലുള്ള വിദ്യാലയ സൗകര്യങ്ങൾതാഴെ പറയുന്ന തരത്തിലാണ്.

വെങ്ങാനൂർ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ സ്ഥാപനമായ മോഡൽ ഹൈസ്ക്കൂളിലെ കഴിഞ്ഞ അഞ്ച് അദ്ധ്യായന വർഷകാലത്തെ വിജയശതമാനം ചുവടെ ചേർക്കുന്നു.

1991–'92	–	83.4%
'92–'93	–	85%
'93–'94	–	83.4%
'94–'95	–	82.5%
'95–'96	–	80%

നെയ്യാറിൻകര വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും മെച്ചപ്പെട്ട വിജയശതമാനം കരസ്ഥമാക്കുന്നതും ഈ വിദ്യാലയം തന്നെയാണ്.

പട്ടിക 4
വിദ്യാലയ വിവരങ്ങൾ

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	മാനേജ് മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം
			ആൺ	പെൺ	ആകെ	
1	ഗവ: L.P.S. നെല്ലിവിള	ഗവ:	106	103	209	5
2	L.M.S., L.P.S. മുട്ടയ്ക്കാട്	എയിഡഡ്	97	129	226	6
3	ഗവ: L.P.S. മുട്ടയ്ക്കാട്	ഗവ:	227	218	445	13
4	L.M.S., L.P.S. വെങ്ങാനൂർ	AIDED	98	124	222	7
5	സെൻറ്അലോഷ്യസ് LPS വെങ്ങാനൂർ	,,	146	119	265	8
6	L.M S., L.P.S. മംഗലത്തുകോണം	,,	123	127	250	5
7	S.N.U.P.S. കട്ടച്ചൽക്കുഴി	,,	249	215	464	18
8	സെൻറ്ജോസഫ് UPS വെണ്ണിയൂർ	,,	169	155	324	13
9	ഗവ: മോഡൽ HS. വെങ്ങാനൂർ	ഗവ:	894	703	1597	49
	ആകെ		2109	1893	4002	124

12ാളം പാരലൽ കോളേജുകളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഗ്രന്ഥശാലകളും. വായനശാലകളും മുഖ്യപങ്ക് വഹിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള പ്രതിപത്തി കുട്ടികളെ ആ തരം സ്ക്കൂളുകളിലേക്ക് അയക്കുന്നതിന് രക്ഷകർത്താക്കൾക്ക് അമിത താല്പര്യം കാണിക്കുന്നു. അതുകൊണ്ട് ഗവൺമെൻറ് സ്ക്കൂളുകളായാലും എയിഡഡ് സ്ക്കൂളുകളായാലും ശരി അതിന്റെ പ്രവർത്തനത്തിൽ കാര്യമായ കുഴപ്പങ്ങൾ പ്രകടമാകുന്നു.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1) അദ്ധ്യാപക രക്ഷാകർതൃ ബന്ധം ശക്തിപ്പെടുത്തുക.
2) നിലവിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
3) ഉന്നതവിദ്യാഭ്യാസത്തിന് സൗകര്യമുള്ള കോളേജുകൾ സ്ഥാപിക്കുക.
4) സാങ്കേതിക വിദ്യാലയങ്ങൾ ആരംഭിക്കുക.
5) മാറിവരുന്ന സിലബസിന് ആസ്പദമാക്കി ഇൻ സർവീസ് കോഴ്സ് അദ്ധ്യാപകർക്ക് നൽകുക.
6) ഗവ; മോഡൽ H.S. ലെ L.P. വിഭാഗം വേർതിരിക്കുക.
7) പ്രീ-പ്രൈമറി വിദ്യാലയം നിലവിലുള്ള എല്ലാ സ്ക്കൂളുകളിലും നടപ്പാക്കുക.
8) തൊഴിലധിഷ്ഠിത വിദ്യാലയങ്ങൾ സ്ഥാപിക്കുക.
9) ഹൈസ്ക്കൂളിനോട് ചേർന്നു തന്നെ പ്രീ-ഡിഗ്രിയ്ക്ക് തത്തുല്യമായ ഹയർസ്റ്റഡി നടപ്പാക്കുക.
10) കലാകായിക പോഷണത്തിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുക.
11) സ്ക്കൂൾ തുറക്കുന്നതിന് മുൻപായി തന്നെ പാഠം പുസ്തകങ്ങൾ സ്ക്കൂളുകളിൽ എത്തിക്കുവാനുള്ള ഏർപ്പാട് ഉണ്ടാക്കുക.
12) സൗജന്യ നിരക്കിൽ പാഠ്യോപകരണങ്ങൾ സ്ക്കൂൾ സൊസൈറ്റി മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.
13) മെച്ചപ്പെട്ട ലബോറട്ടറി-ലൈബ്രറി സൗകര്യങ്ങൾ ഏർപ്പെടുത്തണം.
14) പുതിയ അൺ എയിഡഡ് സ്ക്കൂളുകൾ ആരംഭിക്കാതിരിക്കുക — നിലവിലുള്ളവയുടെ നിയന്ത്രണം സർക്കാർ ഏറ്റെടുക്കുക.
15) അദ്ധ്യാപകനിയമനം യഥാ സമയങ്ങളിൽ നടത്തുവാനുള്ള നടപടി സ്വീകരിക്കുക.

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ അംഗീകൃത പട്ടികജാതി–പട്ടികവർഗ്ഗ കോളനികളുടെ പട്ടിക

ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര്	വീടുകളുടെ എണ്ണം		വൈദ്യുതീകരിച്ചതാണോ	കുടിവെള്ളം ലഭ്യമാണോ	ഗതാഗത സൗകര്യം
			പട്ടിക ജാതി	പട്ടിക വർഗ്ഗം			
1	II	കട്ടച്ചൽകുഴി	20		ഇല്ല	ഇല്ല	മോശം
2	XII	അരിവാഹം മൈതാനം	18		,,	,,	,,
3	VIII	പനങ്ങോട്	58		,,	,,	,,
4	VIII	കാട്ടുകുളം	55		,,	,,	,,
5	XII	മുട്ടയ്ക്കാട് വേടർവിള		20	,,	,,	,,
6	XI	പെരുമ്പള്ളിക്കോണം വലിയകുളത്തിൻകര	52		,,	,,	,,
7	XII	ചുനക്കര കൈലിപാറ	85		ഉണ്ട്	,,	,,
8	VIII	വെടുവിള പാലറവിള	145		,,	ഉണ്ട്	,,
9	IV	മാവുവിള പണ്ടാരവിളാകം	10		,,	ഇല്ല	,,
10	I	പൊക്കാളിത്തോട്ടം	30		ഇല്ല	,,	,,
11	I	ഞാറാടിത്തല പുത്തൻകാനം	20		ഉണ്ട്	,,	,,
12	V	തുടലിവിള	27		ഇല്ല	,,	,,
13	VII	ചിറത്തലവിള	40		,,	,,	,,
14	V	കാവുമ്പുറം പ്ലാവിള	10		,,	,,	,,
15	XII	മുട്ടയ്ക്കാട് കുഴിവിള പാറയൊരു കോളനി	25		,,	,,	,,
16	XI	പുളിശ്ശിലാമുട് വലിയകുളങ്കര	25		,,	,,	,,
17	VII	പൂവരശ്വിള സെറിൽമെൻറ്	11		,,	,,	,,
18	VIII	നെടിയവിള	11		,,	,,	,,
19	VIII	ആഴാകുളം സാംബവകോളനി	30		,,	,,	,,

പാർപ്പിടം–സാമൂഹ്യക്ഷേമം

നമ്മുടെപഞ്ചായത്തിന്റെപാർപ്പിടസ്ഥിതി സാമാന്യം തൃപ്തികരമാണ്. പാർപ്പിട സൗകര്യത്തെ സംബന്ധിച്ചടത്തോളവും തൃപ്തികരമാണ്. എന്നാൽ നൂറ് കണക്കിന് ആളുകൾ പാർപ്പിടസൗകര്യം ഇല്ലാത്തവരായുണ്ട്. ഗവൺമെന്റുകളുടെ സാധീനവും കെട്ടിടനിർമ്മാണ മേഖലയിൽ ചെലുത്തുന്നതായി കണ്ടുവരുന്നു. പ്രാദേശികമായി ലഭിക്കുന്ന നിർമ്മാണസാമഗ്രികൾ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവണത ഉണ്ടാകുന്നതിന് ജനങ്ങളിൽ ബോധവൽക്കരണം ആവശ്യമാണ്.

ഭവനനിർമ്മാണ സംഘങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല പാർപ്പിട പ്രശ്നം രൂക്ഷമല്ലായെങ്കിലും ഈ രംഗത്തെ സ്ഥിതിഗതികൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയും കുറവാണ്, ഇതിനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

IRDP രേഖകൾ അനുസരിച്ച് 2460 പേർ മാത്രമേയുള്ളു എങ്കിലും പഞ്ചായത്തിലെ പകുതിയിലധികംപേരും ദാരിദ്രരേഖയ്ക്ക് താഴെയാണ് എന്നാൽ തുച്ഛമായ 54 കുടുംബങ്ങൾക്ക് മാത്രമേ ഭാരിദ്രനിർമ്മാർജ്ജന പദ്ധതിയുടെ സഹായം ലഭിച്ചിട്ടുള്ളു എന്ന കാര്യം ഊന്നി പറയേണ്ടിയിരിക്കുന്നു. വാർദ്ധക്യകാല പെൻഷൻ. വിധവാ പെൻഷൻ കർഷക തൊഴിലാളി പെൻഷൻ തൊഴിലില്ലായ്മാവേതനം എന്നീ ധനസഹായങ്ങൾ 15% ആളുകൾക്കും ലഭിക്കുന്നു നിലവിലുള്ള എല്ലാ ക്ഷേമ പദ്ധതികളുടെയും വ്യാപ്തി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു,

പ്രശ്നങ്ങൾ.

1) കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യത്തിന് ലഭ്യമല്ല,
2) സ്ഥിര വരുമാനം ഇല്ലാത്തവർക്ക് കെട്ടിട നിർമ്മാണവായ്പ ലഭിക്കുന്നില്ല.
3) കെട്ടിട നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ വളരെ പേർ ഉണ്ട്
4) ഭൂമിയുടെ അമിതമായ വിലകാരണം പഞ്ചായത്തിന് നാമമാത്രമാണെങ്കിലും ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുന്നില്ല.

ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ ലഭിക്കുന്നു എന്നു ഉറപ്പുവരുത്താൻവേണ്ടസംവിധാനമില്ല, പല ക്ഷേമ പദ്ധതികളുടേയും നടത്തിപ്പ് കാര്യക്ഷമമല്ല,

അവശ വിഭാഗങ്ങളിൽ അർഹതയുള്ളവരിൽ 10%പേർക്ക് പോലും ധനസഹായം ലഭിക്കുന്നില്ല

സംസ്ക്കാരം.

ഭരണീയ പ്രസ്ഥാനത്തിലേക്ക് വഴി തെളിക്കാൻ മാതൃകയായിട്ടുള്ള നിരവധി ഗ്രന്ഥശാലകളും വായനശാലകളും വെങ്ങാനൂരിൽ പ്രവർത്തിക്കുന്നുണ്ട്. അവയിൽ പലതും ഇന്ന് പ്രവർത്തനരഹിതമാണ്, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 15 വായനശാലകളും ഗ്രന്ഥശാലകളുമുണ്ട്.

പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി ഒരു സാംസ്ക്കാരിക നിലയവും, ഹരിജൻ ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന രണ്ടു കമ്മ്യൂണിറ്റിഹാളും നിർമ്മിച്ചിട്ടുണ്ട് ഇവിടെ പത്തിലേറെ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്കൾ പ്രവർത്തിക്കുന്നുണ്ട്, അവയിൽ രാജഗോപാൽ മെമ്മോറിയൽ സ്പോർട്ട്സ് & ആർട്ട്സ് ക്ലബും, നവജീവൻ സ്പോർട്ട്സ് & ആർട്ട്സ് ക്ലബും S.S.A.C. കോവളവും, സത്യൻ മെമ്മോറിയൽ സ്പോർട്ട്സ് ക്ലബും അവയിൽ പ്രധാനപെട്ടവയാണ് ഇന്ന് ഈപഞ്ചായത്തിന്റെ സാംസ്ക്കാരിക പുരോഗതിയ്ക്കായി ഗ്രന്ഥർശൻ, മുട്ടയ്ക്കാട് സംസ്കാര, രാജീവ്ഗാന്ധി സെൻറർ വെങ്ങാനൂർ ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. എന്നാൽ സാംസ്ക്കാരികപുരോഗതിയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഈ സംഘടനകൾക്ക് മികതിനും സ്വന്തമായി കെട്ടിടമോ ഉപകരണങ്ങളോ ഇല്ലാ എന്നതാണ് ഒരു ദുഃഖസത്യം.സാക്ഷരതാപ്രവർത്തനങ്ങൾഏകോപിപ്പിക്കുന്നതിലേക്കായി പഞ്ചായത്ത് സാക്ഷരതാ സമിതിയുടെ കീഴിൽ സെൻറ് ജോസഫ് ലൈബ്രറിയിലെ മാർഗ്രിഗോറിയസ് ജനസേവിനി മുട്ടയ്ക്കാട് സംസ്ക്കാര മുട്ടയ്ക്കാട് എന്നിവിടങ്ങൾ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ടി. വി. കിയോസ്കുകളും, റേഡിയോ കിയോസ്കുകളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

കലാമൂല്യം ഇല്ലാത്തതും യുവാക്കളെ അപഥ സഞ്ചാരത്തിലേയ്ക്ക് നയിക്കുന്നതുമായ ടെലിവിഷൻ ശൃംഖലയിലെ പ്രക്ഷേപണങ്ങളും സാംസ്ക്കാരിക പ്രവർത്തനത്തിന്റെ തീവ്രത കുറയ്ക്കുന്നു.

വനിത

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 54% വനിതകളാണ്. വിദ്യാഭ്യാസത്തിന്റെകാര്യത്തിൽ പുരുഷന്മാരെക്കാൾ സ്ത്രീകളാണ്. എങ്കിലും തൊഴിൽ പങ്കാളിത്തത്തിൽ പുരുഷന്മാരെക്കാൾ വളരെ പിന്നിലാണ്. സ്ത്രീ തൊഴിലാളികളിൽ ഭൂരിഭാഗവും ഭഗിക തൊഴിലാളികളാണ്. കാർഷികമേഖല, അദ്ധ്യാപനവൃത്തി, കൈത്തറി നെയ്ത്ത്, പാറപ്പൊട്ടിക്കൽ, കയർനിർമ്മാണം എന്നീ മേഖലകളിൽ മാത്രമേ സ്ത്രീകളുടെസാന്നിദ്ധ്യം ഉള്ളൂ. പൊതുപ്രവർത്തന മേഖലകളിൽ വനിതാപങ്കാളിത്തം വളരെ കുറവാണ്. വനിതാസമാജങ്ങളും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും, അതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ നിന്ന് വളരെ വ്യതിചലിച്ച് കേവലം അതിന്റെ സാരഥ്യം വഹിക്കുന്നവരുടെ ക്ഷേമത്തിൽ ഒതുങ്ങുന്നു.

വനിതാ സമാജങ്ങളുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ ഗുണമേന്മ സമഗ്രമായും വിലയിരുത്തേണ്ടതാണ്.

കേന്ദ്രസംസ്ഥാന ഗവണ്മെന്റുകളും, മറ്റു ഏജൻസികളും വനിതാ ക്ഷേമത്തിനുവേണ്ടി ചെലവഴിക്കുന്നപണവും മറ്റു സംരംഭങ്ങളും അതാതുപ്രദേശത്തെ പഞ്ചായത്ത് മെമ്പർമാരെകൂടി അറിയിക്കേണ്ടതാണ്.

തൊഴിൽ രഹിതരുടെ എണ്ണത്തിൽ കൂടുതലും വനിതകളാണ്. 24 അംഗനവാടികളാണ് ഈ പഞ്ചായത്തിലുള്ളത്. കൂടുതൽ അംഗനവാടികളും രൂപീകരിക്കേണ്ടതാണ്. വനിതാ സഹകരണസംഘങ്ങളും ഒന്നുംതന്നെ വെങ്ങാനൂരിൽ പ്രവർത്തിക്കുന്നില്ല വനിതാസഹകരണ സംഘങ്ങളും, വനിതകൾക്ക് മാത്രമായുള്ള തൊഴിൽ പരിശീലനകേന്ദ്രങ്ങളും, ഉല്പാദന ക്രയ-വിക്രയ സംഘങ്ങളും വാർഡ് തലത്തിൽ സ്ഥാപിക്കണമെന്നആവശ്യം ഗ്രാമസഭകളിൽ അഭിപ്രായപ്പെടുകയുണ്ടായി. ഹരിജൻ വിദ്യാർത്ഥിനികളുടെ ക്ഷേമത്തിനായി ഒരുവനിതാ ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. അവരവർ തെരഞ്ഞെടുക്കുന്നമേഖലകളിൽ പ്രവർത്തനക്ഷമമാക്കാൻ വേണ്ടുന്നപ്രോൽസാഹനം ലഭ്യമാക്കണം. വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ വനിതകളുടെ മേൽനോട്ടത്തിൽ കഴിയുന്ന കുടുംബങ്ങൾ 1% ഉണ്ട്.

അംഗനവാടികളുടെ നിലവിലുള്ള കെട്ടിടങ്ങൾ പുതുക്കി പണിയേണ്ടതും, സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫർപ്പാട് ഉണ്ടാക്കേണ്ടതുമാകുന്നു.

പഞ്ചായത്തിലെ പട്ടികജാതി. പട്ടികവർഗ മേഖലകളിലെ വനിതകളുടെ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കാൻ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം.

സഹകരണമേഖല.

വെങ്ങാനൂർ പഞ്ചായത്തിലെ അംഗങ്ങളുടെ പ്രാതിനിദ്ധ്യത്തിൽ പ്രവർത്തിക്കുന്ന വെങ്ങാനൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം ഈ നാടിന്റെ കാർഷികരംഗത്ത് നിരവധി നേട്ടങ്ങൾ ഉണ്ടാക്കുന്നു. ഗുണഭോക്താക്കൾ വായ്പതുക തിരിച്ചടക്കുന്നതിനുള്ള കാലതാമസം, ഈ ബാങ്കിന്റെ പ്രവർത്തനത്തിന്തന്മൂലം കർഷകർക്കുംഒരു പോലെബുദ്ധിമുട്ടു ഉണ്ടാക്കുന്നു.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ഒരുശാഖ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൈത്തറി, കയർ. ക്ഷീര സഹകരണസംഘങ്ങളും ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന മറ്റ് സന്നദ്ധ സംഘടനകളും ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്,

പൊതുവിതരണ സമ്പ്രദായം.

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ പൊതുവിതരണ കേന്ദ്രങ്ങൾ ആകെ 24 എണ്ണം പ്രവത്തിക്കുന്നു. പൊതുജനങ്ങൾക്കാവശ്യമായ നിത്യോപയോഗസാധനങ്ങൾ തൃപ്തികരമായി ലഭ്യമാകുന്നില്ല, മാവേലിസ്റ്റോറുകളോ കൺസ്യൂമർ സ്റ്റോറുകളോ ഈ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ നിത്യോപയോഗ സാധനങ്ങൾക്ക് പൂർണ്ണമായും സ്വകാര്യമേഖലയെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

പരിഹാര മാർഗ്ഗങ്ങൾ:

പഞ്ചായത്തു തലത്തിൽ മാവേലിസ്റ്റോറ് സ്ഥാപിച്ച് നിത്യോപയോഗ സാധനങ്ങൾ ന്യായ വിലയ്ക്ക് വിതരണം ചെയ്യണം.
വാർഡുതലത്തിൽ കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിക്കണം.
നിലവിലുള്ള റേഷൻ സംവിധാനത്തെ മെച്ചപ്പെടുത്തണം.

വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്,
ജനകീയാസൂത്രണം വിശേഷാൽ ഗ്രാമ സഭകൾ

വാർഡ്	പേര്	തീയതി	സ്ത്രീ	പു:	ആകെ
1	മംഗലത്തുകോണം	21-9-96	13	52	65
2	കട്ടച്ചൽകുഴി	21-9-96	19	59	78
3	ഉച്ചക്കട	21-9-96	34	23	57
4	പെരിങ്ങമ്മല	22-9-96	13	56	69
5	നെല്ലിവിള	22-9-96	28	25	53
6	വെണ്ണിയൂർ	22-9-96	21	60	81
7	വെങ്ങാനൂർ	2-10-96	33	93	126
8	പനങ്ങോട്	29-9-96	11	56	67
9	ആഴാകുളം	2-10-96	30	45	75
10	തൊഴിച്ചൽ	29-9-96	44	58	102
11	കോവളം	2-10-96	12	49	61
12	മുട്ടയ്ക്കാട്	2-10-96	94	87	181

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഭരണസമിതി അംഗങ്ങൾ

ക്രമനമ്പർ	വാർഡിന്റെ പേര്	അംഗത്തിന്റെ പേര്
1	മംഗലത്തുകോണം	ശ്രീമതി. റോസി ദാസയ്യൻ
2	കട്ടച്ചൽക്കുഴി	ശ്രീ. മംഗലത്തുകോണം ബി. കൃഷ്ണൻ
3	ഉച്ചക്കട	കുമാരി എസ്, സീത
4	പെരിങ്ങമ്മല	ശ്രീ. കെ. പ്രേമചന്ദ്രൻ
5	നെല്ലിവിള	ശ്രീ, എസ്. വിദ്യാധരൻ
6	വെണ്ണിയൂർ	ശ്രീ, എം, പുരുഷോത്തമൻ
7	വെങ്ങാനൂർ	ശ്രീ. ബി. സുകുമാരൻനായർ
8	പനങ്ങോട്	ശ്രീമതി. പ്രസന്നാജയന്തൻ
9	ആഴാകുളം	ശ്രീമതി. സുഷമാസോമൻ
10	തൊഴിച്ചൽ	ശ്രീ. കെ. രാമചന്ദ്രകുമാർ
11	കോവളം	ശ്രീ. ആർ. എസ്, ശ്രീകുമാർ
12	മുട്ടയ്ക്കാട്	ശ്രീ. കെ. മോഹനൻ

വി. ഗംഗാധരൻ നാടാർ (ജില്ലാ പഞ്ചായത്ത് അംഗം)
പയറുംമൂട് തങ്കപ്പൻ (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)
വെങ്ങാനൂർ ബ്രദേഴ്സ് (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)

മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ

ആർ. കരുണാകരൻ നായർ
പാറയിൽ തങ്കപ്പൻ
വെങ്ങാനൂർ പി. മോസ്ക്കരൻ
കെ ശ്രീകുമാർ
എസ്. വിദ്യാധരൻ

മുൻ പഞ്ചായത്ത് വൈസ് പ്രസിഡൻറുമാർ

കെ. ജി. കൊച്ചുകൃഷ്ണൻ നായർ
മംഗലത്തുകോണം ബി. കൃഷ്ണൻ
ആർ. തുളസീധരൻ

—ജനകീയാസൂത്രണ സമിതി—

അനിൽകുമാർ പി വൈ, (കൺവീനർ DRP)
എൻ. യശോധരൻ DRP
ജെ. എൽ.ബിനു ,,
വി. ഉദയൻ ,,
എൽ. ലത ,,

വികസന റിപ്പോർട്ട് തയ്യാറാക്കുവാൻ സഹകരിച്ചവർ

സാംകുമാർ റ്റി.
ജയസൺ എബ്രഹാം
സോമൻ
നെൽസൺ
കെ. ബാബു
എസ്. സുകുമാരൻ നായർ
വി. സുകുമാരൻ നായർ
റ്റി രമണി
കെ. ജെ. സുരേന്ദ്രനാഥ്
സതീഷ്. എസ്.
എൻ. ഗോപാലകൃഷ്ണനാശാരി
വിക്ടർരാജ്
സതി
നിർമ്മല

വെങ്ങാനൂർ പഞ്ചായത്ത് ആഫീസിലെ നിലവിലുള്ള ജീവനക്കാർ

എൻ നാഗപ്പൻ നായർ	സെക്രട്ടറി
സി ശ്രീകുമാർ	UD CLERK
പി. ആർ. രാജമ്മ	,,
വി. രവീന്ദ്രൻ	LDC
പി സുധാകരൻ	,,
എൽ. ലത	,,
കെ. ദാമോധരൻ	LGS
റ്റി. ശിവമ്മ	,,



വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിലെ 12 വാർഡുകളിൽ നടന്ന

ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ

വാർഡ് 1

ഈ പ്രദേശത്തെ പ്രധാന കൃഷിയിനങ്ങളായ തെങ്ങ്, നെല്ല്, വാഴ, മരച്ചീനി പച്ചക്കറികൾ എന്നിവയ്ക്ക് ജലസേചന സൗകര്യം വളരെ കുറവായതിനാൽ വിളകൾ വളരെകുറവാകുന്നു. ജലസേചന സൗകര്യം വർദ്ധിപ്പിച്ചാൽ ഉല്പാദനം വർദ്ധിപ്പിക്കാനും അതിലൂടെ തൊഴിൽ സദ്ധ്യത വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്.

പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ കൊപ്രാ സംഭരണ കേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

സാമൂഹ്യ ജലസേചന പദ്ധതി നടപ്പിലാക്കുക, വാർഡിനുള്ളിലുള്ള കുളങ്ങളിൽ പമ്പ്സെറ്റ്സ് സ്ഥാപിച്ച് കൃഷിക്കുപയോഗിക്കത്തക്കരീതിയിൽ ജലവിതരണം നടത്തുക.

വിത്ത്, വളം, കാർഷികോപകരണങ്ങൾ മുതലായവ സബ്സിഡിയായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

കന്നുകാലികൾ കുറഞ്ഞവിലയ്ക്ക് കർഷകർക്ക് ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതും കോഴിവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുമാണ്.

ഈ പ്രദേശത്തെ പരമ്പരാഗത വ്യവസായമായ നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെ പ്രതിസന്ധി നേരിടുകയാണ്.

ഫാക്ടറി രീതിയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് വേണ്ട പ്രോത്സാഹനം നൽകേണ്ടതാണ്.

സഹകരണമേഖലയിൽ ഉൾപ്പെടാത്ത നെയ്ത്തു തൊഴിലാളികൾക്ക് നൂൽ, മറ്റ് നെയ്ത്തുപകരണങ്ങൾ എന്നിവ ന്യായ വിലയ്ക്കു ലഭ്യമാകത്തക്കരീതിയിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു സഹകരണ സംഘം സ്ഥാപിക്കേണ്ടതാവശ്യമാണ്.

ഇപ്പോൾ നിലവിലുള്ള മിഡ്വൈഫ് സെന്ററിനെ ശോചനീയാവസ്ഥ മാറ്റി 25 കിടക്കകളോടു കൂടിയ ആശുപത്രിയായി വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടനടപടി സ്വീകരിക്കണം.

ഈ പ്രദേശത്തുള്ള ശിശുമന്ദിരത്തിൽ ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പനയറക്കുന്ന്, ഇടുവ, പെരിങ്ങമ്മല റോഡും, ഈ റോഡിൽ നിന്നും ശാഖകളായി തിരിയുന്ന മൂന്നുറോഡുകളും മെറ്റലിംഗ്, ടാറിംഗ് ഇവചെയ്യേണ്ടതാണ്. മാർഗ്ഗതടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ വശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ഈ പ്രദേശത്ത് അൻപതോളം കുടുംബങ്ങൾക്ക് സ്വന്തമായി പാർപ്പിട സൗകര്യം ഇല്ല. അറ്റകുറ്റപ്പണികൾ നടത്താൻകഴിയാത്ത സാധാരണക്കാരന്റെ കുടിലുകൾ അറ്റകുറ്റപ്പണികൾ നടത്താൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ഈ പ്രദേശത്ത് ഒരു മൈതാനം ഉണ്ടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. ആർട്ട്സ് ക്ലബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, ഈ പ്രദേശത്തെ കലാകാരൻമാരെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിനും വേണ്ട ഗ്രാന്റുകൾ അനുവദിക്കേണ്ടതാണ്.

ഈ പ്രദേശത്ത് ഇരുനൂറിൽപരം വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പൊതുവഴികളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതും വൈദ്യുതീകരിച്ചിട്ടില്ലാത്ത ഹരിജൻ കോളനികളിൽ വൈദ്യുതിഎത്തിക്കേണ്ടതും കുടിവെള്ളം എത്തിക്കുന്നതിന് റോഡുകളിൽ പൈപ്പുലൈനുകൾ സ്ഥാപിക്കേണ്ടതുമാണ്.

പുത്തൻകാനം ഹരിജൻ കോളനിയിൽ ഇപ്പോൾ അൻപതോളം കുടുംബങ്ങൾ ഉണ്ട്. എന്നാൽ ഇരുപതു വീടുകൾ മാത്രമാണിവിടെ ഉള്ളത്. ഇവിടത്തെപഴകിയ കക്കൂസുകൾ മാറ്റി സ്ഥാപിക്കേണ്ടതാണ്. ശുദ്ധജലം എത്തിക്കുന്നതിനും, ഈ പ്രദേശത്തെ തൊഴിൽ രഹിതരായ യുവതികൾക്ക് തൊഴിൽ ലഭിക്കുന്ന വിധത്തിൽ ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും പ്രത്യേകിച്ച് കൈത്തൊഴിലുകൾക്ക് മുൻഗണന നൽകി വേണ്ടതു ചെയ്യേണ്ടതുമാണ്. വീടു വയ്ക്കുന്നതിന് വസ്തു ഇല്ലാത്തവർക്ക് വസ്തുവും വീടും നൽകുന്നതിനുവേണ്ടി പദ്ധതികൾ നടപ്പാക്കണം.

ബഹുജന സംഘടനകളിൽ വനിതാ പ്രാതിനിത്യം കുറവായതിനാൽ അതുപരിഹരിക്കണം. ആയതിലേയ്ക്ക് ബോധവൽക്കരണം നട

പ്പാക്കണം. സ്വയം തൊഴിലുകൾ ലഭ്യമാകത്തക്ക വിധം ലോണുകളോ ഗ്രാൻറുകളോ നൽകി വേണ്ട പ്രോത്സാഹനം നൽകണം. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കണം.

വികസന പ്രവർത്തനങ്ങളിൽ ഈവാർഡിലെ ചെറുപ്പക്കാരായ യുവതി, യുവാക്കളുടെ ശാരീരിക അദ്ധ്വാനം ലഭിക്കുന്നതാണ്. അവർക്ക് കൂലി കുറഞ്ഞനിരക്കിൽ നൽകേണ്ടിവരും.

വാർഡ് 2

തെങ്ങു കൃഷിയാണ് ഈപ്രദേശത്തെ പ്രധാന കാർഷിക വിഭവം. തെങ്ങു കൃഷി ഊർജ്ജിതമായി നടത്തുന്നതിന് ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത, തെങ്ങു രോഗങ്ങൾ (ഉദാ: മണ്ടചീയൽ, കാറ്റുവീഴ്ച) മുതലായവ തടസ്സമായി നിൽക്കുന്നു. ഇവ ഉല്പാദന ക്ഷമതയെ കാര്യമായി ബാധിക്കുന്നു.

കാർഷികമേഖല കാര്യക്ഷമമാക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ

ഊർജ്ജിത തെങ്ങു കൃഷി വികസനപരിപാടി നടപ്പിലാക്കുക, സാമൂഹിക ജലസേചന പദ്ധതി നടപ്പാക്കുക. കാറ്റുവീഴ്ച, മണ്ടചീയൽ എന്നിവയ്ക്കുള്ള പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുക രാസവളം സബ്സിഡിയായി നൽകുക, പച്ചക്കറി കൃഷിയെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിത്തും വളവും നൽകുക, ദാരിദ്ര്യം നിന്നുപോകുന്ന നെൽകൃഷി പുനരുദ്ധരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.

കൊപ്രസംഭരണ കേന്ദ്രം സ്ഥാപിച്ച് കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനു സഹായിക്കുക, വാർഡുതലത്തിൽഇളനീർ ശേഖരിച്ച് വിപണനം ചെയ്യുന്നതിനുള്ള ഇളനീർ പന്തൽ സ്ഥാപിക്കുക.

സമഗ്രമായ കോഴിവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ആട്, കോഴി, പശു എന്നിവ നൽകുക.

ഉപയോഗശൂന്യമായി കിടക്കുന്ന ഊറ്റുകുഴി കുളം ശുദ്ധീകരിച്ച് മത്സ്യകൃഷി നടത്തുക.

രണ്ടാം വാർഡിൽ രണ്ട് L P സ്കൂളുകളും രണ്ട് അംഗൻവാടികളും മൂന്ന് നഴ്സറിസ്കൂളുകളും ഉണ്ട്.

ഈസ്കൂളുകളിൽ ആവശ്യമായ പഠനോപകരണങ്ങൾ ഇല്ല. പൊതുവേ ഈ സ്ഥാപനങ്ങളിലെ പഠന നിലവാരം മോശമാണ്.

എൽ. പി. സ്കൂളുകളെ യു പി സ്കൂളാക്കുക. ഈ സ്കൂളുകളിലെ P T A കളെ കാര്യക്ഷമമാക്കി കൊണ്ട് ഇവരുടെ സഹായത്തോടെ പഠന നിലവാരം മെച്ചപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുക, സാമ്പത്തികമായിപിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങളും മറ്റും സൗജന്യമായി നൽകുക

അലോപ്പതി. ആയുർ വേദം ഹോമിയോ പതികൾ, ഇവയിൽ ഒരു ആശുപത്രിപോലും ഈ വാർഡിലില്ല. ഒരു അലോപ്പതി ആശുപത്രി ഊറ്റുകുഴി എന്ന സ്ഥലത്തു സ്ഥാപിക്കുക.

സാംക്രമിക രോഗങ്ങളെ കുറിച്ച് ബോധവൽക്കരണം ആവശ്യമാണ്. ഏതെങ്കിലും ഇനത്തിലുള്ള ആരോഗ്യകേന്ദ്രം ഈ വാർഡിൽ സ്ഥാപിക്കുന്നത് നന്നായിരിക്കും.

ഊറ്റുകുഴി നീരുറവ സംരക്ഷിച്ച് ഈ വാർഡിലെ ജനതയ്ക്ക് ആവശ്യമായ ശുദ്ധ ജലം വിതരണം ചെയ്യുക അതിനുവേണ്ടി ഒരു വാട്ടർ സപ്ലൈ സ്കീം ഇവിടെ ആരംഭിക്കുക, കുഴൽകിണറുകൾ കുഴിക്കുക.

250 നെയ്ത്തു തൊഴിലാളികൾ പണിയെടുക്കുന്ന മംഗലത്തുകോണം കൈത്തറി നെയ്ത്തു വ്യവസായ സഹകരണസംഘം ഈ വാർഡിൽ സ്ഥിതി ചെയ്യുന്നു. അസംസ്കൃത സാധങ്ങളുടെ ലഭ്യതക്കുറവും സാമ്പത്തികബുദ്ധിമുട്ടുംകാരണം പരമ്പരാഗത നെയ്ത്തു വ്യവസായം ഇന്ന് ഈപ്രദേശത്ത് കുറഞ്ഞുവരികയാണ്.

സഹകരണ മേഖലയിൽ കൂടുതൽ നെയ്ത്തു വ്യവസായശാലകൾ സ്ഥാപിക്കുക, ചിരട്ടയിൽനിന്ന് വ്യവസായികാടിസ്ഥാനത്തിൽ കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹകരണ സംഘം സ്ഥാപിക്കുക. വിദ്യാസമ്പന്നരായ യുവതികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് തയ്യൽപരിശീലനം, ക്ഷീരോൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലനങ്ങൾ നല്കി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, തെരുവിളക്കുകൾ ഇല്ലാത്തറോഡുകളിൽ തെരുവ് വിളക്കുകൾസ്ഥാപിക്കുക. നിർദ്ധനരായകുടുംബങ്ങൾ വൈദ്യുതീകരിച്ചു കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുക.

നാഗരമ്പലം—റോഡ്, നേതാജിറോഡ്, ഊറുകുഴി റോഡ്, കാട്ടുനടറോഡ് എന്നീ റോഡുകൾ മെറ്റലിംഗ് ടാറിംഗ് ചെയ്ത് ഗതാഗതയോഗ്യമാക്കുക.

സ്വന്തമായി വേനങ്ങളില്ലാത്ത നൂറോളം കുടുംബങ്ങൾ ഉണ്ട്. കോളനികളിലും താഴ്ന്ന വരുമാനക്കാരുടെ വീടുകളിലും ഉള്ള അറകുറപണികൾനടത്താൻ വേണ്ടനടപടി സ്വീകരിക്കുക വേനരഹിതർക്ക് കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുവാൻവേണ്ട നടപടി സ്വീകരിക്കുക.ശുചിത പരിപാലനത്തിനായി എല്ലാവീടുകളിലും കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം.

ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായതനുഷ്യാദ്ധ്വാനം ഈ വാർഡിൽനിന്നും ലഭിക്കുന്നതാണ്.

കട്ടച്ചൽകുഴി വാർഡിൽ ജനനമന്ദിരത്തിനുമുന്നിൽ ഒരു കല്യാണമണ്ഡപം പണികഴിപ്പിച്ച് സഹായിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

വാർഡ് 3

നിലവിലുള്ളകിണർ, പമ്പ്സെറ്റ്, എന്നിവയ്ക്കുള്ള സബ്സിഡി അനുവദിക്കുന്നതിനുള്ള 30 സെൻറ് വേണമെന്ന നിബന്ധനമാറ്റി 20 സെൻറാക്കുക.

പുതുക്കുളം, കട്ടച്ചൽകുളം, മാർത്താണ്ഡൻകുളം എന്നീ കുളങ്ങളിൽ മഴവെള്ളം സംഭരിച്ച് ഏലാകൃഷിക്കും കരകൃഷിക്കും പമ്പ്വച്ച് ഉപയോഗിക്കാൻ പറ്റിയ സംവിധാനം ചെയ്യുക.

ജലസേചനത്തിനുള്ള വൈദ്യുതിസൗജന്യമാക്കുക.

ചാനലിൽ 20/3 നമ്പർസ്റ്റൂയിസ് ഉപയോഗശൂന്യമായി കിടക്കുന്നത് നവീകരിച്ച് ഉപയോഗപ്രദമാക്കുക.

മാർത്താണ്ഡൻ കുളത്തിൽ കരയിലുള്ള പമ്പ്സെറ്റ് പ്രവർത്തനക്ഷമമാക്കുക. ഈ കുളത്തിലെ നീർച്ചോർച്ച മാറ്റി സംഭരണശേഷി വർദ്ധിപ്പിക്കുക.

വിത്തും, വളവും സബ്സിഡിയായി കർഷകർക്ക് ലഭ്യമാക്കുക.

ഒരു ഗവ: ഹൈസ്ക്കൂളും, ഒരു UPS — ഉം ഒരു LPS — ഉം ഈ വാർഡിൽ നിലവിലുണ്ട്. 2 അൺ എയ്ഡഡ് സ്ക്കൂളുകളും 2 ഗ്രന്ഥശാലകളും ഒരുഅംഗനവാടിയും ഈവാർഡിലുണ്ട്.

യഥാസമയം സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിച്ച് അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുക. സിലബസ്മാറുന്നതനുസരിച്ച് അദ്ധ്യാപകർക്ക് പരിശീലനം കൊടുക്കുന്നതിന് തീവ്രപരിപാടി നടപ്പിലാക്കണം.

പഠനനിലവാരം ഉയർത്തുന്നതിന് പഠനോപകരണങ്ങളും ഭൗതികസാഹചര്യങ്ങളും മെച്ചപ്പെടുത്തേണ്ടതാണ്.

ഇടയ്ക്ക്വച്ച് വിദ്യാഭ്യാസം അവസാനിപ്പിക്കുന്ന രീതിയെക്കുറിച്ച് പഠനംനടത്തി അതുതടയുന്നതിന്വേണ്ട അടിയന്തിര നടപടി കൈകൊള്ളുക.

സാക്ഷരത കൈവരിച്ചുവെങ്കിലും തുടർവിദ്യാഭ്യാസത്തിൻെറ കുറവുകാരണം നിരക്ഷരർ വർദ്ധിക്കുന്നു. ഇതിനുവേണ്ട നടപടി സ്വീകരിക്കണം.

കായിക അദ്ധ്യാപകരെയും സാഹചര്യങ്ങളും സൃഷ്ടിച്ചു കായിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുക.

ഗ്രന്ഥശാലാ പ്രസ്ഥാനം പ്രവർത്തനം ഊർജ്ജിതപ്പെടുത്തി വായനാശീലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

നിലവിലുള്ള അംഗനവാടിക്ക് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കേണ്ടതാണ്.

23—ാം നമ്പർ അംഗനവാടി പുനഃസംഘടിപ്പിച്ച് ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കണം

കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

ഉച്ചക്കഞ്ഞി സമ്പ്രദായത്തോടൊപ്പം പോഷകാഹാരം കൊടുക്കേണ്ടതാണ്.

സ്പോർട്ട്സ് ക്ലബ്, ആർട്ട്സ് ക്ലബ് എന്നിവ രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിത പ്പെടുത്തണം.

ശാസ്ത്രീയ സംഗീതം, ശാസ്ത്രീയ നൃത്തം എന്നിവ അഭ്യസിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്.

തൊഴിലധിഷ്ടിത കോഴ്സ് ഉൾപ്പെടെ ഹയർ സെക്കൻററി വിഭാഗം മോഡൽ ഹൈസ്ക്കൂളിൽ ആരംഭിക്കണം.

കട്ടച്ചൽകുഴി SNUPS ഹൈസ്ക്കൂളാക്കുക. ഒരു ഗവ കോളേജ് സ്ഥാപിക്കണം.

കട്ടച്ചൽകുഴി SNUPS വരെയും RKN റോഡിലും സിസിലിപുരം മാർത്താണ്ഡൻകുളം വരേയും, സിസിലിപുരം-കട്ടച്ചൽകുഴി ഭാഗത്തേയ്ക്ക് പബ്ളിക്ക് ടാപ്പുകൾ പുതിയതായി സ്ഥാപിക്കണം.

നിലവിലുള്ള ശുദ്ധജലവിതരണസംബ്രദായത്തിന്റെ സ്ഥിതി മെച്ചപ്പെടുത്തണം

ഗവ: മോഡൽ H.S. , SNUPS മറ്റ് LPS കൾ തുടങ്ങി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ശുദ്ധജലം എത്തിക്കുവാൻ ശ്രദ്ധിക്കണം.

ഓടകളും കൈത്തോടുകളും വൃത്തിയാക്കണം. തോടുകൾ വൃത്തിയായി കുളിയ്ക്കുന്നതിനും. മറ്റ് ആവശ്യങ്ങൾക്കും ഉപയോഗപ്രദമാക്കണം. മാർത്താണ്ഡൻകുളത്തിൽ കന്നുകാലികളെ കുളിപ്പിക്കുന്നതിനു പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

കക്കൂസുകൾ ഇല്ലാത്ത വീടുകൾക്ക് സൗജന്യമായി കക്കൂസുകൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

ഉച്ചക്കടകേന്ദ്രമാക്കി കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം. (Paying)

സിസിലിപുരം കട്ടച്ചൽകുഴി റോഡ്, തെങ്ങുവിള കട്ടച്ചൽകുഴിറോഡ് ആർ, കെ, എൻ. റോഡ്, സിസിലിപുരം-കാവടിവിളാകം ലക്ഷം വീട്, കോളനി, വയലിൻകരറോഡ്, തൈവിളാകം നാഗരാജ ക്ഷേത്രംറോഡിൽനിന്നും, കാവടിവിളാകം റോഡ്, പുരവികാവിലേയ്ക്കുള്ള റോഡ് കട്ടച്ചൽകുഴി കുളത്തിൻകര വഴിയുള്ള റോഡ്, വയലിൻകര തൈവിളാകം റോഡ്, നാഗരാജാക്ഷേത്ര റോഡ് എന്നിവ മെറ്റലിംഗ്, ടാറിംഗ് ചെയ്ത് സഞ്ചാരഗതാഗതയോഗ്യമാക്കി മാറ്റണം.

ഈ പ്രദേശം വോൾട്ടേജ് ക്ഷാമം കൊണ്ട് വളരെ ദുരിതമനുഭവിക്കുന്നു.

ട്രാൻസ് ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

നിർദ്ധനരായ നൂറോളം വീട്ടുകാർക്ക് വൈദ്യുതി എത്തിച്ചു കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

ഗതാഗതയോഗ്യമാക്കി മാറേണ്ട റോഡുകളിൽ അടിയന്തിരമായി തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

പുകയില്ലാ അടുപ്പ് എല്ലാവീടുകളിലും സ്ഥാപിക്കണം.

നിലവിലുള്ള സബ്-സെൻററിനെ വിപുലീകരിച്ച് ആവശ്യത്തിന് സ്ഥിരമായി ജോലിക്കാരെ നിയമിച്ച് വയറിളക്കം പോലെ പെട്ടെന്നുണ്ടാകുന്ന സാംക്രമിക രോഗങ്ങൾ ഒരുപരിധി വരെയെങ്കിലും നിയന്ത്രണ വിധേയ മാക്കുക.

വേനൽ സന്ദർശനങ്ങൾ JPHW നടത്തുന്നതു നന്നായിരിക്കും നമ്മുടെ പഞ്ചായത്ത് അതീർത്തിയിലുള്ള വിഴിഞ്ഞം CHC അകലെ ആയതിനാൽ ഈ പ്രദേശത്ത് സബ് സെൻറർ വിപുലീകരിക്കേണ്ടത് അത്യാവശ്യമാണ്.

പ്രതിരോധ കുത്തിവയ്പുകളും ആരോഗ്യ സംബന്ധമായ ബോധവൽക്കരണ ക്ലാസുകളും നടത്തേണ്ടതും ഒരാവശ്യമാണ്.

വാർഡ് 4

ഈ പ്രദേശം കിഴക്ക് ഭാഗത്തേയ്ക്കു ചരിഞ്ഞ ഭൂമിയാണ് തെങ്ങ്, നെല്ല്, വാഴ, പച്ചക്കറികൾ എന്നിവയാണിവിടത്തെ പ്രധാനകൃഷിയാണ്.

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചുനാളികേരം ഉല്പാദനം കുറവാണ്. ഇതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1 ജലസേചനത്തിനുള്ള അസൗകര്യം
2 തെങ്ങിൻകുലകൾക്കും ഓലയ്ക്കുംബാധിക്കുന്ന കീടശല്യം
3 വളത്തിന്റെ വില കൂടുതൽ
4 കാർഷികപരമായി കർഷകതൊഴിലാളികളുടെ കുറവ്,

പരിഹാരമാർഗ്ഗങ്ങൾ:-

1 ആനൂർക്കുളം കുഴിച്ച് വലുതാക്കുകയും പുതുക്കുളത്തിന്റെ കരയിൽഅവസാനിക്കുന്ന ചാനൽ റോഡിന്റെ സൈഡിലൂടെ ഒരു പെറിയ ഓടവഴി ആനൂർക്കുളത്തിൽ എത്തിച്ച് അവിടെ നിന്നും അതുലിഫ്റ്റ്റ് ഇറിഗേഷനുപയോഗിക്കുകയും വേണം

2 പഞ്ചായത്തടിസ്ഥാനത്തിൽ കീടനാശിനി തളിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.

3 കൊപ്രാസംഭരണ കേന്ദ്രം ആരംഭിക്കുക ഇളനീർ പന്തൽ ആരംഭിച്ച് തെങ്ങുകർഷകരെ പ്രോത്സാഹിപ്പിക്കുക.

നെൽകൃഷി:-

പുതുക്കുളം മുതൽ മാർത്താണ്ഡം കുളം വരെ 50 ഹെക്ടർ സ്ഥലത്താണ്ഇപ്പോഴും നെൽകൃഷിയുള്ളത് നെൽകൃഷി സ്ഥലത്ത് മറ്റു കൃഷികളും (മരച്ചീനി, വാഴ) നടത്തുന്നതിനാൽ നെല്ലിന് ആവശ്യനുസരണം വെള്ളം ലഭിക്കുന്നില്ല. ഇത്തരത്തിലുള്ള കൃഷികളും തടയാൻ വേണ്ടി നടപടി പഞ്ചായത്തു സ്വീകരിക്കുക.

1 പുതുക്കുളത്തിൽ ഒരു പമ്പ്സെറ്റ് സ്ഥാപിക്കുക.

2 കൃഷിവെന്റെ പ്രവർത്തനം വളരെഊർജ്ജിതമാക്കുക.

3 40% കാർഷിക കുടുംബങ്ങളാണുള്ളത്. പഴയകൂട്ടുകൃഷി സമ്പ്രദായം പുനരാവിഷ്കരിക്കുക. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഊർജ്ജിതമായ നടപടി ഉണ്ടാകണം.

ഈ വാർഡിലെ ഏറ്റവും നല്ല ഒരു കർഷകനു ഓരോവർഷവും പ്രോൽസാഹനസമ്മാനം നൽകുക.

മൃഗസംരക്ഷണം:-

കാലിവളർത്തൽ ഉപതൊഴിലാണ് ഈ വാർഡിൽ ഉള്ള ജനങ്ങളുടെ ഉപജീവനമാർഗ്ഗം ഈ വാർഡിൽ പാൽസൊസൈറ്റിഇല്ല. കാലിത്തീറ്റയുടെ വർദ്ധിച്ച വിലകാരണം പാൽ ഉല്പാദനം ഗണ്യമായി കുറയുന്നു. കാലികൾക്ക് ഉണ്ടാകുന്ന മാരകരോഗങ്ങളും തടയുന്നതിനുള്ള ഏർപ്പാടുകളും ഗവൺമെന്റിന്റെ ഭാഗത്ത്നിന്നും ഉണ്ടാകണം. കന്നുകാലികളെ വളർത്തുന്ന ചെലവുമായി താരതമ്യം ചെയ്താൽ പാൽവില വളരെകുറവാണ്.

ഈവാർഡിന്റെ സമീപവാർഡിൽ സർക്കാർ മൃഗാശുപത്രി ഉണ്ടെങ്കിലും അതിൽനിന്നും ലഭിക്കുന്നസേവനംതുലോം തുച്ഛമാണ്. ആയതു സജീവമാക്കണം.

ഈ വാർഡിൽ ഒരു ഡയറിഫാം ആരംഭിക്കാനും പാൽശേഖരിച്ചു വിപണനം നടത്തുവാൻ ഒരുപാൽ സൊസൈറ്റി രൂപീകരിക്കാനും വേണ്ട നടപടി സ്വീകരിക്കുക ഇറച്ചിക്കോഴി വളത്തുന്നതിന് കോഴികേന്ദ്രങ്ങളും ഈ വാർഡിൽ സ്ഥാപിക്കുക.

വിദ്യാഭ്യാസം:-

കുട്ടികൾക്കു പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് മെച്ചപ്പെട്ട സൗകര്യങ്ങളും ഉണ്ടാകണം. ആധുനിക എല്ലാ സൗകര്യങ്ങളോടുകൂടിയ രണ്ടു അംഗൻവാടികളും രണ്ടുനഴ്സറി സ്കൂളുകളും സ്ഥാപിക്കുക.

നിർദ്ധനരായ കുട്ടികൾക്കു പഠനോപകരണങ്ങളും യൂണിഫോം തുടങ്ങിയവ നൽകാനുള്ള പദ്ധതി ആവിഷ്ക്കുക.

വാർഡിലെ തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനവും തുടർന്ന് ഉപജീവനമാർഗ്ഗവും ഉണ്ടാക്കി കൊടുക്കുവാൻ പര്യാപ്തമായ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ഉണ്ടാക്കുക.

വെങ്ങാനൂർ മോഡൽ HS-ൽ LP വിഭാഗം വേർതിരിക്കുക.

ആരോഗ്യം:-

ഈ വാർഡുകേന്ദ്രമാക്കി ഒരു PHC പ്രവർത്തിക്കാൻവേണ്ട ഏർപ്പാടുകളും ചെയ്യുക.

നിലവിലുള്ള സബ് സെൻറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. ആരോഗ്യം, പ്രതിരോധം തുടങ്ങിയ വിഷയങ്ങൾക്ക് ബോധവൽക്കരണം നടത്തുക.

ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കുക, വനിതാ വ്യവസായ കേന്ദ്രം സ്ഥാപിക്കുക, ഒരു അലിമിനിയം ഫാക്ടറി സ്ഥാപിക്കുക, അമരിവിള കേന്ദ്രീകരിച്ച് ഒരു അന്തിചന്ത സ്ഥാപിക്കുക,

സ്വന്തമായി സ്ഥലമില്ലാത്തവർക്ക് സർക്കാർ ഭൂമി വാങ്ങി വീടുവയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കുക, അംഗൻവാടിക്ക് കെട്ടിടംനിർമ്മിക്കുക, ലക്ഷംവീട്, ഹരിജൻകോളനിഎന്നിവിടങ്ങളിലെ അറ്റകുറ്റപണികൾ ചെയ്യുക.

കുടിവെള്ളം, വൈദ്യുതി, സാനിട്ടേഷൻ എന്നിവ എല്ലാ വേനങ്ങളിലും എത്തിക്കുക.

വായനശാല, ഗ്രന്ഥശാല എന്നിവ നിർമ്മിക്കുക. പ്രാഥമിക ആരോഗ്യകേന്ദ്രംനിർമ്മിക്കുക. പൊതു സ്മശാനം നിർമ്മിക്കുക.

സ്പോർട്സ് ക്ലബ്, ആർട്സ് ക്ലബ്, മഹിളാസമാജങ്ങൾ എന്നിവകളുടെ ഉദ്ധാരണം ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ മാരക രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം, സ്ത്രീകളെ സമ്പാദ്യശീലമുള്ളവരാക്കാൻ വേണ്ട പദ്ധതികൾ, പൊതുമേഖലയിൽവനിതകൾക്കായി തൊഴിൽ ശാല സ്ഥാപിക്കുക. ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുക, ഇൻഷ്വറൻസ് പദ്ധതി സ്ത്രീകൾക്കായി ആവിഷ്കരിക്കുക, തൊഴിൽ പരിശീലനങ്ങൾ സ്ത്രീകൾക്ക് നൽകുക, V E O ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, നെല്ലിവിളയിൽ പബ്ളിക് ടെലിഫോൺ ബൂത്ത് സ്ഥാപിക്കുക.

കാരിക്കുഴി തുടലിവിള ഹരിജൻകോളനിയിലേയ്ക്കുള്ള റോഡുകൾ ടാർചെയ്തത്, വൈദ്യുതീകരിക്കുക. കൃഷിക്കാവശ്യമായ പമ്പുസെറ്റ് സ്ഥാപിച്ച് കൃഷിയെ പ്രോത്സാഹിപ്പിക്കുക. വനിതകൾക്ക് തയ്യൽ പരിശീലനകേന്ദ്രം സ്ഥാപിക്കുക അംഗൻവാടി സ്ഥാപിക്കുക, കാർഷികവിള ശേഖരിച്ച് വിപണനം നടത്തുന്നതിന് സഹകരണ സംഘം രൂപീകരിക്കുക.

വെങ്ങാനൂർ പഞ്ചായത്തിൽ 6-ാം വാർഡിലെ ഗ്രാമ സഭയിൽ വന്ന നിർദ്ദേശങ്ങൾ

ഈവാർഡ് കൃഷിയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. വെണ്ണിയൂർ ഏലായിലുള്ള പമ്പ് ഹൗസ് മുതൽ ആര്യോട്ടുകോണം വരെ ഏലായുടെ മദ്ധ്യത്തുകൂടിപോകുന്ന തോടിനെവീതികൂട്ടി പുനഃരുദ്ധരിക്കുക. ഇടയ്ക്ക് ഒരു പാലം പണിയണം. വയ്യാമൂല കുമിളിയിൽ നിന്നും ആരംഭിക്കുന്ന തോടു നന്നാക്കി വേണ്ടുന്ന സംരക്ഷണം നൽകണം. കൃഷിക്കാർക്ക് സൗജന്യനിരക്കിൽ വിത്തും വളവും നൽകണം, ഏലായിലുള്ള മറ്റു കൃഷികളെ മാറ്റി നെൽകൃഷി ചെയ്യാൻ വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കണം. കുങ്കു കൃഷിക്കാരുടെ ഉന്നമനത്തിനായി അടിയന്തിര ശ്രദ്ധ പാലിക്കണം ഈ വാർഡിലുള്ള നിലംഉടമകളെസഹരിപ്പിച്ചുകൊണ്ട് കൂട്ടുകൃഷിസമ്പ്രദായം നടപ്പിലാക്കുക. നെൽകൃഷിക്കാർക്ക് സൗജന്യമായി വിത്തും വളവും നൽകണം, ഈ വാർഡിലെ എല്ലാ കുടുംബത്തിനും വീട്ടുവളപ്പിൽ മലക്കറി കൃഷി ചെയ്യാനുള്ള സഹായസഹകരണങ്ങൾ ഉറപ്പാക്കുക.

പ്രായം ചെന്ന തെങ്ങുകൾ മുറിച്ചുമാറ്റാൻ വേണ്ട ധനസഹായം ചെയ്യുക.

തെങ്ങുകൃഷിക്കാർക്ക് കീടനാശിനിയും തെങ്ങിൻതൈയും സൗജന്യമായി വിതരണം ചെയ്യുക, കൃഷിക്കാരുടെ ആവശ്യത്തിനുവേണ്ടി ജലസേചനം ഉറപ്പാക്കുക.

കൃഷിക്കാർക്ക് ഗവൺമെന്റ് സഹായവും ബേങ്കുവായ്പയും ലളിതമായ നടപടിക്രമത്തിൽ കിട്ടുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

വാർഡിലുള്ള ജനങ്ങളുടെ മറ്റൊരു പ്രധാന തൊഴിൽ കന്നുകാലിവളർത്തലാണ്. കന്നുകാലിതീറ്റയുടെ കുറവുപരിഹരിക്കുന്നതിന് വാർഡിലുള്ളവർക്ക് തീറ്റപ്പുല്ല് നട്ടുപിടിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

ഇവിടെയുള്ള പാലുല്പാദകരുടെ ഉന്നമനത്തിനായി ഒരു പാൽ സൊസൈറ്റി സ്ഥാപിക്കണം, അടിയന്തിരമായി കന്നുകാലികൾക്ക് വേണ്ടുന്ന വൈദ്യസഹായം നൽകാൻ നെല്ലിവിളയിലുള്ളമൃഗാശുപത്രിയെ വിപുലീകരിപ്പിക്കുകയോ മൃഗാശുപത്രിയിൽ ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കണം, വാർഡിലുള്ള താഴ്ന്നവരുമാനമുള്ളവർക്ക് സൗജന്യമായി കോഴി, ആട്, പന്നി എന്നിവയെ വിതരണം ചെയ്യണം.

ഈ വാർഡിലെ റോഡുകൾ ഉപയോഗശൂന്യമായ രീതിയിലാണ് കിടക്കുന്നത് അടിയന്തിര ശ്രദ്ധ പതിയേണ്ട റോഡുകൾ താഴെപറയുന്നവയാണ്.

1 വെണ്ണിയൂർ കോൺവെന്റ് റോഡ്
2 ഡാലിവിള റോഡ്
3 കരയ്ക്കാട്ടുവിള റോഡ്
4 ഉഴുന്നുവിള ഉതുംകാട്ടുവിളവഴിഡാലിവിള റോഡുമായി ബന്ധപ്പെടുന്ന റോഡ്
5 ഗാന്ധിറോഡ് പൂർത്തീകരിക്കുക.

മറ്റുള്ള റോഡുകളും മേൽപറഞ്ഞ റോഡുകളിലും അടിയന്തിര സ്വഭാവത്തോടുകൂടി ടാർ ചെയ്ത് സംരക്ഷിക്കണം. കൂടാതെ ഈ വാർഡിലെ ഹരിജൻ വെൽഫയർ റോഡായ അമരിവിള-കുട്ടുകുളം റോഡ് ടാർ ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കണം.

ഈ വാർഡിലുള്ള റോഡുകളിൽ വൈദ്യുതി പൂർണ്ണമായിട്ടുമില്ല അതുമൂലം അനേകം വീട്ടുകാർക്ക് കണക്ഷൻ എടുക്കാൻ സാധിക്കുന്നില്ല. ആയതിനാൽ റോഡുകളിലും, ഇടറോഡുകളിലും വൈദ്യുതി എത്തിക്കണം. കൂടാതെഎല്ലാ ഹരിജൻ വീടുകളിലും മറ്റുള്ള സമുദായക്കാരുടെ വീടുകളിലും വൈദ്യുതി എടുക്കുവാനുള്ള ലളിതമായ നടപടി ക്രമമുണ്ടാക്കണം. പോസ്റ്റു വേണ്ടവർക്ക് (താഴ്ന്ന വരുമാനമുള്ളവർക്ക്) ഫ്രീ പോസ്റ്റ് കൊടുക്കുവാൻ വേണ്ട നടപടി ഉണ്ടാകണം. വാർഡിലെ എല്ലാ റോഡുകളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കണം. അതിനു വേണ്ട നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

6-ാം വാർഡിലുള്ളവർ പ്രധാനമായും കൃഷിയും മൃഗസംരക്ഷണവും മുഖ്യതൊഴിലാക്കി ജീവിക്കുന്നവരാണ്. ആയതിനാൽ കൃഷിയോടു അനുബന്ധമായ വ്യവസായങ്ങൾ തുടങ്ങാൻ പഞ്ചായത്തു ശ്രമിക്കണം ഉദാഹരണമായി കൊപ്ര, പർപ്പടകം, മെഴുകുതിരി നിർമ്മാണം, ഐസ്ക്രീം നിർമ്മാണം, പാൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, തയ്യൽ നൂൽനൂൽപ്പ് മുതലായ വ്യവസായങ്ങൾ തുടങ്ങണം. നെയ്ത്തു തൊഴിലാളികൾ ഉള്ള വാർഡാണ് അവർക്കും വേണ്ട സഹായം ചെയ്യണം. വാർഡിലുള്ള സ്ത്രീകൾക്ക് കുടിൽ വ്യവസായം നടത്താനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

ഈ വാർഡിൽ വെണ്ണിയൂർ U P S സ്ഥിതി ചെയ്യുന്നു പ്രസ്തുത സ്കൂളിലെകുട്ടികൾക്ക് ശരിയായ രീതിയിൽ കാലാകാലങ്ങളിലുള്ള ആരോഗ്യ പരിശോധന നടത്തണം. ഉച്ചയ്ക്കുള്ള ആഹാരം എല്ലാകുട്ടികൾക്കും സൗജന്യമായി നൽകണം. അദ്ധ്യാപകരുടെ സേവനം പഞ്ചായത്ത് സശ്രദ്ധം വീക്ഷിക്കണം. പരിസര സുചികരണത്തിൽ പഞ്ചായത്ത് ശ്രദ്ധിക്കണം. കൂടാതെ ഈ വാർഡിലുള്ള മൂന്ന് അംഗൻവാടികൾക്കും ഒരു ബാലവാടിക്കും വേണ്ടുന്നസാംബത്തിക സഹായം ചെയ്യണം. കൂടാതെ കുട്ടികൾക്ക് കളിക്കോപ്പുകൾവാങ്ങിപഞ്ചായത്തുകൊടുക്കണം. കുട്ടികളുടെ പോഷകാഹാരം പഞ്ചായത്തു കൊടുക്കണം.

വ്യവസായം ഈ വാർഡിൽ നാമ മാത്രമായി മാത്രമേയുള്ളു. വളരെയധികം വ്യവസായ സാദ്ധ്യതകൾ ഈവാർഡിലുണ്ട് കൊപ്രവ്യവസായം, ക്ഷീരവ്യവസായം ഇവ ഇവിടെ വിപുലമായ രീതിയിൽ നടത്താം. അതിനുവേണ്ട സഹായം പഞ്ചായത്തു മുൻതൂക്കം നൽകി നടപ്പിലാക്കണം. കൂടാതെ സ്വകാര്യ വ്യക്തികളുടെ നാമ മാത്രമായ എണ്ണയാട്ടു വ്യവസായം ഇവിടെ മൂന്നു പേർക്കുണ്ട് അതിനെ പരിപോക്ഷിപ്പിക്കുന്നതിനു വേണ്ട സാമ്പത്തിക സഹായം പഞ്ചായത്ത് നൽകണം.

വനിതകൾക്ക് ഈ വാർഡിൽ യാതൊരുവിധ തൊഴിൽ സാധ്യതകളുമില്ല, ചില്ലിയിടൽ കോഴി വളർത്തൽ, തയ്യൽ, കരകൗശല വ്യവസായം തുടങ്ങി സ്ത്രീകൾക്ക് തൊഴിൽസാദ്ധ്യതവർദ്ധിപ്പിക്കണം ഇത്തർക്കാർക്ക് ധനസഹായം പഞ്ചായത്തു ചെയ്യണം. അങ്ങനെ കുടിൽവ്യവസായങ്ങൾ വനിതകൾക്കു വേണ്ടി നടപ്പിലാക്കണം.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി സമഗ്രപരിപാടി സൗജന്യമായി നടപ്പിലാക്കണം. അവരുടെ എല്ലാവീടുകളും വൈദ്യുതീകരിക്കണം അതിനുതടസ്സമായിനിൽക്കുന്ന വൈദ്യുതി നിയമങ്ങൾ എടുത്തുകളയുക. അവരുടെ വീടുകൾക്ക് കക്കൂസുകൾ നൽകണം അവർക്ക് തൊഴിലവസരം ഉണ്ടാക്കികൊടുക്കണം. കൂടാതെ അവരുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം കല്പിക്കണം.

ഈ വാർഡിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. കിണറുകൾ ആഴംകൂട്ടി ജലം കിട്ടാനുള്ള സാമ്പത്തിക സഹായം ജനങ്ങൾക്ക് നൽകണം. പഞ്ചായത്തു കിണറുകൾ വൃത്തിയാക്കി കുടിവെള്ള ക്ഷാമം പരിഹരിക്കണം. കൂടാതെ പൈപ്പുലൈനുകൾ നീട്ടി വാർഡിന്റെ എല്ലാഭാഗത്തും പബ്ലിക്ക് ടാപ്പുകൾ അടിയന്തിരമായി സ്ഥാപിക്കുക. വെണ്ണിയൂർ പമ്പുഹൗസിന്റെ ഉല്പാദനശേഷി വർദ്ധിപ്പിക്കുക വെള്ളയാണിക്കായലിലുള്ള ജലം പമ്പു ചെയ്ത് ശുദ്ധീകരിച്ച് ജനങ്ങൾക്ക് വിതരണം ചെയ്യുക.

ഈ വാർഡിലുള്ള ഏക ഗ്രന്ഥശാലയാണ് നെല്ലിവിള ജംഗ്ഷനിലുള്ളത് അതിന്റെ പുരോഗതിക്കുവേണ്ട ധനസഹായം പഞ്ചായത്തു ചെയ്തു കൊടുക്കുക.

ഈ വാർഡിലുള്ള അദ്ധ്വസ്ഥ വിദ്യരായവരെ കണ്ടുപിടിച്ച് വാർഡിന്റെ വികസനപ്രക്രി

യകളിൽ അവരുടെപങ്കാളിത്തം ഉറപ്പുവരുത്തണം വികസന പ്രവർത്തനം ഈ വാർഡിൽ രൂപീകരിക്കുന്ന കമ്മിറ്റിയുടെമേൽനോട്ടത്തിൽ നടത്തണം

ഈ വാർഡിലുള്ള ഏക പബ്ളിക് മാർക്കറ്റാണ് നെല്ലിവിളയിലുള്ളത് അതിന്റെ പുനരുദ്ധാരണത്തിന് പഞ്ചായത്ത് അടിയന്തിര ശ്രദ്ധ ചെലുത്തണം ഈ മാർക്കറ്റിനെ പുതുക്കിപ്പണിയണം.

മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ പഞ്ചായത്തിലെയും, ഇലക്ട്രിസിറ്റി ബോർഡിലെയും, വാട്ടർ അതോറിറ്റിയുടെയും പൊതുജനങ്ങളെ വിഷമിപ്പിക്കുന്ന രീതിയിലുള്ള ഇന്നത്തെ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊടുക്കേണ്ടതാണ്.

കൃഷിയും ജലസേചനവും:-

വെണ്ണിയൂർ ചിറത്തലവിളാകത്തു നിന്നും ആരംഭിക്കുന്ന തോടിന്റെ ബണ്ട് ഇടിഞ്ഞുപൊടിഞ്ഞു കിടക്കുന്നത് കൃഷിയ്ക്കുള്ള ചെറുയന്ത്രങ്ങളും വളവും മറ്റും കൊണ്ടുപോകുന്നതിന് സഹായകമായി കാർഷിക റോഡ് നിർമ്മിക്കണം, നിലങ്ങളിൽ ശരിയായ രീതിയിൽ ജലം ലഭ്യമാകുന്നതിനുവേണ്ടി തോടിലെ ജലനിരപ്പും വയൽനിരപ്പും തമ്മിലുള്ള അത്തരം തകിടം മറിയ്ക്കുന്ന നടപടി അതായത് മണ്ണുവാരൽമുതലായ നടപടികളെനിരോധിച്ച് ഇരിപ്പ്നിലങ്ങളിൽ നെല്ലും ഇടവിള പയർ മുതലായവ നടുന്നതിനുള്ള നടപടിയും സ്വീകരിയ്ക്കണം. നിലം നികത്തി തെങ്ങ് നടുന്നതും മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്നതും നിയമം മൂലം തടസ്സപ്പെടുത്തണം. മണ്ണിനനുയോജ്യമായ, കൃമിയ്ക്കനുയോജ്യമായ യന്ത്രങ്ങളും ഏർപ്പാടാക്കി കാർഷികജോലികളും ലാകേരമുള്ളതാക്കി മാറ്റാൻഏർപ്പാടുണ്ടാക്കണം സാമൂഹ്യജലസേചന പദ്ധതികളും നടപ്പിലാക്കി കരഭൂമികളിൽ വാഴ, മലക്കറി മുതലായവ തെങ്ങിനു ഇടവിളകൃഷിയാക്കുകയും വയൽ നെൽകൃഷിയ്ക്ക് ഉപയോഗിക്കാൻ വിസമ്മതിക്കുന്നവരിൽ വിന്നും അവർക്കൊരുപാട്ടം കൊടുത്ത് നെൽകൃഷി നടത്താൻ തയ്യാറായി മുൻപോട്ട് വരുന്നവർക്ക്അതിനുള്ള കൃഷിസൗകര്യങ്ങളും ചെയ്തുകൊടുക്കാൻ ഏർപ്പാടുണ്ടാക്കണം. കൃമിയും കൃഷി നടത്തുന്നതിനു സാമ്പത്തിക സഹായത്തിലും അതുപോലെ പരിശീലനവും നൽകി സഹായിക്കണം. മകോഴിവളർത്തലിനും, ആടുവളർത്തൽ മാടുവളർത്തൽ തുടങ്ങിയ കാർഷികാനുബന്ധമായ പ്രവൃത്തികളും ചെയ്യുന്നതിനു കർഷകർക്ക് ബാങ്കുവായ്പ ഉൾപ്പെടെയുള്ള സഹായങ്ങളും ലഭ്യമാക്കണം. തരിശുഭൂമികളും കണ്ടെത്തിയെടുത്തിട്ടില്ലാത്തവർക്കു കൃഷിയ്ക്കുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും അത്തരം ഉല്പന്നങ്ങളും സഹകരണസംഘങ്ങളും മുഖാന്തിരമോ. പൊതുവിതരണ കേന്ദ്രങ്ങളും മുഖാന്തിരമോനടപ്പിലാക്കുന്നതിനു ഏർപ്പാടുണ്ടാക്കണം. കൈത്തൊഴിലുള്ള കൃഷികളെ പ്രോത്സാഹിപ്പിക്കണം. ആ തരം ഉൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ചെറുകിട തൊഴിൽ സ്ഥാപനങ്ങളും അതായത് ജാം, ജല്ലി തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്നതിനു നടപടികളും ഉണ്ടാക്കണം. പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുന്നതിനു എല്ലാ വീട്ടുകാർക്കും വിത്തും, വളവും സബ്സിഡി നിരക്കിൽ കൊടുക്കുകയും അവരെ അതിൽ തുടർച്ചയായി ആ കൃഷിയിൽ ഉറപ്പിച്ചു നിറുത്തുന്നതിനു ആവശ്യമായ ബോധവൽക്കരണം ഉൾപ്പെടെയുള്ള എല്ലാ സഹായങ്ങളും കൃഷിവേൻ ഉദ്യോഗസ്ഥർ മുഖാന്തിരവും ചെയ്യണം. തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനു 15 സെൻറ് വരെ സ്ഥലം സ്വന്തമായുള്ളവർക്ക് ജലസേചനത്തിനാവശ്യമായ ഏർപ്പാടുണ്ടാക്കുന്നതിലേയ്ക്കുവേണ്ടിഉദാരമായവ്യവസ്ഥയിൽ ധനസഹായങ്ങളും മറ്റും ലഭ്യമാക്കുന്നതിനു ബാങ്കുകളും, സഹകരണ സംഘങ്ങളും പോലുള്ളസ്ഥാപനങ്ങളും മുൻകൈ എടുക്കണം അതിനാവശ്യമായ നടപടികളും ഉണ്ടാക്കണം. പൊതുവായി തെങ്ങിനെ ബാധിക്കുന്ന കീടശല്യങ്ങളിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനു ആവശ്യമായ പ്രതിരോധ നടപടികളും അടിയന്തിരമായി ഉണ്ടാകണം. മണ്ണു പരിശോധന നടത്താൻ കൃഷിവേൻ മുഖേന സംവിധാനം ഉണ്ടാകണം അതിനു കൃഷിവേനിൽ തന്നെ ഒരു ലബോറട്ടറി സ്ഥാപിക്കണം. ഈ പ്രദേശത്തെ പ്രകൃതി ദത്തമായ നീർച്ചാലുകളും ഊറ്റുകളും ഇവസംരക്ഷിച്ച് നിർത്തണം. ഈ വാർഡിന്റെ ചിറത്തലവിളാകം എന്നു വിളിയ്ക്കുന്ന സ്ഥലത്തുനിന്നും വെണ്ണിയൂർഏലായുടെ കായലിനോട് ചേർന്നുകിടക്കുന്ന അതിവിസ്തൃതമായ ഇരിപ്പുനിലത്തിന്റെ വടക്കുഭാഗത്തുകിഴക്കുപടിഞ്ഞാറായി ഒഴുകി വെള്ളായണി കായലിൽ ചെന്നു ചേരുന്ന വേനൽക്കാലത്തും സമൃദ്ധമായി വെള്ളം കിട്ടുന്ന രണ്ട് രണ്ട്തോടുകളും ഇപ്പോഴും കാടുപിടിച്ച് കിടക്കുന്നു വീതിയുള്ള അതിന്റെകരഅന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്നു,

ഈ തോടിനെ സംരക്ഷിച്ച് നിർത്തണം. മണൽ വാരൽ നിരോധിക്കണം. ബണ്ട് മിനിലോറിയും ട്രാക്ടറും പോകത്തക്കരീതിയിൽ വീതികൂട്ടിബലപ്പെടുത്തണം. തോട്ടിനകത്ത് ക്രോസ്ബാറുകളും വേണ്ടിടത്ത് സൈഡ് വാളുകളും നിർമ്മിക്കണം. കന്നുകാലികളെ കുളിപ്പിക്കുന്നതിനും സംവിധാനം ഉണ്ടാക്കണം.

നെയ്യാർഡാമിലെ വെള്ളം യഥാസമയം കൃഷിയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. സ്ലൂയിസ് വാൽവുകൾ അറ്റകുറ്റപ്പണികൾ നടത്തണം.

ചിറത്തലവിളാകത്തുള്ള ഊറ്റ് സംരക്ഷണ പദ്ധതി പ്രകാരമുള്ള കിണറ്റിൽനിന്നും കുടിവെള്ളം ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണം. പനച്ചമൂട് എന്ന സ്ഥലനാമമുള്ള നീരുറവയിൽനിന്നും ലഭിക്കുന്ന ശുദ്ധജലവും കുടിവെള്ളം ലഭ്യമാക്കാൻ പദ്ധതി ഉണ്ടാക്കണം. കൃഷിവകുപ്പിന്റെ സമീപത്തുകൂടെ വെണ്ണിയൂർ ഏലായിലേയ്ക്കുള്ള രണ്ടുകാർഷിക ഇടവഴികളും കൃഷിയ്ക്ക് ഉപയോഗിക്കുന്നതിനുള്ള റോഡുകളും നിർമ്മിക്കണം.

R.K.N.റോഡ് വെണ്ണിയൂർ ഏലാകാർഷിക റോഡാക്കുന്നതിന് നടപടി ഉണ്ടാവണം. വെങ്ങാനൂർ ജംഗ്ഷനിൽ നിന്നും വെണ്ണിയൂർ ഏലായിലേയ്ക്കുള്ള പ്രധാനറോഡാണ്. വളരെ ശോചനീയാവസ്ഥയിലുള്ള ഈ റോഡ് പുനരുദ്ധരിക്കണം.

മൃഗസംരക്ഷണം

കന്നുകാലികളെ വളർത്തുന്നതിന് താല്പര്യമുള്ളവർക്ക് നല്ലയിനംകാലികളെ വാങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ചെയ്യണം. ബാങ്കുകളും സഹകരണ സ്ഥാപനങ്ങളും വായ്പാ ഉദാരവ്യവസ്ഥകളിൽ കൊടുക്കണം.

തീറ്റ, പിണ്ണാക്ക് മുതലായവയുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ നടപടി ഉണ്ടാവണം.

പാലിന് അതിന്റെ ഉല്പാദനചിലവിനനുസൃതമായ വില ലഭ്യമാക്കണം. അങ്ങിനെ കാലി വളർത്തലിൽ കർഷകരെ ഉറപ്പിച്ചുനിർത്താൻ സഹായിക്കണം.

കാലികൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിരോധ നടപടികൾ കാലാകാലങ്ങളിൽ മൃഗാശുപത്രി മുഖേന ഉണ്ടാകണം.

മൃഗാശുപത്രി ഉദ്യോഗസ്ഥൻമാർ വീടുകൾ സന്ദർശിച്ച് സ്ഥിതികൾ പരിശോധിച്ച് നടപടിയുണ്ടാവാനുള്ള സംവിധാനം ഉണ്ടാക്കണം

വ്യവസായം

ഈ വാർഡിൽ വ്യവസായ സ്ഥാപനമൊന്നുമില്ല. കൃഷിഉല്പന്നങ്ങൾ അടിസ്ഥാനപ്പെടുത്തി ചെറുകുടിൽ വ്യവസായങ്ങൾ നടപ്പാക്കണം. ഹരിജൻ സൊസൈറ്റി മുഖാന്തിരം ഒരുനെയ്ത്തു കേന്ദ്രമുണ്ട്. കൂടുതൽ തറികളും മറ്റും ഏർപ്പാടാക്കി ഒരുനല്ലനെയ്ത്ത് പരിശീലന ഉല്പാദനകേന്ദ്രമാക്കി മാറ്റാൻ ഏർപ്പാടുണ്ടാക്കണം.

കേന്ദ്ര ഗവൺമെന്റിന്റെ സ്കീം അനുസരിച്ച് 25 യൂണിറ്റിന്റെ പവ്വർലൂം സ്ഥാപിക്കാൻ നടപടി ഉണ്ടാകണം.

തൊണ്ട് ധാരാളം ലഭ്യമാകുന്നുണ്ട്. അതിനാൽ തൊണ്ടഴുക്കൽ നടത്തി തൊണ്ട് സംസ്കരണം കയർപിരി മുതലായ തൊഴിലുകൾക്ക് വേണ്ട നടപടിയുണ്ടാകണം.

വറ്റൽ, സ്കാഷ്, ജാം മുതലായവ ചെറു യൂണിറ്റ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് ഏർപ്പാടുണ്ടാകണം.

ഊർജ്ജം ഗതാഗതം

R. K. N. റോഡും, ഇന്ദിരാഗാന്ധി റോഡ് തൃപ്പലിയൂർ, മഹാവിഷ്ണു ക്ഷേത്രറോഡ് ഈ റോഡുകൾ വെണ്ണിയൂർ ഏലായ്ക്ക് കൃഷിആവശ്യങ്ങൾക്ക്ഏറ്റവും അത്യാവശ്യമായ റോഡാണ് ഈറോഡുകളുടെ പണികൾ പൂർത്തിയാക്കി വാഹനങ്ങൾ പോകാനുള്ള സൗകര്യമുണ്ടായാൽ കൃഷിക്കാർക്ക് ഏറ്റവും കൂടുതൽ ലാഭകരമാക്കാൻ കഴിയും. ആയതിനാൽ ഈ റോഡുകളുടെ പുനരുദ്ധാരണ പണികൾ അടിയന്തിരമായി ചെയ്യണം. വെങ്ങാനൂർ ജംഗ്ഷനിൽ നിന്നും ചാനൽ ബണ്ട്വഴി കല്ലുവെട്ടാൻകുഴി ചർച്ച് റോഡും. ബന്ധിപ്പിക്കുന്ന ജിപ്പ്റോഡ് നിർമ്മിക്കണം.

മുള്ളുകാട്ടുനിന്നും വെങ്ങാനൂർജംഗ്ഷൻ വരെയുള്ള ചാനൽ ബണ്ട്റോഡും നന്നാക്കണം.

ചിറത്തലവിളാകം സെറ്റിൽമെന്റ് കോളനി പ്രദേശത്ത് വഴിവിളക്ക് സ്ഥാപിക്കണം. വൈദ്യുതി ഇല്ലാത്ത അനേകം വീടുകളുണ്ട്. സെറ്റിൽമെന്റ് കോളനി വൈദ്യുതീകരണ പദ്ധതിയിൽപ്പെടുത്തി ഉടനെ ചിറത്തലവിളാകം സെറ്റിൽമെന്റ് കോളനി വൈദ്യുതീകരിക്കാൻ ഈ ഗ്രാമസഭയിൽ ആവശ്യപ്പെടുന്നു.

വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

ഇന്ദിരാഗാന്ധിറോഡ് അവസാനിക്കുന്നിടം വരെ വൈദ്യുതീകരിച്ചിട്ടില്ല. വളരെക്കാലമായി ആ പ്രദേശത്ത് വൈദ്യുതി എത്തിയിട്ടില്ല. അടിയന്തിരമായി ഇന്ദിരാഗാന്ധി റോഡിന്റെ ഭാഗം മുഴുവനും വൈദ്യുതീകരിക്കുകയും അമ്മാൻതോട്ടം കുളത്തിനടുത്ത് ഒരു ട്യൂബ് ലൈറ്റും സ്ഥാപിക്കണം.

കൃഷി ആവശ്യത്തിന് പമ്പുകൾവയ്ക്കുന്നതിന് തോട് ബണ്ട്റോഡ് വൈദ്യുതീകരിക്കുന്നതിന് നടപടി എടുക്കണം. സൂര്യവെളിച്ചത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് 3 നാലു സ്ഥലങ്ങളിൽ ഓരോ വൈദ്യുതിവിളക്ക് സ്ഥാപിക്കണം. ഉചിതമായ സ്ഥലം പദ്ധതി നടപ്പാകുമ്പോൾ വാർഡിൽ ഏർപ്പാടുണ്ടാക്കും.

കുടിവെള്ളം ആരോഗ്യം

പ്രകൃതിദത്തമായി വളരെയേറെ അനുഗ്രഹീതമായ പ്രദേശമാണ്. ഏതുവേനലിലും യഥേഷ്ടം ശുദ്ധജലം ലഭിക്കുന്ന നീരുറവകളും നീർച്ചാലുകളുമുള്ള പ്രദേശം പക്ഷെ അതിനെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് നാളിതുവരെ ശ്രമിച്ചിട്ടില്ല ഫലമോ? വേനൽ ആരംഭിക്കുമ്പോൾ കുടിവെള്ളപ്രശ്നം രൂക്ഷമാകുന്നു. വെണ്ണിയൂർ എന്നവാക്കുതന്നെ വെൺ+നീർ+ഉർ=വെണ്ണിയൂർ എന്നാണ് പഴമക്കാർ പറഞ്ഞു കേട്ടിട്ടുള്ളത്, ഏകദേശം 10 വർഷം മുമ്പ് വൻ വരൾച്ചാകാലത്ത് ചിറത്തലവിളാകത്തുള്ള ഒരു നീരുറവ സംരക്ഷിച്ച് ശുദ്ധജലമെത്തിക്കുന്നതിന് ഒരു പദ്ധതി ബ്ലോക്കടിസ്ഥാനത്തിൽ നടപ്പിലാക്കി എന്നാണ് പറഞ്ഞിരുന്നത് കിണർ ഉറകെട്ടിയതല്ലാതെ മേൽനടപടി ഉണ്ടായില്ല.

മേൽപറഞ്ഞ ഊറ്റുപദ്ധതിയെ പുനഃരുജ്ജീവിപ്പിച്ച് ചെറുകിടപദ്ധതിയിൽപ്പെടുത്തി ജലം ശുദ്ധീകരിച്ച് കുടിവെള്ളം എത്തിക്കാൻ ഏർപ്പാടുണ്ടാക്കണം. പഞ്ചായത്ത് ബഡ്ജറ്റിലും ഇതിലേയ്ക്ക്വേണ്ടി കഴിവിനനുസരിച്ച് തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. അഞ്ചുവാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. വാട്ടർ അതോറിറ്റി ഈ കാര്യത്തിൽ അന്വേഷണം നടത്തിപോയിട്ടുണ്ട്. അവരുടെ അഭിപ്രായം ഈ പദ്ധതിയ്ക്ക് തടസ്സമായിട്ടുണ്ട്. അത് മാറ്റി ചിറത്തല വിളാകം പദ്ധതി നടപ്പാക്കണം.

അതുപോലെ പനച്ചമുട്ടുവിളാകം എന്ന സ്ഥലത്ത് നീരുറവയുണ്ട് നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന നീരുറവകളാണ് എന്നതിന് രേഖയുണ്ട്. ഈ നീരുറവകളെഫലപ്രദമായി ഉപയോഗിക്കാൻ വേണ്ടസാങ്കേതിക ഉപദേശവും നടപടികളും എടുക്കേണ്ടവർ അനാസ്ഥ കാണിക്കുന്നത് നിർത്തണം. ഈ പദ്ധതികൾ നടപ്പാക്കുന്നതിന് അടിയന്തിരനടപടികൾഉണ്ടാക്കണം.

വെങ്ങാനൂർ പഞ്ചായത്തിലല്ലെങ്കിലും ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ചന്തയുടെ ഒരുവശം 7–ാം വാർഡിന്റെ ഭാഗത്തുകൂടെ ഒഴുകുന്ന ചാനൽക്കരയിലാണ് സ്ഥിതി ചെയ്യുന്നത്. ചന്തയിലെമാലിന്യങ്ങൾ ചാനലിനകത്ത്നിക്ഷേപിക്കുന്നത് കാരണം ചാനൽ മലിനമാകുന്നു. ചാനലിൽ ജലം തുറക്കുമ്പോൾ അടവുകാരണം വൻ നാറ്റവും പരിസര മലിനീകരണവും മൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു.

മേൽപറഞ്ഞ ചന്തയിലെ മലിനവസ്തുക്കൾ നിക്ഷേപിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകാൻ ശ്രദ്ധിക്കണം. വിഴിഞ്ഞം പഞ്ചായത്ത് പ്രദേശത്താണ് ചന്ത സ്ഥിതിചെയ്യുന്നത്.

വിഴിഞ്ഞം CHC. യാണ് ഏകആശുപത്രി മുട്ടയ്ക്കാട് ആയുർവേദ ആശുപത്രിയുമുണ്ട്. 7–ാംവാർഡിൽ ഒരുമിഡ്വൈഫറി സെന്ററുണ്ട് പ്രവർത്തനം തൃപ്തികരമല്ല. ആഴ്ചയിൽ ഒരു ദിവസം ഡോക്ടറുടെസേവനം ഉറപ്പുവരുത്തണം. C H C. യുടെ പ്രവർത്തനം വളരെ ശോചനീയമാണ്. പരിസരം ശുചീകരിച്ച് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. പ്രസവ ആശുപത്രിയെന്നാണ് പറയുന്നതെങ്കിലും ഡോക്ടറുടെ സേവനസമയത്ത് ലഭിക്കുന്നില്ലാഎന്ന വ്യാപകമായ പരാതിയുണ്ട് അതുമാറ്റി സ്ഥിരമായ ഡോക്ടർ ഉണ്ടാകണം.

ഡോക്ടർക്ക് താമസിക്കാൻ ക്വാർട്ടേഴ്സ് ഉണ്ട്. പക്ഷെ താമസമില്ല. ആയതിനാൽ രോഗികൾ വൻ ബുദ്ധിമുട്ടനുഭവിക്കുന്നു. ആരോഗ്യ വകുപ്പിന്റെ അടിയന്തിരശ്രദ്ധ ഉണ്ടാകണം. ആശുപത്രി സ്റ്റാഫിന്റെ കുറവുണ്ട്. അതും പരിഹരിക്കണം. ആവശ്യമായ മരുന്നില്ല, പുറത്തുനിന്ന് വാങ്ങികൊടുക്കണമെന്ന സ്ഥിതിയാണുള്ളത്. ഇതിന് പരിഹാരമുണ്ടാകണം.

പകർച്ചവ്യാധികൾ ചിലപ്പോൾ പിടികൂടാറുണ്ട് ഇടപെടലുകൾ കൊണ്ട് നിയന്ത്രണവിധേയമാകുന്നുണ്ട്. പകർച്ചവ്യാധികൾ പാടെ ഇല്ലാതാക്കാനുള്ള രോഗപ്രതിരോധ നടപടികൾ കൈകൊള്ളേണ്ടതുണ്ട്. ജനങ്ങളുടെ സഹായസഹകരണത്തോടുകൂടി പരിഹാരം കാണേണ്ടതിന് ഏർപ്പാടുണ്ടാകണം.

ഭവനനിർമ്മാണം സാമൂഹ്യക്ഷേമം

കക്കൂസ് സൗകര്യങ്ങൾ പൂർണ്ണമല്ല. വാർഡിൽ 35% ആളുകൾക്ക് കക്കൂസില്ല. നിലവിൽ 220 കക്കൂസുകൾ ആവശ്യമുണ്ട്. 650 വീടുകളാണ് ഉള്ളത്. ഓലയും, ഓടും വീടുകളാണ്കൂടുതലും, വീടില്ലാത്തവരായും ഓല ഷെഡിൽ താമസിക്കുന്നവരും ഉണ്ട്. അവർക്ക് വീട് വച്ച് കൊടുക്കുന്നതിന് ആവശ്യമായ ധനം പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് പര്യാപ്തമായഫണ്ട് ലഭ്യമാക്കുന്നതിന് നടപടി ഉണ്ടാകണം. പട്ടികജാതി വിഭാഗക്കാർ ജനസംഖ്യയിൽ മൂന്നിലൊരു ഭാഗമുണ്ട്. കുടിലുകളിൽ താമസിക്കുന്നവരിൽ ഭൂരിഭാഗവും ആദിവാസികളാണ്. അടിസ്ഥാന സൗകര്യം തീരെകുറവായവർക്ക് സെറ്റിൽമെന്റ് കോളനി ഒരെണ്ണമുണ്ട്. ചിറത്തലവിളാകം റോഡും, വൈദ്യുതിയും ഇല്ല. ക്ഷേമപ്രവർത്തനങ്ങളിൽ എടുത്തുപറയാനൊന്നുമില്ല ചിലപെൻഷൻ പദ്ധതി പ്രകാരം നാമമാത്രമായി ചിലർക്ക് പെൻഷൻ കിട്ടുന്നു. പാവപ്പെട്ട പട്ടികജാതിക്കാർക്കും മറ്റുവിഭാഗങ്ങളിലെ അവശർക്കും പെൻഷൻ പദ്ധതി നടപ്പിലാക്കണം. കർഷകതൊഴിലാളിപെൻഷൻ, അഗതി, വിധവാ, വാർദ്ധക്യ പെൻഷൻ അർഹതയുള്ളവർക്ക് നൽകാൻനടപടി ഉണ്ടാകണം.

അംഗൻവാടി ഈവാർഡിൽ ഇല്ല. അംഗൻവാടി സ്ഥാപിക്കണം സെറ്റിൽമെന്റ് കോളനി പ്രദേശത്ത് നഴ്സറിസ്കൂൾ സ്ഥാപിക്കണം.

സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെയും, പട്ടികജാതിവിഭാഗങ്ങളുടെയും സാമൂഹ്യ പിന്നോക്കാവസ്ഥ മാറുന്നതിനുള്ള എല്ലാ കാര്യങ്ങളിലും ജനങ്ങളുടെസഹകരണത്തോടെ പുരോഗതിയുണ്ടാക്കുന്നതിന് വേണ്ടുന്ന നടപടികൾ കൈക്കൊള്ളുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കണം.

വനിത വിഭവസമാഹരണം

ജനസംഖ്യയിൽ കൂടുതൽസ്ത്രീകളാണ് തൊഴിൽപരമായി ഏറ്റവും പിന്നിലാണ് സ്ത്രീകളുടെ നില. പെൺകുട്ടികൾ പഠിത്തത്തിൽ മുന്നിലാണ് കോളേജിൽ പോകുന്നതിലും പെൺകുട്ടികളാണ് മുന്നിൽ.

കാർഷികമേഖലയിൽ സ്ത്രീകളുടെപങ്കാളിത്തം കുറവാണ്.

നെൽകൃഷിയുണ്ടായിരുന്നപ്പോൾ കർഷകതൊഴിലാളികളിൽ നല്ലപങ്ക് സ്ത്രീതൊഴിലാളികളായിരുന്നു.

സാമ്പത്തികമായും ഒട്ടൊക്കെ സാമൂഹികമായും പിന്നോക്കവസ്ഥയാണ് സ്ത്രീകൾ ഇന്നനുഭവിക്കുന്നത്.

ചിരായ നിരോധനം സ്ത്രീകളുടെഇടയിൽ വ്യാപകമായി സ്വാഗതം ചെയ്യുന്നു.

ചെറുകച്ചവടം നടത്തുന്ന സ്ത്രീകൾക്ക് അവരുടെ കച്ചവടം കൂടുതൽ പുഷ്ടിപ്പെടുത്തുന്നതിന് ബാങ്ക്, സഹകരണ സ്ഥാപനങ്ങൾനല്കുന്നതിയിൽ സഹായിക്കണം. അതിന് പഞ്ചായത്ത് നടപടി എടുക്കണം.

മലക്കറികൃഷി, കൂൺകൃഷി എന്നിവയിൽ പരിശീലനം നൽകി ആവക കൃഷികളിൽ അവരെ വ്യാപൃതരാക്കാൻ നടപടി എടുക്കണം.

വറ്റൽ, അച്ചാർ, ജാം മുതലായവ ഉണ്ടാക്കി വിപണികളിൽ എത്തിക്കുന്നതിന് പരിശീലനവും സാമ്പത്തികസഹായവും ചെയ്തുകൊ

ണ്ടാക്കണം. പ്രസ്തുത വാർഡിൽ ധാരാളം പട്ടികജാതിക്കാർ ഉന്നത വിദ്യാഭ്യാസം നേടിയവർ ഉണ്ട്. ഇവരെ കണ്ടുപിടിച്ച് ഗ്രൂപ്പായോ, വ്യക്തിപരമായോ, സ്വന്തമായോ തൊഴിൽ ചെയ്യാനുള്ളസംവിധാനം ഉണ്ടാകണം.. ഈവാർഡ് ഹരിജൻ വാർഡ് എന്ന പരിഗണന വച്ചുകൊണ്ട് പഞ്ചായത്തിന്റെ ഒരു വ്യവസായ യൂണിറ്റ് ഉണ്ടാക്കാൻ താല്പര്യപ്പെടുന്നു. പ്രസ്തുതവാർഡിൽ ഒരേക്കറും മേമി പഴയ ടിടിറ്റഫാക്ടറി സഹകരണ മേഖലയിൽ മഴിഞ്ഞുകിടക്കുന്നു. ഈ മേമി സർക്കാർ എറെടുത്ത് അവിടെ ഒരു വ്യവസായ യൂണിറ്റ് ഉണ്ടാക്കണം. നിലവിലുള്ളവ മെച്ചപ്പെടുത്തുക ഓരോ ലക്ഷംവീടും കേന്ദ്രീകരിച്ച് ഒരു നഴ്സറി നിർമ്മിക്കുവാനും സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ ലഭ്യമാക്കാനും ഉള്ള ഏർപ്പാട് ഉണ്ടാക്കണം. ഇതിന്റെ പ്രവർത്തനം ഗണ്യമായ രീതിയിൽ പ്രവർത്തിപ്പിക്കണം.

വെണ്ണിയൂർ മഠം ഹരിജൻ സെറ്റിൽമെൻറ് ഏരിയയിൽ ഒരു മിഡ്വൈഫറി സെൻറർ ഉണ്ട്. അവിടെ ഒരാഴ്ചയൊരിക്കൽ ഡോക്ടർ വരാനും സ്ഥിരമായിഒരുമിഡ്വൈഫ്നെ ഉണ്ടാകാനും ഉള്ള സത്വരനടപടി സ്വീകരിക്കണം. പൊവേ പ്രവർത്തനക്ഷമമല്ലാത്ത ആ മിഡ്വൈഫറി സെൻറ് പ്രവർത്തിപ്പിക്കാനുള്ള ഏർപ്പാട് ഉണ്ടാക്കണം.

സംസ്ക്കാരപരമായി ഈ വാർഡിൽ ഗ്രന്ഥശാലകളും വായനശാലകളും കുറവാണ്. റേഡിയോ കാസ്കു് പ്രവർത്തിക്കുന്നില്ല.

ഇവിടെ സാംസ്ക്കാരികസ്ഥാപനങ്ങളോ കേന്ദ്രങ്ങളോ ഇല്ല. വായനശാലകളും ഗ്രന്ഥശാലകളും സ്പോർട്ട്സ് ക്ലബുകളും ഇവിടെ ആവശ്യമാണ്.

ഒരു വ്യവസായ യൂണിറ്റ് ഈ വാർഡിൽ ഉണ്ടായിരുന്നു. ഇപ്പോഴം അത് നിലവിലില്ല. പച്ചതൊണ്ടിൽ നിന്നും ഉല്പാദിപ്പിക്കുന്ന ചകിരി ഉല്പന്നങ്ങളം ഉണ്ടാകുന്നതിനുള്ള ഫാക്ടറിയും അത് വിപണനം ചെയ്യുന്നതിനുള്ള ശാലയും കണ്ടെത്തണം.

കൈത്തറി ഉല്പന്നങ്ങളം ഉണ്ടാക്കാനുള്ള നെയ്ത്തുശാല ഉണ്ടാകണം.

വ്യവസായം തുടങ്ങുന്നതിന് ഇപ്പോഴുള്ള വൈദ്യുതി പോര. പാരമ്പര്യേതര ഊർജ്ജ സ്രോതസുകളെ അടിസ്ഥാനമാക്കിയുള്ള വ്യവസായം ഉണ്ടാകണം.

ഈ വാർഡിൽ Wood Product ഉണ്ടാകണം.

ഈ വാർഡിൽ പതിനാറ് കിലോമീറ്റർ റോഡ് ഉണ്ട്. ടാറിട്ടിട്ടില്ലാത്ത റോഡുകളാണ് ഇവയിൽ മിക്കതിലും വൈദ്യുതി കണക്ഷൻഎത്തിയിട്ടില്ല.

P. W. D. *6 കിലോമീറ്റർ ടാറിട്ടത് ടാറിടാനുള്ള റോഡുകൾ*

(1) R. K. N. റോഡ് റോഡുകം

(2) തുടലിവിള റോഡ് പനങ്ങോട്

(3) വെട്ടുവിള കയ്പ്പള്ളിക്കുഴിറോഡ്

(4) വെട്ടുവിള പാലറവിള റോഡ്

(5) വെട്ടുവിള തുമ്പറവിളാകം റോഡ്

(6) ചുടുകാട് തുമ്പിളിയോട് റോഡ്

(6) ചുടുകാട് തുമ്പിളിയോട് റോഡ്

(7) കാട്ടുകുളം വവ്വാമൂല റോഡ്

(8) തുടലിവിള പഞ്ചായത്ത് സ്റ്റേഡിയം റോഡ്

(9) R. K. N. റോഡിൽ നിന്നും പഞ്ചായത്ത് സ്റ്റേഡിയം വരെ

(10) കാട്ടുകുളം കായൽക്കര റോഡ്

ഊർജ്ജത്തിന്റെ കാര്യത്തിൽ ഈ വാർഡിൽ K. W. 300 കിട്ടുന്നുള്ളു. 800 K. W. വൈദ്യുതി ആവശ്യമാണ്. 500 K. W. കുറവുണ്ട് അതുപരിഹരിക്കാനുള്ള മാർഗ്ഗങ്ങം ഉണ്ടാവണം സ്ട്രീറ്റ് ലൈനിന്റെ എണ്ണം കുറവാണ് പഞ്ചായത്തു റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ഇല്ല. വൈദ്യുതി കണക്ഷൻ ഇല്ലാത്ത വീടുകളിൽ വൈദ്യുതി കണക്ഷൻ കൊടുക്കണം., ഈപഞ്ചായത്തിൽ ഒരു ഡീസൽപവ്വർ പ്രോജക്ട് ആവശ്യമാണ്. വൈദ്യുതി മുടക്കം ഈപഞ്ചായത്തിന്റെ പ്രശ്നമാണ് അനർട്ടിന്റെ സൗരോർജ്ജവിളക്ക് സൗജന്യനിരക്കിൽ കൊടുക്കുന്നതിനുള്ള വ്യവസ്ഥകം ചെയ്യണം.

വാർഡിൽ പൊതുമാർക്കറ്റില്ല.

പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് ആവശ്യമാണ്.

III, വിദ്യാഭ്യാസം

ഈ വാർഡിൽ സ്ക്കൂൾ ഇല്ല. പാരലൽ കോളേജും നിലവിൽ ഇല്ല. ഒരു അംഗൻവാടി സ്ഥിതി ചെയ്യുന്നു. ഈ വാർഡിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും ഇല്ല. വാർഡിൽ വായനശാലയും ഗ്രന്ഥശാലയും നിലവിൽ ഇല്ല. ഇവിടെനിന്നും സ്ക്കൂളിൽപോകാൻ രണ്ട് കിലോമീറ്ററിൽ കൂടതൽയാത്രചെയ്തു പോകുന്ന കുട്ടികൾ ഉണ്ട്. ഈ വാർഡിൽ സ്ഥിതിചെയ്യുന്ന നേഴ്സറി സ്ക്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കണം. ഈ നേഴ്സറി സ്ക്കൂളിനെ മുട്ടയ്ക്കാട് L P S നോട് ചേർത്ത് നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. മുട്ടയ്ക്കാട് L P S നെ അടിയന്തിരമായി U P S ആക്കുന്നതിന് വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കണം. ഈ വാർഡിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കണം.

IV കുടിവെള്ളവും, പൊതുജനാരോഗ്യവും

ഈ വാർഡിൽ ഒരു പി. എച്ച്. ഡി. സെൻറർ സ്ഥിതി ചെയ്യുന്നു. ഈ വാർഡിൽ മൂന്ന് സ്വകാര്യആശുപത്രികൾ ഉണ്ട്. ആഴാകുളം-ജംഗ്ഷൻ, പെരുമരം, പോറോട് എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

ഏകദേശം എഴുപത്തഞ്ച് വീടുകളിൽ കക്കൂസ് ഇല്ല. കക്കൂസ് ഇല്ലാത്ത വീടുകളിൽ അത് സ്ഥാപിക്കാൻ വേണ്ടത്ര ധനസഹായം നൽകിയാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും.

വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഹൈറ് ഡ്യൂട്ടിക്ക് വേണ്ടത്ര ഡോക്ടറെ നിയമിക്കണം. കുടുംബക്ഷേമ പ്രവർത്തനം വേണ്ടത്ര രീതിയിൽ നടക്കുന്നില്ല. ആശുപത്രിയിലെ ജീവനക്കാർ ഗൃഹസന്ദർശനം നടത്താറില്ല.

കുടിവെള്ളക്ഷാമം ഉണ്ടായാൽ വേണ്ടത്ര നടപടികൾ സ്വീകരിക്കാറില്ല. വാട്ടർഅതോറിറ്റിയുടെ അശ്രദ്ധ കാരണം കുടിവെള്ളത്തിന് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇതു പരിഹരിക്കാൻ ഈജീവനക്കാരെ പഞ്ചായത്തുമായി ബന്ധപ്പെടുത്തണം.

V വ്യവസായം

നമ്മുടെ വാർഡിൽ വ്യവസായ സ്ഥാപനങ്ങൾ ഒന്നുമില്ല. ഇവിടത്തെ പ്രധാന വ്യവസായം കരങ്കല്ല്, കയർ എന്നിവയാണ്.

പരമ്പരാഗതമായ വ്യവസായങ്ങളൊന്നുമില്ല. വനിതാവ്യവസായ യൂണിറ്റുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. പരമ്പരാഗത വ്യവസായങ്ങൾ കഴിഞ്ഞഏതാനും വർഷങ്ങൾകൊണ്ട് കുറയുകയാണ്.

കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു വ്യവസായവും പ്രവർത്തിക്കുന്നില്ല. കരിങ്കൽ വ്യവസായമാണ് കൂടുതൽപേർക്കും തൊഴിൽ നൽകുന്നത്.

VI ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

വാഹന ഗതാഗത സൗകര്യമില്ലാത്ത പ്രദേശം ആഴാകുളം-മുട്ടയ്ക്കാട് റോഡാണ്. ആറുമാസത്തിനുള്ളിൽ അറ്റകുറ്റപ്പണി ചെയ്തറോഡാണ് പെരുമരം. ഈ പ്രദേശത്തു ചിലസ്ഥലങ്ങളിൽ വൈദ്യുതി ലഭിച്ചിട്ടില്ല. വാർഡിൽ ഒരു മാർക്കറ്റ് നിലവിലുണ്ട്. വീടുകളിൽ സാധാരണയായി പാചകത്തിന് വിറക് ആണ് കൂടുതലായി ഉപയോഗിക്കുന്നത്. റോഡുകളുടെ അവസ്ഥ വളരെ മോശമാണ്.

ഈ വാർഡിൽ, കൂടുതലായി ഗതാഗതമുള്ള റോഡ് ആഴാകുളം വിഴിഞ്ഞം റോഡാണ്. വാർഡിൽ വൈദ്യുതി എത്താത്തതിന്റെ പ്രധാന കാരണം പോസ്റ്റിന് ഈടാക്കുന്ന അമിതമായ ചാർജ്ജാണ്. വൈദ്യുതി വോൾട്ടേജ് തൃപ്തികരമാണ്. വാർഡിൽ സ്ട്രീറ്റ് ലൈറ്റുകളുടെ സ്ഥിതി ഏറെക്കുറെമെച്ചപ്പെട്ടതാണ്. മാർക്കറ്റ് മെച്ചപ്പെടുത്താൻ അതിന്റെ പ്രവർത്തന സമയം നേരത്തെ ആക്കുക.

VII ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

ഈ വാർഡിൽ ഏകദേശം 400 ഓളം വീടുകളുണ്ട്.ലക്ഷം വീട് കോളനി ഈ വാർഡിൽ ഇല്ല പഞ്ചായത്തിൽ ഭവന നിർമ്മാണ സംഘം പ്രവർത്തിക്കുന്നില്ല, പാടം നികത്തി കെട്ടിടം പണിയുന്ന അവസ്ഥ ഇവിടെ ഇല്ല.

ടുക്കണം.

7–ാം വാർഡിൽ പ്രവർത്തിക്കുന്ന ഹരിജൻ നെയ്ത്തു സഹകരണസംഘം കൂടുതലാളുകളെ പരിശീലിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്ന ഒരുല്പാദന പരിശീലന വിപണനകേന്ദ്രമായി ഉയർത്താൻ പഞ്ചായത്ത് മുൻകൈയെടുക്കണം. അതിലേക്ക് കൂടുതൽ നടപടികളും കൈക്കൊള്ളുന്നതിന് പഞ്ചായത്ത് ഏറ്റെടുക്കണം. ഹരിജൻ വനിതാഹോസ്റ്റൽ പ്രവർത്തനംകൂടുതൽ കാര്യക്ഷമമായി നടക്കുന്നുവെന്നുറപ്പു വരുത്താനുള്ള നടപടികളും കൈക്കൊള്ളണം.

പട്ടികജാതി-പട്ടികവർഗ്ഗം

അംബേദ്കർ ഗ്രാമം, ചിറത്തല വിളാകം സെറ്റിൽമെന്റ് കോളനിയിലെയും കുടുംബങ്ങളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി ഉണ്ടാവണം.

വൈദ്യുതി, കുടിവെള്ളം, ശുചിത്വം ഈ കാര്യങ്ങൾക്ക് അടിയന്തിര നടപടി സ്വീകരിക്കണം. നഴ്സറിസ്കൂൾ സ്ഥാപിക്കണം. തൊഴിലില്ലാത്തവർക്ക് തൊഴിലെടുത്ത് ജീവിക്കുന്നതിന് സൗകര്യമുണ്ടാക്കിക്കൊടുക്കണം.

കൃഷിയിൽ താല്പര്യമുണ്ടാക്കാൻ ശ്രദ്ധിക്കണം. കൃഷിഭൂമി വാങ്ങുന്നതിന് സഹായിക്കണം. ആട്, കോഴി, പശുവളർത്തലിന് സാമ്പത്തിക സഹായം നൽകി സ്വയം തൊഴിലിൽ ഏർപ്പെടാനുള്ള പശ്ചാത്തല സൗകര്യമുണ്ടാക്കിക്കൊടുക്കണം. വീടില്ലാത്തവർക്ക് സ്വന്തമായി വീട് വയ്ക്കാൻ ഭൂമിയില്ലാത്തവർക്കും നാലു സെന്റ് ഭൂമിയെങ്കിലും വീട് വയ്ക്കുന്നതിനു വേണ്ടി വാങ്ങിക്കൊടുക്കണം. വീടുവയ്ക്കാൻ ഗ്രാന്റനുവദിക്കണം. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസത്തിനു വേണ്ടി ആവശ്യമായ ഉപദേശങ്ങളും, സാമ്പത്തിക സഹായവും ചെയ്തുകൊടുക്കണം.

വാർഡ് 8

വെങ്ങാനൂർ പഞ്ചായത്തിലെ 8–ാം വാർഡിൽ വയൽ നികത്തി വീടുവയ്ക്കുന്ന പ്രവണത മാറ്റി നെൽകൃഷിക്കാരെ സഹായിക്കണം. നെൽകൃഷിയ്ക്ക് കൂടുതൽ പ്രോത്സാഹനം നൽകുക. തെങ്ങ് കൃഷി അനുവദിക്കരുത്. പച്ചക്കറി കൃഷിയ്ക്ക് കൂടുതൽ പ്രോത്സാഹനം കൊടുക്കണം. പച്ചക്കറി വിപണന സംസ്കരണ കേന്ദ്രം തുടങ്ങണം. കൃഷിഭവനിൽ നിന്നും എല്ലാവിഭാഗം കർഷകർക്കും വിത്തും, വളവും, കീടനാശിനികളും ലഭ്യമാക്കാൻ വേണ്ട സംവിധാനം ചെയ്യണം.

കായൽ വറ്റിച്ച് കൂടുതൽ കൃഷിസ്ഥലങ്ങൾ ഉണ്ടാക്കണം. വരുമാനം നോക്കാതെ 5 സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് സൗജന്യമായി പച്ചക്കറി വിത്തുകളും, വളങ്ങളും, കീടനാശിനികളും സൗജന്യമായി കൃഷിഭവൻ വഴിവിതരണംചെയ്യാനുള്ള ഏർപ്പാടുചെയ്യണം. ഇതുവരെ കൃഷിഭവനിൽ രാഷ്ട്രീയസ്വാധീനം ഉപയോഗിച്ചാണ് കാര്യങ്ങൾ നടത്തിയിരുന്നത്. ഇനിഅത് മാറണം.

വേനൽക്കാലത്ത് കാഡാപദ്ധതിയനുസരിച്ച് ജലസംഭരണികളിൽ നിന്നും ചാനൽവഴി കൃഷി ചെയ്യുന്നതിന് ചാനൽവെള്ളം വിടാനുള്ള ഏർപ്പാടുചെയ്യണം.

വെങ്ങാനൂർ നിന്നും കല്ലുവെട്ടാൻകുഴി മുട്ടയ്ക്കാട് പോകുന്ന ചാനൽവെള്ളം കൈചാനൽ വഴി പനങ്ങോട് എത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

പനങ്ങോട് കൈപ്പള്ളിക്കുഴിതോട് മെയ്ന്റനൻസ് ചെയ്ത് കൂടുതൽ വെള്ളം വിടാനുള്ള സംവിധാനം ചെയ്യണം.

കുടിവെള്ളം പൊതുജനാരോഗ്യം

തിരുവനന്തപുരത്തു നിന്നും I.T D.C. യിലേക്ക്വരുന്ന ശുദ്ധജലം, പനങ്ങോട് വാർഡിന്റെ എല്ലാ മുക്കിലും മൂലയിലും എത്തിക്കാനും പബ്ലിക്ക് പൈപ്പും, ടാപ്പും ഫിറ്റ് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തണം.

ചിത്തയായി കിടക്കുന്ന പബ്ലിക്ക് പൈപ്പുകളും നന്നാക്കാനുള്ള ഏർപ്പാട് ചെയ്യണം. ഉയരം കൂടിയഭാഗത്തും താഴ്ന്ന പ്രദേശത്തും ഒരുപോലെ ജലം ലഭിക്കത്തക്കരീതിയിൽ Storage Tank നിർമ്മിക്കണം.

കാർഷികകോളേജിൽനിന്നും വെണ്ണിയൂർ വാട്ടർസപ്ലൈ സ്കീമിൽ നിന്നും വരുന്നജലം ശുദ്ധീകരിക്കാനും ചെളിവെള്ളം മാറുന്നതിനു വേണ്ട ഏർപ്പാടുചെയ്യണം.

കൈപ്പള്ളിക്കുഴി, തുമ്പിളിയോട് (കാട്ടുകുളം) മുല്ലൈനട, വെണ്ണിയൂർ പമ്പ്സൈറ്റ്, ആരിയോട്ടുകോണം തുടങ്ങിയ സ്ഥലങ്ങളിൽ ഉള്ള നീരുറവകളും നാട്ടുകാർക്ക് ഉപയോഗപ്രദമായ രീതിയിൽ തിരിച്ചുവിടാനും സംരക്ഷിക്കാനും വേണ്ട ഏർപ്പാട് ചെയ്യണം.

പൊതുജനാരോഗ്യത്തിന് ഈ വാർഡിലെ കാട്ടുകുളം കോളനിയിലെ 50ഓളംകുടുംബങ്ങളും പൊതുവായി ഉപയോഗിക്കുന്ന കിണർ കഴിയുക്കതും വേഗം തുൺകെട്ടിക്കെട്ടി നന്നാക്കാൻ വേണ്ട ഏർപ്പാട് ചെയ്യണം.

കക്കൂസ് ഇല്ലാത്ത വീടുകളിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മിക്കേണ്ട ഏർപ്പാട് ചെയ്യണം. അതിനായി ഒരു സർവ്വെ നടത്തണം.

വെങ്ങാനൂർ പഞ്ചായത്തിലെ 8—ാം വാർഡ് 3000 പേരാണ് ഉള്ളത് ഈ വാർഡിൽ കഴിയുന്നതും വേഗം ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം. കൊച്ചുകുട്ടികളും തിങ്ങിപാർക്കുന്ന കോളനികളും കൂടുതലുള്ള വാർഡ് ആയതിനാൽ കുറഞ്ഞ ചിലവിൽ മരുന്ന് ലഭ്യമാക്കാൻ ഗവൺമെൻറ് തലത്തിൽ ഉടൻ നടപടി ഉണ്ടാകണം.

പൊതുസ്മശാനത്തിന് സർക്കാർ ഏറെറടുത്ത സ്ഥലത്ത് ഉടൻ തന്നെ ശ്മശാനം തുടങ്ങാനുള്ള ഏർപ്പാട് ചെയ്യണം.

നാലുകോളനികളും ഉൾപ്പെട്ട വാർഡാണിത്. ഇതിൽ ധാരാളം അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതരാണ് ഉള്ളത്. അവർക്കുതൊഴിൽ ഇല്ലാത്തതിനാൽ അധികമാളുകളും ദാരിദ്രരേഖയ്ക്കുതാഴെയാണ്. കൂടുതൽ തൊഴിലവസരങ്ങളും സ്ത്രീകൾക്കുണ്ടാകാനുള്ള പദ്ധതികളും ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്നു.

കൂലിനിരക്കിൽ സ്ത്രീപുരുഷ അന്തരം കാർഷികമേഖലയിലാണ്. തുല്യജോലി ചെയ്യുന്നമേഖലയിൽ തുല്യവേതനം ലഭിക്കണം.

ഈ വാർഡിൽ സ്ത്രീ പീഡനം കുറവാണ് അശ്ലീലപടങ്ങളും പ്രദർശിപ്പിക്കുന്നത് ഗവൺമെൻറ് തലത്തിൽ നിരോധിക്കണം എന്ന് ശക്തിയായി ആവശ്യപ്പെട്ടു. നിയമംമൂലം ഇത്തരം പരസ്യങ്ങൾ തടയുന്നതിന് പഞ്ചായത്തുതലത്തിലുള്ള പ്രവർത്തനം ഉണ്ടാകണം.

മദ്യനിരോധനം കൂടുതൽ ശക്തമാക്കണം എന്ന് വനിതകൾ ആവശ്യപ്പെട്ടു. വിദേശമദ്യം ഉൽപ്പെടെയുള്ള എല്ലാത്തരം ലഹരിക്കും മയക്കുമരുന്നിനും എതിരെ ശക്തമായ എതിർപ്പ് വനിതകളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

ഗതാഗതത്തിന് ഈ വാർഡിൽ സൗകര്യം ഉണ്ടെങ്കിലും ജനോപകാരപ്രദമായ രീതിയിൽ അല്ല കാര്യങ്ങൾ നടക്കുന്നില്ല. വാഹനങ്ങളുടെ സമയം ക്രമീകരിച്ച് ജനോപയോഗപ്രദമാക്കുക. പുതിയ ബസ്സ് സർവ്വീസുകൾ തുടങ്ങുക.

വിദ്യാഭ്യാസപരമായി ഈ വാർഡ് വളരെ പിന്നിലാണ്. സ്കൂളുകൾ നിലവിലില്ലാത്തതിനാൽ ഒരു L.P. സ്കൂൾ പന്നത്തോട് കേന്ദ്രീകരിച്ച് തുടങ്ങണമെന്ന് നിർദ്ദേശിച്ചു. ഈ വാർഡിൽ ഹൈസ്കൂൾ, വിദ്യാഭ്യാസം പൂർത്തിയാക്കിയ ആൺകുട്ടികളും പെൺകുട്ടികളും ഉള്ളതിനാൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്നതിന് സർക്കാർ തലത്തിൽ സഹായം വേണം.

ഒരു കിലോമീറ്ററിൽ കൂടുതൽ സഞ്ചരിച്ച് വിദ്യാഭ്യാസത്തിനുപോകുന്ന കുട്ടികൾ ഈവാർഡിലുണ്ട്.

ഈ ഗ്രാമപ്രദേശത്തുള്ള കുട്ടികളുടെ SSLC. വിദ്യാഭ്യാസ നിലവാരം കുറവാണ്.

അംഗൻവാടികൾ 2 ഉണ്ട്; അംഗൻവാടികൾ രണ്ടെണ്ണംകൂടി തുടങ്ങണം. അംഗൻവാടികളിലും സ്കൂളുകളിലും പഠനമാധ്യമം മലയാളമാക്കണം. അംഗൻവാടികളിൽ കളിസ്ഥലങ്ങളോ മറ്റു ഭൗതികസാഹചര്യങ്ങളോ ഇല്ല.

ഈ വാർഡിൽ സാക്ഷരതാ പ്രവർത്തനം നടന്നെങ്കിലും അക്ഷരം അറിയാത്തവർ ഇപ്പോഴും ഉണ്ട്. തുടർ സാക്ഷരതാ പരിപാടി തുടങ്ങണം.

പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട അനേകംകുടുംബങ്ങൾ ഈ വാർഡിലുണ്ട്. ഹരിജൻ കോളനികൾ നാലെണ്ണം ഉണ്ട്. സെറ്റിൽമെൻറ് ഏരിയകളിൽ വീട്, വൈദ്യുതി, റോഡ്, തൊഴിൽ ചെയ്യാനുള്ള സൗകര്യങ്ങൾ എന്നിവ ഉ

ണ്ടാക്കണം. പ്രസ്തുത വാർഡിൽ ധാരാളം പട്ടികജാതിക്കാർ ഉന്നത വിദ്യാഭ്യാസം നേടിയവർ ഉണ്ട്. ഇവരെ കണ്ടുപിടിച്ച് ഗ്രൂപ്പായോ, വ്യക്തിപരമായോ, സ്വന്തമായോ തൊഴിൽ ചെയ്യാനുള്ളസംവിധാനം ഉണ്ടാകണം. ഈവാർഡ് ഹരിജൻ വാർഡ് എന്ന പരിഗണന വച്ചുകൊണ്ട് പഞ്ചായത്തിന്റെ ഒരു വ്യവസായ യൂണിറ്റ് ഉണ്ടാക്കാൻ താല്പര്യപ്പെടുന്നു. പ്രസ്തുതവാർഡിൽ ഒരേക്കറും മേമി പഴയ ടിടിറ്റിഫാക്ടറി സഹകരണ മേഖലയിൽ ഒഴിഞ്ഞുകിടക്കുന്നു. ഈ മേമി സർക്കാർ എറ്റെടുത്ത് അവിടെ ഒരു വ്യവസായ യൂണിറ്റ് ഉണ്ടാക്കണം. നിലവിലുള്ളവ മെച്ചപ്പെടുത്തുക ഓരോ ലക്ഷംവീടും കേന്ദ്രീകരിച്ച് ഒരു നഴ്സറി നിർമ്മിക്കുവാനും സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ ലഭ്യമാക്കാനും ഉള്ള ഏർപ്പാട് ഉണ്ടാക്കണം. ഇതിന്റെ പ്രവർത്തനം ഗണ്യമായ രീതിയിൽ പ്രവർത്തിപ്പിക്കണം.

വെണ്ണിയൂർ മേഗം ഹരിജൻ സെറ്റിൽമെന്റ് ഏരിയയിൽ ഒരു മിഡ്വൈഫറി സെന്റർ ഉണ്ട്. അവിടെ ഒരാഴ്ചയൊരിക്കൽ ഡോക്ടർ വരാനും സ്ഥിരമായിഒരുമിഡ്വൈഫ്നെ ഉണ്ടാകാനും ഉള്ള സത്വരനടപടി സ്വീകരിക്കണം. പൊവേ പ്രവർത്തനക്ഷമമല്ലാത്ത ആ മിഡ്വൈഫറി സെന്റ് പ്രവർത്തിപ്പിക്കാനുള്ള ഏർപ്പാട് ഉണ്ടാക്കണം.

സംസ്ക്കാരപരമായി ഈ വാർഡിൽ ഗ്രന്ഥശാലകളും വായനശാലകളും കുറവാണ്. റേഡിയോ കാസ്കു പ്രവർത്തിക്കുന്നില്ല.

ഇവിടെ സാംസ്ക്കാരികസ്ഥാപനങ്ങളോ കേന്ദ്രങ്ങളോ ഇല്ല. വായനശാലകളും ഗ്രന്ഥശാലകളും സ്പോർട്ട്സ് ക്ലബുകളും ഇവിടെ ആവശ്യമാണ്.

ഒരു വ്യവസായ യൂണിറ്റ് ഈ വാർഡിൽ ഉണ്ടായിരുന്നു. ഇപ്പോഴം അത് നിലവിലില്ല. പച്ചതൊണ്ടിൽ നിന്നും ഉല്പാദിപ്പിക്കുന്ന ചകിരി ഉല്പന്നങ്ങം ഉണ്ടാകുന്നതിനുള്ള ഫാക്ടറിയും. അത് വിപണനം ചെയ്യുന്നതിനുള്ള ശാലയും കണ്ടെത്തണം.

കൈത്തറി ഉല്പന്നങ്ങം ഉണ്ടാക്കാനുള്ള നെയ്ത്തുശാല ഉണ്ടാകണം.

വ്യവസായം തുടങ്ങുന്നതിന് ഇപ്പോഴുള്ള വൈദ്യുതി പോര. പാരമ്പര്യേതര ഊർജ്ജ സ്രോതസുകളെ അടിസ്ഥാനമാക്കിയുള്ള വ്യവസായം ഉണ്ടാകണം.

ഈ വാർഡിൽ Wood Product ഉണ്ടാകണം.

ഈ വാർഡിൽ പതിനാറ് കിലോമീറ്റർ റോഡ് ഉണ്ട്. ടാറിട്ടിട്ടില്ലാത്ത റോഡുകളാണ് ഇവയിൽ മിക്കതിലും വൈദ്യുതി കണക്ഷൻ എത്തിയിട്ടില്ല.

P. W. D. *8 കിലോമീറ്റർ ടാറിട്ടത് ടാറിടാനുള്ള റോഡുകൾ*

(1) R. K. N. റോഡ് റോഡുകം
(2) തുടലിവിള റോഡ് പനങ്ങോട്
(3) വെട്ടുവിള കയ്പ്പള്ളിക്കുഴിറോഡ്
(4) വെട്ടുവിള പാലറവിള റോഡ്
(5) വെട്ടുവിള തുമ്പറവിളാകം റോഡ്
(6) ചുടുകാട് തുമ്പിളിയോട് റോഡ്
(6) ചുടുകാട് തുമ്പിളിയോട് റോഡ്
(7) കാട്ടുകുളം വവ്വാമൂല റോഡ്
(8) തുടലിവിള പഞ്ചായത്ത് സ്റ്റേഡിയം റോഡ്
(9) R. K. N. റോഡിൽ നിന്നും പഞ്ചായത്ത് സ്റ്റേഡിയം വരെ
(10) കാട്ടുകുളം കായൽക്കര റോഡ്

ഊർജ്ജത്തിന്റെ കാര്യത്തിൽ ഈ വാർഡിൽ K. W. 300 കിട്ടുന്നുള്ളൂ. 800 K. W. വൈദ്യുതി ആവശ്യമാണ്. 500 K. W. കുറവുണ്ട് അതുപരിഹരിക്കാനുള്ള മാർഗ്ഗങ്ങം ഉണ്ടാവണം. സ്ട്രീറ്റ് ലൈനിന്റെ എണ്ണം കുറവാണ് പഞ്ചായത്തു റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ഇല്ല. വൈദ്യുതി കണക്ഷൻ ഇല്ലാത്ത വീടുകളിൽ വൈദ്യുതി കണക്ഷൻ കൊടുക്കണം. ഈപഞ്ചായത്തിൽ ഒരു ഡീസൽപവ്വർ പ്രോജക്ട് ആവശ്യമാണ്. വൈദ്യുതി മുടക്കം ഈപഞ്ചായത്തിന്റെ പ്രശ്നമാണ് അതിന്റെ സൗരോജ്ജവിളക്ക് സൗജന്യനിരക്കിൽ കൊടുക്കുന്നതിനുള്ള വ്യവസ്ഥകം ചെയ്യണം.

വാർഡിൽ പൊതുമാർക്കറ്റില്ല.

പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് ആവശ്യമാണ്.

III, വിദ്യാഭ്യാസം

ഈ വാർഡിൽ സ്ക്കൂൾ ഇല്ല. പാരലൽ കോളേജും നിലവിൽ ഇല്ല. ഒരു അംഗൻവാടി സ്ഥതി ചെയ്യുന്നു. ഈ വാർഡിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒന്നും ഇല്ല. വാർഡിൽ വായനശാലയും ഗ്രന്ഥശാലയും നിലവിൽ ഇല്ല. ഇവിടെനിന്നും സ്ക്കൂളിൽപോകാൻ രണ്ട് കിലോമീറ്ററിൽ കൂടതൽയാത്രചെയ്തു പോകുന്ന കുട്ടികളും ഉണ്ട്. ഈ വാർഡിൽ സ്ഥിതിചെയ്യുന്ന നേഴ്സറി സ്ക്കൂളിന്റെ ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കണം. ഈ നേഴ്സറി സ്ക്കൂളിനെ മുട്ടയ്ക്കാട് L P S നോട് ചേർത്ത് നടത്തുന്നതിനു വേണ്ട നടപടികളും സ്വീകരിക്കണം. മുട്ടയ്ക്കാട് L P S നെ അടിയന്തിരമായി U P S ആക്കുന്നതിന് വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കണം. ഈ വാർഡിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കണം.

IV കുടിവെള്ളവും, പൊതുജനാരോഗ്യവും

ഈ വാർഡിൽ ഒരു പി. എച്ച്. ഡി. സെൻറർ സ്ഥിതി ചെയ്യുന്നു. ഈ വാർഡിൽ മൂന്ന് സ്വകാര്യആശുപത്രികളും ഉണ്ട്. ആഴാകുളംജംഗ്ഷൻ, പെരുമരം, പോറോട് എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

ഏകദേശം എഴുപത്തഞ്ച് വീടുകളിൽ കക്കൂസ് ഇല്ല. കക്കൂസ്ഇല്ലാത്ത വീടുകളിൽ അത് സ്ഥാപിക്കാൻ വേണ്ടത്ര ധനസഹായം നൽകിയാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും.

വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഫൈറ്റ് ഡ്യൂട്ടിക്ക് വേണ്ടത്ര ഡോക്ടറെ നിയമിക്കണം കുടുംബക്ഷേമ പ്രവർത്തനം വേണ്ടത്ര രീതിയിൽ നടക്കുന്നില്ല. ആശുപത്രിയിലെ ജീവനക്കാർ ഗൃഹസന്ദർശനം നടത്താറില്ല.

കുടിവെള്ളക്ഷാമം ഉണ്ടായാൽ വേണ്ടത്ര നടപടികളും സ്വീകരിക്കാറില്ല. വാട്ടർഅതോറിറ്റിയുടെ അശ്രദ്ധ കാരണം കുടിവെള്ളത്തിനു വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇതു പരിഹരിക്കാൻ ഈജീവനക്കാരെ പഞ്ചായത്തുമായി ബന്ധപ്പെടുത്തണം.

V വ്യവസായം

നമ്മുടെ വാർഡിൽ വ്യവസായ സ്ഥാപനങ്ങളും ഒന്നുമില്ല. ഇവിടത്തെ പ്രധാന വ്യവസായം കരങ്കല്ല്, കയർ എന്നിവയാണ്.

പരമ്പരാഗതമായ വ്യവസായങ്ങളൊന്നുമില്ല. വനിതാവ്യവസായ യൂണിറ്റുകളും ഒന്നും പ്രവർത്തിക്കുന്നില്ല. പരമ്പരാഗത വ്യവസായങ്ങളും കഴിഞ്ഞഫ്തതാനും വർഷങ്ങൾകൊണ്ട് കുറയുകയാണ്.

കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു വ്യവസായവും പ്രവർത്തിക്കുന്നില്ല. കരിങ്കൽ വ്യവസായമാണ്കൂടുതൽപേർക്കും തൊഴിൽ നൽകുന്നത്.

VI ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

വാഹന ഗതാഗത സൗകര്യമില്ലാത്ത പ്രദേശം ആഴാകുളം–മുട്ടയ്ക്കാട് റോഡാണ്. ആറുമാസത്തിനുള്ളിൽ അറ്റകുറ്റപ്പണി ചെയ്തറോഡാണ് പെരുമരം. ഈ പ്രദേശത്തു ചിലസ്ഥലങ്ങളിൽ വൈദ്യുതി ലഭിച്ചിട്ടില്ല. വാർഡിൽ ഒരു മാർക്കറ്റ് നിലവിലുണ്ട്. വീടുകളിൽ സാധാരണയായി പാചകത്തിന് വിറക് ആണ് കൂടുതലായി ഉപയോഗിക്കുന്നത്. റോഡുകളുടെ അവസ്ഥ വളരെ മോശമാണ്.

ഈ വാർഡിൽ, കൂടുതലായി ഗതാഗതമുള്ള റോഡ് ആഴാകുളം വിഴിഞ്ഞം റോഡാണ്. വാർഡിൽ വൈദ്യുതി എത്താത്തതിന്റെ പ്രധാന കാരണം പോസ്റ്റിനു ഈടാക്കുന്ന അമിതമായ ചാർജ്ജാണ്. വൈദ്യുതി വോൾട്ടേജ് തൃപ്തികരമാണ്. വാർഡിൽ സ്ട്രീറ്റ് ലൈറ്റുകളുടെ സ്ഥിതി ഏറെക്കുറെമെച്ചപ്പെട്ടതാണ്. മാർക്കറ്റ് മെച്ചപ്പെടുത്താൻ അതിന്റെ പ്രവർത്തന സമയം നേരത്തെ ആക്കുക.

VII ഭവന നിർമ്മാണവും സാമൂഹ്യ ക്ഷേമവും

ഈ വാർഡിൽ ഏകദേശം 400 ഓളം വീടുകളുണ്ട്ലക്ഷം വീട് കോളനി ഈ വാർഡിൽ ഇല്ല പഞ്ചായത്തിൽ ഭവന നിർമ്മാണ സംഘം പ്രവർത്തിക്കുന്നില്ല, പാടം നികത്തി കെട്ടിടം പണിയുന്ന അവസ്ഥ ഇവിടെ ഇല്ല.

സഹകരണ സംഘങ്ങൾ ഉണ്ട്. അവയുടെ പ്രവർത്തനം തൃപ്തികരമല്ല. കാർഷികവിളവെങ്ങൾ സമാഹരിച്ച് എക്സ്പോർട്ട് ചെയ്യാനുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുക

ചില പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ വിവേസമാഹരണം നടത്തി നടപ്പാക്കുവാൻ ശ്രമിക്കും. വ്യവസായ സ്ഥാപനങ്ങളുടെ നിർമ്മാണത്തിന് ഗവൺമെന്റിന്റെ സഹകരണം ഉണ്ടാകണം.

വാർഡ് 9

1. കൃഷിയും ജലസേചനവും

ആഴാകുളം വാർഡിൽ പ്രധാനമായും ചരുവുകൾ, താഴ്വരകൾ, നിലങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ്.

ഇവിടെ പ്രധാനമായും ചെമ്മണ്ണ് നിറഞ്ഞതാണ്. മൂന്ന് ഏക്കർ പ്രദേശത്ത് കൃഷിചെയ്തുവരുന്നു. കൃഷിയ്ക്ക് അനുയോജ്യമായ മണ്ണാണ് ഇവിടെയുള്ളത്. ഈ വാർഡിൽ തോട് ഇല്ല. ഉണ്ടായിരുന്ന തോട് നികത്തപ്പെട്ടു. നമ്മുടെ വാർഡിൽ വറ്റാത്ത 3 കുളങ്ങളാണ് ഉള്ളത്. അവ ചിറയിൻകുളം, പോറോട് കുളം, ആഴാകുളം നമ്മുടെ പ്രധാനപ്പെട്ടവിളകളും തെങ്ങ്, മരച്ചീനി, വാഴ, നെൽകൃഷി, പയർകൃഷി തുടങ്ങിയവയാണ്.

പാടങ്ങളിലെ പ്രധാനവിളക്രമങ്ങൾഇപ്രകാരമാണ്. നെല്ല്, പയർ, പച്ചക്കറി ഇവിടെ തരിശ്ഭൂമി ഇല്ല.

കർഷകതൊഴിലാളികളുടെ കൂലിനിരക്ക് ഇപ്രകാരമാണ്. പുരുഷൻമാർക്ക് 100 രൂപയും സ്ത്രീകൾക്ക് 90 രൂപയുമാകുന്നു. ഇവിടെരു വിളയും മോശമായി കാണുന്നില്ല. ഇവിടത്തെ വിളകളുടെ ഉല്പാദനക്ഷമത 40% ആകുന്നു.

പ്രകൃതിയിൽ നിന്നുമുള്ള മഴയെ ആശ്രയിച്ചാണ് ഇവിടെ കൃഷിചെയ്യുന്നത്. ആയതിനാൽ മഴ കുറവാകുന്ന സമയങ്ങളിൽ വിളമോശമാകുന്നു. തെങ്ങ്കൃഷി കൂടുകയും നെൽകൃഷി കുറയുകയും ചെയ്യുന്നു കൃഷിയെബാധിക്കുന്ന പ്രധാന രോഗമാണ് മണ്ടചീയൽ ഇത്തെങ്ങിനെ ബാധിക്കുന്നു. ജൈവവളങ്ങളും. ജൈവ കീടനാശിനികളും ഉപയോഗിക്കുന്ന പതിവുണ്ട്. ഖരരൂപത്തിലും ദ്രാവകരൂപത്തിലുമുള്ള കീടനാശിനികളും ഉപയോഗിക്കുന്നു. ജലസേചന സൗകര്യം വർദ്ധിപ്പിക്കുക വളങ്ങളുടെ വില കുറയ്ക്കുകതുടങ്ങിയ കാര്യങ്ങൾ ചെയ്താൽ കൃഷിയുടെ വിളവ് വർദ്ധിപ്പിക്കാം.

പാടങ്ങളുടെ വിസ്തീർണ്ണം 15% കണ്ട് കുറഞ്ഞിട്ടുണ്ട്. ആഴാകുളം വാർഡ് മുഴുവൻ കൃഷിക്ക് വേണ്ത്ര വെള്ളം ലഭിക്കാറില്ല.

കൃഷിവേന്റെ സഹായങ്ങൾ വേണ്ത്ര ലഭിക്കാറില്ല. കർഷക തൊഴിലാളികൾ വേണ്ത്ര ഈ വാർഡിലുണ്ട് ഭൂരിപക്ഷം കുടുംബങ്ങളും കാർഷികവരുമാനം അടിസ്ഥാനമാക്കി ജീവിക്കുന്നവരാണ്. നീരുറവ സാധാരണയായി കണ്ടു വരുന്നത്, പോനേട്കുടം, ചിറയിൻകുളം എന്നിവയാണ്. നല്ലയിനം വിത്തും, വളവും ഉണ്ടെങ്കിൽ കൃഷിയെ മെച്ചപ്പെടുത്താം.

II. മൃഗസംരക്ഷണം,മത്സ്യബന്ധനം

ഈ വാർഡിൽ പെരുമരം, പോറോട് എന്നീ പ്രദേശങ്ങളിൽ കാലിവളർത്തൽ കൂടുതലാണ്, പശു, എരുമ, ആട് എന്നീ കന്നുകാലികളാണ് കൂടുതലായി വളർത്തപ്പെടുന്നത്. പാൽ വിൽക്കുന്നത് കോവളം സൊസൈറ്റിയിലാണ് ഈ വാർഡിൽ സൊസൈറ്റി ഇല്ലാത്തതുകൊണ്ട് വില്പനയ്ക്ക് വിഷമം അനുഭവപ്പെടുന്നുണ്ട്. കാലിത്തീറ്റ വിലകൊടുത്ത് വാങ്ങുകയാണ് ചെയ്യുന്നത്.

പുല്ല്കൃഷി ചെയ്യുന്നആരുംഇല്ല. നല്ലയിനം കാലികൾ വളർത്തുന്നതിലേയ്ക്കുള്ള ധന സഹായം നൽകിയാൽ ഈ മേഖലയിൽ പുരോഗതി നേടാൻ കഴിയും.

ഈ വാർഡിൽ സഹകാര്യകുളങ്ങളൊന്നുമില്ല. മത്സ്യകൃഷിയ്ക്ക് പറ്റിയകുളം ചിറയിൻകുളമാണ്. ഈ മേഖലയിൽ വേണ്ത്ര പരിചയം നേടിയ ആൾക്കാർ ഇല്ല. ഇവിടത്തെ കുളങ്ങളിൽ ഉപ്പ് രസമില്ല. ഒരു മത്സ്യ വിപണന കേന്ദ്രമുണ്ട്. ഇതിന്റെ പ്രവർത്തനം ഇപ്പോൾ 12 മണിയാണ് അതു 10 മണിക്ക് ആക്കിയാൽ ജനങ്ങൾക്കു ബുദ്ധിമുട്ട് ഒഴിവാക്കാം.

ഈ വാർഡിൽ ആഴാകുളം ജംഗ്ഷനു സമീപം ഒരു മൃഗാശുപത്രി സ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭവന നിർമ്മാണത്തിന് വേണ്ടത്ര രീതിയിൽ ഒന്നും ചെയ്യാൻ കഴിയുന്നില്ല. കുറഞ്ഞ നിരക്കിൽ പലിശ ഈടാക്കി ലോൺ നൽകിയാൽ ജനങ്ങൾക്ക് ആശ്വാസം നല്കുന്നതായിരിക്കും. അവശ ജനവിഭാഗങ്ങൾക്കു ധനസഹായം ഒന്നും തന്നെ നല്കുന്നില്ല നല്കിയാലും കാലതാമസം ഉണ്ടാക്കാറുണ്ട്.

VIII *സംസ്ക്കാരം*

ഈ വാർഡിൽ സാംസ്ക്കാരിക സ്ഥാപനങ്ങളും ഒന്നും തന്നെയില്ല വായനശാല, ഗ്രന്ഥശാല, ക്ലബ് ഇവ ഒന്നും തന്നെപ്രവർത്തിക്കുന്നില്ല പൊതു ടെലിവിഷൻ സെറ്റ് (ഒന്ന്) ഈ വാർഡിൽ സ്ഥാപിച്ചിട്ടുണ്ട് സാംസ്കാരിക സ്ഥാപനങ്ങളും തുടങ്ങാൻ ചെറുപ്പക്കാർ മുൻകൈ എടുത്താൽ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാകും. പഞ്ചായത്തുവക ഒരു പ്ലേൺ എയർആഡിറ്റോറിയം സ്ഥാപിച്ചാൽ കലാകായിക രംഗത്ത് താല്പര്യമുള്ളവരെ വാർത്തെടുക്കുവാൻ കഴിയും.

പഞ്ചായത്തിന്റെ കീഴിൽഒരുവായനശാല സ്ഥാപിച്ചാൽ സ്ത്രീകളുടെ വായനശീലം കുറയൊക്കെ മെച്ചപ്പെടുത്താൻ കഴിയും. പ്രധാന ആരാധനാ ഡ്യലങ്ങളും സി. എസ്. ഐ. ചർച്ച് പെരുമരം, ആഴാകുളം ദേവീക്ഷേത്രം തുടങ്ങിയവയാണ് മതപരമായും ജാതിപരമായും എല്ലാവരും ഐക്യത്തിലാണ്.

IX *വനിത*

വനിതാ നിയന്ത്രണത്തിൽ പുരോഗമന പ്രദമായ യാതൊരു സ്ഥാപനങ്ങളോ, തൊഴിൽ ശാലകളോ ഈ വാർഡിൽ പ്രവർത്തിക്കുന്നില്ല. നിത്യവൃത്തിയ്ക്കായി തീപ്പെട്ടി കമ്പനിയിലും ചല്ലിയടിച്ചും, തൊണ്ട് തല്ലിയും കഴിയുന്ന വവനിതകളും ഉണ്ട്. പെൺകുട്ടികളെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു സ്ഥാപനവും ഇല്ല. മുകളിൽ പറഞ്ഞ വസ്തുതകളിൽ വനിതകളുദ്ദേശിക്കുന്നില്ല. എന്നകാര്യം യഥാർത്ഥമായിരിക്കെ ഇനിയെങ്കിലും വനിതകൾക്കായി ഒരു തൊഴിൽ സംരംഭമെങ്കിലും തുടങ്ങാൻ മുൻകൈഎടുക്കണം. കോളേജിൽ പോകുന്നതിൽ പെൺകുട്ടികളും ആൺകുട്ടികളും ഏകദേശം തുല്യമാണ് സ്ത്രീകളും പുരുഷന്മാരും കൂട്ടായ രീതിയിൽ ജോലി ചെയ്താണ് ജീവിക്കുന്നത് നിത്യാവൃത്തിയ്ക്കായി കൂലിവേലയ്ക്കായി സ്ത്രീകളും കൂടുതലായി പോകുന്നു.

സ്വയം തൊഴിൽ ചെയ്യാൻ ധനം സഹായം നല്കിയാൽ സ്ത്രീകളുടെ തൊഴിലില്ലായ്മ കുറെയൊക്കെ പരിഹരിക്കാൻ കഴിയും.

X *സഹകരണ സംഘങ്ങൾ*

നമ്മുടെവാർഡിൽ സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നില്ല.

XI *പട്ടികജാതി പട്ടികവർഗ്ഗം*

നമ്മുടെ വാർഡിൽ ഹരിജൻ ഗിരിജൻകോളനികളും നിലവിൽ ഇല്ല. പുരോഗമനകരമായഈ കാലഘട്ടത്തിൽ വേണ്ടത്ര അർഹത ലഭിക്കാത്ത ധാരാളം കുടുംബങ്ങൾ ഉണ്ട് പൂർണ്ണമായും ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളും സ്ക്കൂളിൽ പോകുന്നവരാണ്.

ഈ വിഭാഗത്തിൽപ്പെട്ടവരിൽ കൂടുതലായി കൃഷി മേഖലയിലാണ്പണിയെടുക്കുന്നത് സ്വന്തമായി വീടില്ലാത്ത ആൾക്കാർ ഉണ്ട് ഒരു വീട്ടിൽ തന്നെ രണ്ട് കുടുംബമായി താമസിക്കുന്നവർ ഉണ്ട്. അവർക്ക് അടുത്ത് ഒരു വീട് നിർമ്മിക്കാൻ ധനസഹായം നൽക്കുക. ജാതിപരമായി ഒരു ഉച്ചനിചത്വവും ഈ വാർഡിൽ ഇല്ല വിവാഹ ചടങ്ങുകൾക്ക് മറ്റ് സമുദായങ്ങളും വേണ്ടത്ര രീതിയിൽ സഹകരിക്കുന്നുണ്ട്.

എല്ലാവിധത്തിലുള്ള ക്ഷേണസൽക്കാരങ്ങളിലും മറ്റ്സമുദായങ്ങളും പങ്കെടുക്കുന്നുണ്ട് ജാതിപറഞ്ഞ് വിളിക്കുന്ന രീതി നിലവിലില്ല അടിസ്ഥാന സൗകര്യങ്ങളും നല്കുവാൻ വേണ്ടത്ര സഹകരണം പഞ്ചായത്തിൽ നിന്ന്ചെയ്തുകൊടുക്കുക. വാർഡിൽ പിന്നാഴാകുളം ഭാഗത്ത് 38 ഓളം ഹരിജൻ കുടുംബങ്ങളും തിങ്ങി പാർക്കുന്ന സ്ഥലമാണ്. അവർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമാകുന്നു. ഇവർക്ക് ശുദ്ധജലം. വെളിച്ചം, തൊഴിൽ എന്നീ കാര്യങ്ങളും അടിയന്തിരമായി ചെയ്തുകൊടുക്കുകയും പ്രസ്തുത ഭാഗത്തെ ഒരു സെറ്റിൽമെന്റ് കോളനിയിൽ ഉൾപ്പെടുത്തി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

XII വിഭവസമാഹരണം

ഹോംസ്റ്റിക്കൾച്ചർ കോർപ്പറേഷൻ വഴി വി
ത്തുകൾ സമാഹരിക്കുകയും ആഴാകുളം ഭാഗത്ത്
പ്രസ്തുതസ്ഥാപനം തുടങ്ങുകയും അതുവഴി
വിതരണവും ശേഖരണവും നടത്തുവാൻ കഴിയും
ഇതിന്റെ സമീപ പ്രദേശത്തു വളരെയധികം കർ
ഷകർ തിങ്ങി പാർക്കുകയും പ്രധാനപ്പെട്ട വയ
ലുകൾ ഉൾക്കൊള്ളുന്നതുമാകുന്നു. കാർഷികമാ
യി സഹായിക്കാൻ പ്രസ്തുത ഭാഗത്ത് ഒരു
ബാങ്ക് തുടങ്ങുകയും കൃഷിയ്ക്കുവേണ്ടി തുച്ഛ
മായ പലിശ നിരക്കിൽ ലോൺ നൽകുകയും
ചെയ്താൽവളരെയധികം സഹായകമായിരിക്കും.

വാർഡ് 10

ആവശ്യങ്ങൾ

1 റോഡുകൾ ഗതാഗതയോഗ്യമാക്കുക

ഈ വാർഡിൽ നിലവിലുള്ള ആഴാകുളം
തൊഴിച്ചൽ റോഡ്, താന്നിക്കുളം റോഡ്
കാർട്ടേഴ്സ് ജംഗ്ഷൻ കോവളം റോഡ് ഇവ
ടാർ ചെയ്യുകയും റോഡിൽ വഴിവിളക്കുകൾ
സ്ഥാപിക്കുകയും വേണം.

ഏതൊരു പ്രദേശത്തിന്റെയും വികസന
ത്തിന് ഗതാഗതസൗകര്യം അത്യാവശ്യമാണ്.
ഈവാർഡിലെ ജനങ്ങളിൽ ഭൂരിഭാഗവും സാധാര
ണക്കാരായകൃഷിക്കാരും കൂലിപ്പണിക്കാരുമാണ്
അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രം ഈ വാർഡി
ന്റെ അതിർത്തിയിലാണ് നിർമ്മാണപ്രവർത്ത
നങ്ങൾക്കും മറ്റും സാധനസാമഗ്രികൾ ഈ വാർ
ഡിലേയ്ക്ക് കൊണ്ടുവരുന്നതിന് അമിതമായ
കൂലിയാണ് നൽകേണ്ടി വരുന്നത്. ഈ വാർഡി
ന്റെ അതിർത്തിയിൽ മാത്രമാണ് നാമമാത്രമാ
യിട്ടെങ്കിലും ടാറിട്ട റോഡുകൾ നിലവിലുള്ളത്
ആയതിനാൽ നാട്ടുകാരുടെ ശ്രമ ഫലമായി നിർ
മ്മിച്ച മേൽപറഞ്ഞ റോഡുകൾ ടാറിടുന്നതും വ
ഴിവിളക്കുകൾ സ്ഥാപിക്കുന്നതും ഒന്നാമത്തെ
ആവശ്യമായി ഈ ഗ്രാമസഭ കരുതുന്നു.

2 പ്രാഥമികസൗകര്യംവർദ്ധിപ്പിക്കുക

വീടില്ലാത്തവർക്ക് വീടുണ്ടാക്കാനും വീ
ടുള്ളവർക്ക് കിണർ, കക്കൂസ് മുതലായവ നിർ
മ്മിക്കുന്നതിനും, വീട് വൈദ്യുതീകരിക്കുന്നതി
നും ഓടിടുന്നതിനുള്ള സഹായം നൽകുക.

ഏതൊരു പൗരന്റെയും അടിസ്ഥാന
സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യ
കതയ്ക്ക് ഈസഭപ്രാധാന്യം കൽപ്പിക്കുന്നു. ദരി
ദ്രരും വേനരഹിതരുമായ ധാരാളം പേർ നിവസി
ക്കുന്ന ഒരു വാർഡാണ് തൊഴിച്ചൽ. സ്വന്തമായി
വീടുള്ളവർക്കുപോലും കിണർ, കക്കൂസ് മുത
ലായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. പലവീടു
കളും ഓലമേഞ്ഞതും വൈദ്യുതീകരിക്കാത്തതു
മാണ്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടു
ത്തുന്നതിന്റെ ഭാഗമായി വീടില്ലാത്തവർക്ക് വീ
ട് വയ്ക്കാനും, വീടുള്ളവർക്ക് കിണർ, കക്കൂ
സ് മുതലായവ നിർമ്മിക്കുന്നതിനും, വീട്വൈ
ദ്യുതീകരിക്കുന്നതിനും ഓടിടുന്നതിനുമുള്ള സ
ഹായം നൽകുന്നതിനെ രണ്ടാമത്തെ ആവശ്യമായി
ഈ ഗ്രാമസഭ കാണുന്നു.

3 ജലസേചനം

തുറുവൻകോണം കുളം വൃത്തിയാക്കി
വാട്ടർ ടാങ്ക് നിർമ്മിച്ച് പമ്പ്സെറ്റ് സ്ഥാപി
ച്ച് ജലസേചന സൗകര്യം ഉണ്ടാക്കുക.

ഈ വാർഡിലെ ഭൂരിഭാഗം ജനങ്ങളും കാ
ലവർഷത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന സാ
ധാരണക്കാരായ ചെറുകിട കൃഷിക്കാരാണ്. തെ
ങ്ങ്, വാഴ. മരച്ചീനി, പച്ചക്കറി, വെറ്റിലക്കൊടി
മംബറി മുതലായവ ഇവിടത്തെ പ്രധാന കൃഷി
യിനങ്ങളാണ്. വർദ്ധിച്ച തോതിലുള്ള കൃഷി
ച്ചെലവും വരൾച്ചമൂലം ഇവിടത്തെ കൃഷിക്കാർ
ഇന്നും കൊടും ദാരിദ്ര്യത്തിലാണ്. തുറുവൻ
കോണം കുളത്തിൽ ജലസേചന സൗകര്യം ഏർ
പ്പെടുത്തിയാൽ ഏകദേശം നൂറ് ഏക്കർ (ഈ വാ
ഡിന്റെ അഞ്ചിലൊന്ന് ഭാഗം) സ്ഥലത്തെ കൃ
ഷിക്കാർക്ക് വലിയ അനുഗ്രഹമായിരിക്കും. ആ
യതിനാൽ ഈഗ്രാമസഭ മൂന്നാമത്തെ ആവശ്യമാ
യി തുറുവൻകോണം ജലസേചന പദ്ധതി അവ
തരിപ്പിക്കുന്നു. ഈ കുളം പഞ്ചായത്ത് വകയാ
ണ്.

4 കുടിവെള്ളക്ഷാമം

കോവളം ജംഗ്ഷൻ മുതൽ പ്ലാവിള വരെ
ഭാഗത്തുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കുക
ഇതിലേയ്ക്കായി മുങ്ങോട്ടുകുളം ഊറ്റുകുഴി
പ്രയോജനപ്പെടുത്താം.

ഏതൊരു പ്രദേശത്തേയും അലട്ടുന്ന പ്രധാന പ്രശ്നമാണ് കുടിവെള്ള ക്ഷാമം. നമ്മുടെ വാർഡിൽ കിണർ മാത്രമാണ് കുടിവെള്ളത്തിനുപയുള്ള ഏക ആശ്രയം. എന്നാൽ വാർഡിന്റെ വടക്ക് പടിഞ്ഞാറ് ഭാഗമായ പ്ലാവിള മുതൽ കോവളം ജംഗ്ഷൻ വരെ റോഡിനു താഴ്വശം കിണർ കുഴിച്ചാലും, വെള്ളം കിട്ടാത്ത അവസ്ഥയിലാണ്. രൂക്ഷമായ ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം മുന്നിൽക്കണ്ട് കുളം ഊറ്റുകുഴിയിലുള്ള ശുദ്ധജലം പ്രയോജനപ്പെടുത്തി പരിഹരിക്കണമെന്ന് ഈ ഗ്രാമസഭ ആവശ്യപ്പെടുന്നു.

5. വ്യവസായം

ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതിനുള്ള ഒരു പരിശീലന-ഉത്പാദക-വിതരണ കേന്ദ്രം സ്ഥാപിക്കുക.

തൊട്ടടുത്ത് അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായതിനാൽ വൻതോതിൽ വിപണന സാദ്ധ്യതയുള്ള ഒന്നാണ് കരകൗശലവസ്തുക്കൾ. ഇപ്പോൾ അന്യദേശങ്ങളിൽ നിർമ്മിക്കുന്ന കരകൗശല വസ്തുക്കളാണ് ഇവിടെ വിപണനം ചെയ്യുന്നത്. നമ്മുടെ വാർഡിലെ തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് ഈ മേഖലയിൽ പരിശീലനം നൽകുന്ന ഒരു കേന്ദ്രം ഈ വാർഡിൽ സ്ഥാപിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

6. അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക

ഇതിലേയ്ക്കായി പഞ്ചായത്ത്വക കല്ലുകുളം നികത്തിയെടുക്കാവുന്നതാണ്.

ഈ വാർഡിലെ ഏകപൊതുസ്ഥാപനമായ അംഗൻ വാടിയ്ക്ക് സ്ഥിരമായി ഒരുകെട്ടിടം അത്യന്താപേക്ഷിതമാണ് ആയതിലേയ്ക്കായി പഞ്ചായത്ത് വക കല്ലുകുളം നികത്തിയെടുക്കാവുന്നതാണ് കെട്ടിട നിർമ്മാണത്തിന് നാട്ടുകാരുടെ ശ്രമദാനമുൾപ്പെടെയുള്ള സഹായം ഞങ്ങൾവാഗ്ദാനം ചെയ്യുന്നു. അംഗൻവാടിയ്ക്ക് സ്വന്തമായി കെട്ടിടമുണ്ടായാൽ വാർഡിലെ പൊതുപരിപാടികൾ (യോഗങ്ങൾ, മെഡിക്കൽ ക്യാമ്പ് മുതലായവ) അവിടെ വച്ച് നടത്താൻ സാധിക്കും. ആയതിനാൽ അംഗൻവാടിയ്ക്ക് സ്വന്തമായി കെട്ടിടം എത്രയും വേഗം ഉണ്ടാവണമെന്ന് ഈ ഗ്രാമസഭ ആഗ്രഹിക്കുന്നു–ആവശ്യപ്പെടുന്നു.

7. ടൂറിസ്റ്റ് കോംപ്ലക്സ് നിർമ്മാണം

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ പഞ്ചായത്ത് വക ഒരു ടൂറിസ്റ്റ് കോംപ്ലക്സ് സ്ഥാപിക്കുക.

തൊട്ടടുത്ത അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രം ഉപയോഗപ്പെടുത്തി പഞ്ചായത്തിന് വരുമാനം ഉണ്ടാക്കാനുതകുന്ന ഒരു പദ്ധതിയാണിത് ഈ വാർഡിൽ ടൂറിസ്റ്റ് കേന്ദ്രത്തോടടുത്ത് പഞ്ചായത്ത് സ്ഥലം വാങ്ങി സ്വന്തമായി ഒരു ടൂറിസ്റ്റ് കോംപ്ലക്സ് നിർമ്മിച്ചാൽ പഞ്ചായത്തിന് വരുമാനം വർദ്ധിക്കുന്നതോടൊപ്പംനമ്മുടെ കുറച്ച് ആളുകൾക്ക് തൊഴിലും ലഭിക്കും. ആയതിനാൽ ടൂറിസ്റ്റ് കോംപ്ലക്സ് ഞങ്ങൾ നിർദ്ദേശിക്കുന്നു.

8. മൃഗാശുപത്രി

ഈ വാർഡിൽ ഒരു മൃഗാശുപത്രി സ്ഥാപിച്ച് ഒരു മൃഗഡോക്ടറുടെ സേവനം പ്രയോജനപ്രദമാക്കുക

ക്ഷീരഭോഗം ജനങ്ങളും കർഷകരായതിനാൽ മിക്കവാറും എല്ലാവീടുകളിലും കന്നുകാലികൾ ഉണ്ട്. ഇവയുടെ ശരിയായ പരിചരണം, ചികിത്സ മുതലായവയ്ക്ക് വളരെ ദൂരെയുള്ള മൃഗാശുപത്രിയിൽ (ഏറ്റവും അടുത്ത മൃഗാശുപത്രി 4 കി. മീ. അകലെയാണ്) പോകേണ്ട ഗതികേടിലാണ് ഇവിടത്തെ ആളുകൾ. ആയതിനാൽ ഈ വാർഡിൽ ഒരുമൃഗാശുപത്രി സ്ഥാപിച്ച് ഒരു മൃഗഡോക്ടറുടെ സേവനം ഉറപ്പുവരുത്തുവാൻ ഞങ്ങൾ ആവശ്യപ്പെടുന്നു.

9. മഹിളാസമാജം, തൊഴിൽപരിശീലന കേന്ദ്രം

ഒരു മഹിളാസമാജവും അതിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്ക് ഒരു തൊഴിൽ പരിശീലനകേന്ദ്രവും ഞങ്ങൾ ആവശ്യപ്പെടുന്നു.

ഇവിടത്തെ ആളുകളിൽ നല്ലൊരുശതമാനം തൊഴിലില്ലാത്ത യുവതികളാണ്. ഇവർക്ക് ഉപജീ

വന മാർഗ്ഗമെന്നനിലയിൽ ഒരു തൊഴിൽ പരി ശീലനകേന്ദ്രം (തയ്യൽസ്ക്കൂൾ ബുക്ക്ബയൻറിം ഗ്, പ്രിൻറിംഗ്) മഹിളാസമാജം ഇവ സ്ഥാപി ച്ച് കിട്ടണമെന്ന് ഈ ഗ്രാമസഭആവശ്യപ്പെടുന്നു.

10. ഗ്രന്ഥശാല

ഇന്നാട്ടുകാർക്ക് വേണ്ടി ഒരു ഗ്രന്ഥശാല യും വായനശാലയും സ്ഥാപിക്കുക.

യാതൊരു വികസനവും ഇന്നേവരെഎത്തി നോക്കിയിട്ടില്ലാത്ത ഏതാണ്ട് 80 ശതമാനം ജനങ്ങ ളും സാക്ഷരരായ ഈ വാർഡിലെ ജനങ്ങളുടെ മാ നസികോന്നമനത്തിനും, മാനസികോല്ലാസത്തി നും ഉതകുന്ന തരത്തിൽ ഒരു വായനശാലയും ഗ്ര ന്ഥശാലയും ആവശ്യമാണ്.

11. ഹോമിയോ ആശുപത്രി സ്ഥാപി ക്കുക

യാതൊരു ചികിത്സാ സൗകര്യവും ഇല്ലാ ത്ത ഈ വാർഡിൽ ഒരു ഹോമിയോ ഡിസ്പെൻ സറി സ്ഥാപിക്കുവാൻ ഞങ്ങളം ആവശ്യപ്പെടു ന്നു. ഇതിൻെറ അടുത്ത പ്രദേശത്തൊന്നും തന്നെ ഒരു ഹോമിയോ ചികിത്സാലയം ഇല്ല.

പരാതികളും നിർദ്ദേശങ്ങളും

1. ഈവാർഡിൽ അംഗൻവാടി ഒഴികെവിദ്യാഭ്യാസ സ്ഥാപനം ഇല്ല തൊട്ടടുത്ത വാർഡിലെ ഗവൺ മെൻറ് L P S മുട്ടയ്ക്കാട് അപ്ഗ്രേഡ് ചെയ്ത് U P S ആക്കുക ഇപ്പോഠം തന്നെ അവിടെ 5-ം സ് റാൻഡേർഡ് ഉണ്ട് ഈ വാർഡിലെ മിക്കലാറും കുട്ടികളം പ്രാഥമിക വിദ്യാഭ്യാസം നടത്തുന്നത് അവിടെയാണ്.

2. വിഴിഞ്ഞം പ്രൈമറിഹെൽത്ത് സെൻററിൻെറ ശോചനീയാവസ്ഥ പരിഹരിക്കുക അത് മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒരു ആശുപത്രിയാ ക്കുകആശുപത്രിസൗകര്യങ്ങളം വർദ്ധിപ്പിക്കുക.

3. പെൻഷൻ പദ്ധതിയിലെ അപാകതകളംപരി ഹരിക്കുക പദ്ധതിയ്ക്ക് അപേക്ഷിക്കുന്നത, ൻെറനടപടിക്രമം ലഘൂകരിക്കുക ജീവിച്ചിരിക്കു ന്ന മകൻ ഉള്ളതുകൊണ്ട് പെൻഷൻ നിക്ഷേധിക്കു ന്നകാടൻനിയമംതിരുത്തുക (മന്ത്രിമാർക്കും, MLA മാർക്കും സ്വാതന്ത്ര്യ സമര സേനാനിക്കും പെൻ ഷന് മകൻ ഇല്ലാതിരിക്കണമെന്ന്നിയമമുണ്ടോ?) ഓരോ വാർഡിലേയും പെൻഷന് അർഹരായവരെ തിരഞ്ഞെടുക്കുവാനുള്ള അധികാരം അതാത് ഗ്രാ സകേന്ദ്രക്ക് കൊടുക്കുക.

4. യാതൊരു ചികിത്സാസൗകര്യവും ലഭ്യമല്ലാ ത്ത ഈ വാർഡിൽ ആഴ്ചയിൻ ഒരിക്കലെങ്കിലും വിദഗ്ദ ഡോക്ടർമാർ ഉൾപ്പെട്ട ഒരു മെഡിക്കൽ സംഘത്തിൻെറ സേവനം ലഭ്യമാക്കണം.

5. കൃഷിക്കാർക്ക് കൃഷിഭവനിൽ നിന്നുള്ള ആ നുകൂല്ല്യങ്ങളം യഥാവസരം ലഭ്യമാക്കുന്നതോടൊ പ്പം കൃഷിയുമായി ബന്ധപ്പെട്ട പരിശീലന പ രിപാടി ഈ വാർഡിലെ കൃഷിക്കാർക്ക് കൂടി ല ഭ്യമാക്കണം.

I കൃഷി

ഈ വാർഡിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. സ്വന്തമായ ഭൂമിയിൽ കൃഷി ചെയ്യുന്നവയും ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവരും ഇതിൽപ്പെടുന്നു. പ്രധാനമായും തെങ്ങ്, വാഴ, പച്ചക്കറികൾ, മരച്ചീനി തുടങ്ങിയവ കൃഷി ചെയ്തുവരുന്നു. നെൽകൃഷി അപൂർവ്വം ചിലർ മാത്രമെ ചെയ്യുന്നുള്ളു. ജലസേചന സൗകര്യമില്ലായ്മയാണ് കർഷകരെ ബുദ്ധിമുട്ടിക്കുന്ന പ്രധാന പ്രശ്നം. രോഗങ്ങൾ, കൂലിയുടെ അമിത ചിലവ് തുടങ്ങിയവയും പ്രശ്നങ്ങളാണ്. നെയ്യാർ ഇറിഗേഷൻ വക ചാനൽ ഈ പ്രദേശത്ത് കൂടി കടന്നുപോകുന്നു എങ്കിലും വെള്ളം കിട്ടാറില്ല. വെള്ളായണി കായലിനോട് ചേർന്നുള്ള മുട്ടയ്ക്കാട് കോളിയൂർ ഏലാകൾ പൂർണ്ണമായും വെള്ളത്തിൽ മുങ്ങി കിടക്കുന്നതും കർഷകർക്ക് ദോഷമായി തീർന്നിരിക്കുകയാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലേയ്ക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

1. വെള്ളായണി കായലും സ്വകാര്യ കൃഷി ഭൂമികളും തമ്മിൽ വേർതിരിച്ചുകൊണ്ട് ഒരു ബണ്ട് നിർമ്മിക്കേണ്ടതാണ്. ഈ ബണ്ടിൽ ഒരു പമ്പ് ഹൗസും പമ്പിംഗ് സംവിധാനവും സ്ഥാപിച്ചാൽ കായലിൽ നിന്നും കൃഷിക്കാവശ്യമായ ജലം പമ്പ് ചെയ്ത് ഉപയോഗിക്കുവാനും ഈ പ്രദേശങ്ങളിൽ കൂട്ടായി നെൽകൃഷി ചെയ്യുവാനും സാധിക്കും.

2. കൃഷിക്കാവശ്യമായ തുകകൾ കുറഞ്ഞ പലിശ നിരക്കിൽ വായ്പയായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നൽകേണ്ടതാണ്.

3 തെങ്ങ് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിലേയ്ക്കായി സാമൂഹ്യജലസേചന പദ്ധതികൾ നടപ്പിലാക്കണം.

4 രോഗനിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവാന്മാരാകുകയും രോഗ നിയന്ത്രണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുകയും വേണം.

5 നെയ്യാർ ഇറിഗേഷൻ വക ചാനൽ മെയിൻ നന്റൻസ് ചെയ്ത് ജലം എത്തിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

6 വാഴ കൃഷിയും പച്ചക്കറി കൃഷിയും വ്യാപകമാക്കണം. ആവശ്യമായ വിത്തും വളവും സാങ്കേതികോപദേശവും നൽകണം.

7 ഭൂമി നിരപ്പാക്കലും, മണ്ണുപരിശോധനയും എല്ലായിടങ്ങളിലും നടത്തണം.

8 ചെറുകോണം കുളം, ചെറുകോണം ഊറ്റുകുഴി, ഇവിടങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം. ഇവകളിൽ പമ്പുസെറ്റു സ്ഥാപിക്കണം.

9 കോളിയൂർ, മുട്ടയ്ക്കാട് ഏലാകളിലുള്ള തോടുകൾ സംരക്ഷിക്കണം. പുനരുദ്ധാരണ പദ്ധതികൾ നടത്തണം.

10 ആഗ്രോ സർവ്വീസ് സെന്റർ സ്ഥാപിക്കണം. കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാക്കണം.

11. വിളകൾക്ക് ന്യായമായ വില ലഭിക്കുന്നതിലേക്കായി സംഭരണ- വിതരണ ശാലകൾ സ്ഥാപിക്കണം.

II മൃഗ സംരക്ഷണം-മത്സ്യബന്ധനം

കൃഷിയോടൊപ്പം തന്നെ കാലി വളർത്തൽ, കോഴി വളർത്തൽ എന്നിവയും ചെറിയതോതിൽ ഈ വാർഡിൽ നടന്നുവരുന്നു. മൃഗങ്ങളെ വളർത്തുന്നതിനും കോഴികളെ വളർത്തുന്നതിനും കൂടുതൽ താല്പര്യം കാണിച്ചാൽ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുവാൻ കഴിയും. പാലും മുട്ടയും വിൽക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒരു പ്രധാന പ്രശ്നമാണ്. കാലിത്തീറ്റയും മറ്റ് ആഹാര സാധനങ്ങളും സ്വന്തമായി ഉല്പാദിപ്പിക്കുന്നതിനോ, കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതിനോ ഉള്ള സംവിധാനം ചെയ്താൽ ലാഭകരമായ രീതിയിൽ ചെയ്യുവാൻ കഴിയും. മത്സ്യം വളർത്തുന്നതിനും വളരെയേറെ സാധ്യതകളുള്ള ഒരു പ്രദേശമാണ് ഈ വാർഡ്

1. അത്യുല്പാദനശേഷിയുള്ള കാലികളെ ലഭ്യമാക്കുക.

2 കാലി-കോഴി വളർത്തലിന് കുറഞ്ഞ പലിശ നിരക്കിലും ഉദാരമായും വായ്പകൾ ലഭ്യമാക്കുക.

3 കാലി-കോഴി വളർത്തലിന് ആവശ്യമായ പരിശീലനം നൽകുക. ഇറച്ചികോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

4 ഉല്പന്നങ്ങൾ ഏറ്റവും അടുത്ത് ന്യായവിലയ്ക്ക് വില്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

5 മത്സ്യകൃഷിക്കായി സൗജന്യമായി മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക. കൃഷിക്കാവശ്യമായ വായ്പ വിതരണം ചെയ്യുക.

6 മത്സ്യവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക

7 ചെമ്മീൻ കൃഷിക്ക് ആവശ്യമായ പദ്ധതി നടപ്പിലാക്കുക.

8 പുൽകൃഷി വ്യാപകമാക്കുക.

9 ഒരു വാർഡിൽ ഒരു ക്ഷീരവ്യവസായ സഹകരണ സംഘം സ്ഥാപിക്കുക

10 ശുദ്ധജല മത്സ്യകൃഷി സഹകരണ സംഘം സ്ഥാപിക്കുക.

11 ക്ഷീരോല്പന്ന നിർമ്മാണ – വിതരണ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

III വിദ്യാഭ്യാസം

ഏറ്റവും കൂടുതലായി കർഷക തൊഴിലാളികളും, കരിങ്കൽ, കയർ, മത്സ്യതൊഴിലാളികളും മറ്റു ദുർബല വിഭാഗങ്ങളും ഉൾപ്പെട്ട പ്രദേശമാണ് ഈ വാർഡ്. ഈ വിഭാഗങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യത്തിനായി ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടിയും, സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടതായുണ്ട്. ഈ പ്രദേശങ്ങളിലെ കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും, ഉന്നത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും വളരെയേറെ ദൂരെ പോകേണ്ട സ്ഥിതിയാണ്. ഇന്നുള്ളത്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും വിദ്യാഭ്യാസസൗകര്യത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

1. നിലവിലുള്ള രണ്ടു അംഗനവാടികൾക്ക് പുറമെ ഒരു അംഗൻവാടി കൂടെ സ്ഥാപിക്കേണ്ടതാണ്.
2 നിലവിലുള്ള അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം സ്ഥാപിക്കുക; ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. കളിപ്പാട്ടങ്ങൾ ലഭ്യമാക്കുക.
3 നിലവിലുള്ള LMS LP സ്കൂൾ, UPS ആയി ഉയർത്തുക.
4. നിലവിലുള്ള ഗവ: LPS; ഹൈസ്കൂൾ ആയി ഉയർത്തുക; ചുറ്റുമതിൽ സ്ഥാപിക്കുക. ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കുക.
5 സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്ക് ഉപരിപഠനത്തിനായി ഒരു കോളേജും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിക്കുക.
6 സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുക.

IV കുടിവെള്ളം-പൊതുജനാരോഗ്യം

കുടിവെള്ളക്ഷാമം വളരെ രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശമാണിത്. പൊതുജന ആരോഗ്യരംഗത്തും ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കേണ്ടിയിരിക്കുകയാണ്. നിലവിലുള്ള ആശുപത്രിയിലും, കുടുംബക്ഷേമകേന്ദ്രത്തിലും ഒട്ടേറെ വികസന പദ്ധതികൾ നടപ്പിലാക്കണം.

1. ഗവ: ആയുർവേദ ആശുപത്രികൾ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ആവശ്യമായ ജീവനക്കാരെ നിയമിക്കുക. ചികിത്സക്കാവശ്യമായ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുക. പഴയ കെട്ടിടം മെയിന്റനൻസ് ചെയ്യുക. പുതിയതായി ഒരു വാർഡുകൂടി പണിയുക. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
2. കുടുംബക്ഷേമകേന്ദ്രം ഡിസ്പെൻസറിയായി ഉയർത്തി പ്രവർത്തിപ്പിക്കുക; ആവശ്യമായ ജീവനക്കാരെ നിയമിക്കുക; അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
3 ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
4 ആരോഗ്യക്ലാസ്സുകളും വൈദ്യപരിശോധനാ ക്യാമ്പുകളും സംഘടിപ്പിക്കുക.
5 മലിനജലം ഒഴുക്കികളയുന്നതിനും ചപ്പു ചവറുകൾ മാറ്റുന്നതിനും ആവശ്യമായ സംവിധാനം ഉണ്ടാക്കുക.
6 കക്കൂസില്ലാത്ത വീടുകളിൽ കക്കൂസ് കുഴിച്ച് സ്ഥാപിക്കുക.
7 കോവളം ജംഗ്ഷനിൽ പൊതുകക്കൂസ് സ്ഥാപിക്കുക.
8 പോഷകാഹാരങ്ങൾ ഗർഭിണികൾക്കും കുട്ടികൾക്കും സൗജന്യമായി വിതരണം ചെയ്യുക.
9 കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി പൊതുകിണറുകൾ സ്ഥാപിക്കുക.
10 സ്വന്തമായി കിണർ കുഴിക്കുന്നതിന് സബ്സിഡി ഇനത്തിൽ സാമ്പത്തിക സഹായം നൽകുക.
11 പൈപ്പു ലൈനുകൾ കൂടുതലായി സ്ഥാപിക്കുക. വിതരണം ചെയ്യുന്ന വെള്ളം നല്ലതാണ് എന്ന് ഉറപ്പുവരുത്തുക.
12 ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കുക.
13 ഊറ്റുകളും ഉറവകളും സംരക്ഷിക്കുക
14 വെള്ളായണി കായൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക.
15 പൊതു ശ്മശാനം സ്ഥാപിക്കണം.

V വ്യവസായം

വ്യാവസായികമായി വളരെയേറെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് ഈ വാർഡ്. ചെറുകിട വ്യാവസായിക യൂണിറ്റുകൾ ആരംഭിക്കുവാൻ പറ്റിയ പ്രദേശമാണിത്. വനിതകൾക്കായുള്ള വ്യാവസായിക യൂണിറ്റുകളും ആരംഭിക്കുവാൻ കഴിയും.

1. കരിങ്കൽ ക്രഷർ യൂണിറ്റ് സ്ഥാപിക്കുക.
2 വനിതകൾക്ക് മാത്രമായി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്സ്ഥാപിക്കുക
3. പഴം, പച്ചക്കറി സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക

4 കറി പൗഡർ നിർമ്മാണം, ആഹാരപദാർത്ഥങ്ങളുടെ നിർമ്മാണം, പാക്കിംഗ് കവർ, മറ്റു നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണം തുടങ്ങിയവയ്ക്കായി ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

5 ക്ഷീരോല്പന്ന യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

6 കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

7 മുട്ടയ്ക്കാട് കായൽ കേന്ദ്രീകരിച്ച് (കടവിൽ മൂല) ടൂറിസ്റ്റ് വില്ലേജ് (ആക്കുളം മോഡൽ) സ്ഥാപിക്കേണ്ടതാണ്.

8 മുട്ടയ്ക്കാട് പുട്ടിക്കിടക്കുന്ന കിഷ്ല ഇൻഡസ്ട്രീസ് തുറന്ന പ്രവർത്തിപ്പിക്കാനുള്ള പദ്ധതി ഉണ്ടാകണം.

VI ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

റോഡുകളുടെ കാര്യത്തിൽ വളരെയേറെ ശോചനീയാവസ്ഥ നിലനിൽക്കുന്ന ഒരു പ്രദേശമാണ്. ഇനിയും ഒട്ടനവധി റോഡുകൾ പുതുതായി നിർമ്മിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള റോഡുകൾക്ക് സംരക്ഷണ പണിയും ടാറിംഗ് നടത്തിയിട്ടില്ല. വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണിത്. പൊതുചന്തകളും, മാർക്കറ്റിംഗ് സംവിധാനവും വിപുലപ്പെടുത്തേണ്ടതുണ്ട്. ഊർജ്ജത്തിന്റെ കാര്യത്തിൽ വൈദ്യുതിക്കോടൊപ്പം തന്നെ മറ്റു ഊർജ്ജ സ്രോതസ്സുകളും കണ്ടെത്തേണ്ടിയിരിക്കുന്നു.

1. മുട്ടയ്ക്കാട് ഗവ:LPS റോഡ് ടാർ ചെയ്യുക.

2. മുട്ടയ്ക്കാട് LPS ലേയ്ക്കുള്ള ഏലാറോഡ് നിർമ്മിക്കുക

3 കോവളം കല്ലൻസാഹിബ് ചെറുകോണം ശാന്തിനഗർ മുട്ടയ്ക്കാട് മുരിങ്ങറത്തല റോഡ് ടാർ ചെയ്യുക. ചാനലിന് കുറുകെ പാലം നിർമ്മിക്കുക.

4 കോവളം-ചെറുകോണം-ചുനക്കരി ചാനൽ ബണ്ട് റോഡിൽ സംരക്ഷണ പണികളും ടാറിംഗ് പണികളും ചെയ്യുക.

5 സാൽവേഷൻ ആർമി-ചെറുകോണം റോഡ് ടാർ ചെയ്യുക., ചാനലിൽ പാലം നിർമ്മിക്കുക.

6 കോളിയൂർ, കാവിൻപുറം, കടവിൽ മൂല റോഡ് ടാർ ചെയ്യുക. കടവിൻമൂല-വവ്വാമൂല കായൽ ബണ്ട് റോഡ് നിർമ്മിക്കുക.

7 മുട്ടയ്ക്കാട് ഗവ: ആയുർവേദ ആശുപത്രി റോഡ് ടാർ ചെയ്യുക.

8 മുട്ടയ്ക്കാട്-പള്ളിവിള-ചുനക്കരി ചാനൽ ബണ്ട് റോഡ് നിർമ്മിക്കുക.

9. K.S. റോഡ്-കുഴിയംവിള-ചരുവിള ചാനൽ ബണ്ടിലേയ്ക്ക് റോഡ് നിർമ്മിക്കുക. ബഥേൽ, KS റോഡുമായി ബന്ധിപ്പിക്കുക.

10 ചെറുകോണം കമുകിൻകുഴിയിൽ നിന്നും ചെറുകോണം തോട്ടിൻകരയിലേയും ഏലായിലേയ്ക്കും റോഡ് നിർമ്മിക്കുക.

11 കോവളം ജംഗ്ഷനിൽ നിന്നും നടുത്തട്ട് ചാനൽ ബണ്ട് നിർമ്മിക്കുക.

12 കോവളം ജംഗ്ഷനിൽ നിന്നും പാറവിള ചെറുകോണം കമുകിൻകുഴിയിലേയ്ക്ക് റോഡ് നിർമ്മിക്കുക. 13 വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി ചെറുകോണത്തും, ഗവ: ആയുർവേദ ആശുപത്രി (മുട്ടയ്ക്കാട്) പരിസരത്തും ഓരോ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതാണ്.

14 എല്ലാ റോഡുകളിലും (മുകളിൽ സൂചിപ്പിച്ചിട്ടുള്ള) വഴി വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

15 വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുത ലയിൻ സ്ഥാപിക്കുന്നതിനും ഭവനങ്ങളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

16 സോളാർ, ബയോഗ്യാസ് ഊർജ്ജ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

17 പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുവാൻ പ്രചാരണ പദ്ധതികൾ നടപ്പിൽ വരുത്തണം.

18 കാർഷികോല്പന്നങ്ങൾ, മത്സ്യം, മാംസം തുടങ്ങിയവ വിറ്റഴിയുന്നതിന് ഇന്നുള്ള 2 ചന്തകളും പൊതുചന്തകളാക്കി പ്രവർത്തിപ്പിക്കുക. ചന്തയ്ക്കാവശ്യമായ സ്ഥലവും കെട്ടിടവും സ്ഥാപിയ്ക്കുക.

19. കോവളം ജംഗ്ഷനിൽ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.

VII ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും മറ്റു പിന്നോക്ക ജനവിഭാഗങ്ങളും പട്ടികജാതി പട്ടിക വർഗ്ഗങ്ങളും ഇടതിങ്ങി പാർക്കുന്ന ഈ പ്രദേശത്ത് സ്വന്തമായി ഭൂമിയില്ലാത്തവരും കുടിലുകളിൽ താമസിക്കുന്നവരും ഉൾപ്പെടുന്നു. ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഒട്ടേറെ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

1. ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും ഭൂമിയും വീടും നൽകുക.

2. സ്വന്തമായി ഭൂമിയുള്ളവർക്കും കുടിലുകളിൽ താമസിക്കുവരുമായ എല്ലാ ജനവിഭാഗങ്ങൾക്കും

വീടു നിർമ്മിച്ചു നൽകുക.

3 ഭവന നിർമ്മാണത്തിനായി ഒരു സഹകരണ സംഘം സ്ഥാപിക്കുക

4 ചെറുകോണം വലിയകുളത്തിൻകര ഐ.എച്ച്. ഡി.പി. കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

5 പുളിശ്ശിലാംമുട്, മുട്ടയ്ക്കാട് കുഴിവിള, കാവും പുറം ഹരിജൻ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

6 ഒരു അംഗൻവാടി കൂടി സ്ഥാപിക്കേണ്ടതാണ്.

7 സാമൂഹ്യക്ഷേമ പദ്ധതികളിൽ നിന്നുമുള്ള ആനുകൂല്യം അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും ലഭ്യമാക്കേണ്ടതാണ്.

8 വാർഡിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കേണ്ടതാണ്.

VIII സംസ്കാരം

ഒട്ടേറെ സാംസ്കാരിക സംഘടനകളും സന്നദ്ധ സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. മതപരവും ജാതിയവുമായ ഐക്യം കൂടുതൽ ഊട്ടി ഉറപ്പിക്കേണ്ടതായിട്ടുണ്ട്. വായനശീലവും ഗ്രന്ഥശാലയുടെ പ്രവർത്തനവും കലാ-കായിക ശേഷിയും വളർത്തിയെടുക്കണം. വിവിധ വിഭാഗങ്ങളുടെ ഉത്സവങ്ങൾ കൂടുതൽ ജനകീയമാക്കണം

1 നിലവിലുള്ള വായനശാലകൾക്കും, ഗ്രന്ഥശാലയ്ക്കും സ്പോർട്ടസ് ആർട്സ് ക്ലബുകൾക്കും സ്വന്തമായി കെട്ടിടം പണിയണം.

2 കലാ-കായിക ശേഷി വർധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ പരിശീലനവും സഹായവും നല്കണം

3 നിലവിലുള്ള പൊതു റേഡിയോ സെറ്റ് പ്രവർത്തനക്ഷമമാക്കണം

4 പുതുതായി 5 ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കണം

5 പഞ്ചായത്ത് സാംസ്കാരിക നിലയവും കളിസ്ഥലവും സ്ഥാപിക്കണം

6 കലാപരിശീലനകേന്ദ്രം സ്ഥാപിക്കണം

7 വായനശാലകൾക്കും, ഗ്രന്ഥശാലയും സാംസ്കാരിക സംഘടന- സന്നദ്ധസംഘടനകൾക്കും ഗ്രാന്റ് അനുവദിക്കണം.

IX വനിത

ഈ വാർഡിൽ മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ സ്ത്രീകളും സ്വയം തൊഴിലുകളിൽ വ്യാപൃതരായിരിക്കുന്നു. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തേണ്ടതാണ്.

1 വനിതാ സമാജങ്ങൾക്ക് പ്രവർത്തന ഗ്രാന്റ് അനുവദിക്കേണ്ടതാണ്.

2 സ്വയംതൊഴിലിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ അനുവദിപ്പിക്കേണ്ടതാണ്.

3 ക്രഷുകൾ സ്ഥാപിക്കുക

4 വനിതകൾക്കായി സഹകരണ സംഘങ്ങൾ സ്ഥിപാക്കേണ്ടതാണ്

5 മാവേലി സ്റ്റോറുകൾ ഓരോ വാർഡിലും സൗകര്യം അനുസരിച്ച് അനുവദിക്കേണ്ടതാണ്.

6 പൊതുരംഗത്തും ബഹുജന സംഘടനകളിലും കൂടുതൽ വനിതാ പങ്കാളിത്തം ഉറപ്പാക്കുവാൻ ആവശ്യമായ പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്.

X സഹകരണ സംഘങ്ങൾ

സഹകരണ മേഖലയിൽ ഇന്നുള്ള സ്ഥാപനങ്ങൾ മിക്കതും പ്രവർത്തനക്ഷമത ഇല്ലാത്തവയാണ്. തൊഴിലില്ലായ്മയ്ക്ക് പരിഹാരമായി സ്വയം തൊഴിൽ സംരഭങ്ങളും ചെറുകിട വ്യവസായങ്ങളും ആരംഭിക്കുന്നതിനും ഇന്നുള്ള സ്വയം തൊഴിൽ യൂണിറ്റുകൾ വിപുലപ്പെടുത്തുന്നതിനും കൃഷി മൃഗസംരക്ഷണ, മത്സ്യ കൃഷി മേഖലയിൽ പുരോഗതി ഉണ്ടാക്കുന്നതിനും സഹകരണ സ്ഥാപനങ്ങൾക്ക് മുഖ്യ പങ്ക് വഹിക്കുവാൻ കഴിയും.

1. ക്ഷീരവ്യവസായ സഹകരണ സംഘം ഈ വാർഡിൽ രൂപീകരിക്കുക.

2. വനിതാ സഹകരണം സംഘം വാർഡ് അടിസ്ഥാനത്തിൽ രൂപീകരിക്കുക

3 വിവിധവിഭാഗം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വിഭാഗത്തിന് പ്രത്യേകം പ്രത്യേകം സഹകരണ സംഘങ്ങൾ ആരംഭിക്കുക.

4 നിലവിലുള്ള സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുക.

5 ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് സഹകരണ സംഘം സ്ഥാപിക്കുക.

XI പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾജനസംഖ്യയിൽ രണ്ടാം സ്ഥാനത്താണ് ഈ വാർഡിൽ 4 അംഗീകൃത പട്ടികജാതി പട്ടിക വർഗ്ഗ സങ്കേതങ്ങൾ ഈ വാർഡിലുണ്ട്. ഇതിൽ ഒരെണ്ണം തീവ്രസങ്കേത വികസന പദ്ധതിയിൽ ഉൾപ്പെട്ടതാണ്.

1 സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത മുഴുവൻ

ആളുകൾക്കും ഭൂമിയും വീടും നൽകേണ്ടതാണ്.

2 സ്വന്തമായി ഭൂമിയുള്ളവരും കുടിലിൽ താമസിക്കുന്നവരുമായ ആളുകൾക്ക് വീട് നിർമ്മിച്ച് നൽകേണ്ടതാണ്.

3 ശുദ്ധജലം, വൈദ്യുതി എന്നിവ മുഴുവൻ ആളുകൾക്കും ലഭ്യമാക്കേണ്ടതാണ്.

4 കോളനികളിൽ കൂടി കടന്നുപോകുന്ന റോഡുകൾ ടാർ ചെയ്ത് സംരക്ഷിക്കേണ്ടതും വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതുമാണ്.

5 പൊതുകിണറുകൾ സ്ഥാപിക്കുക

6 കക്കൂസുകൾ നിർമ്മിച്ച് നൽകുക

7 പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുമാത്രമായി സഹകരണ സംഘം രൂപീകരിച്ച് സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്

8 കൃഷിക്കായി കിണർ കുഴിക്കുന്നതിന് സബ്സിഡിയും സൗജന്യമായി വിത്തും വളവും നൽകണം.

XII വിഭവ സമാഹരണം

നിലവിലുള്ള സംവിധാനത്തിൽ മുഴുവൻ കാര്യങ്ങളും സർക്കാരിന് ആശ്രയിച്ച് ചെയ്യുവാൻ കഴിയുകയില്ല. വികസന രംഗത്ത് മുന്നേറ്റം ഉണ്ടാക്കുവാൻ വിവിധ ഏജൻസികളുടെ സഹായവും സഹകരണവും ഉണ്ടാകേണ്ടിയിരിക്കുന്നു. ബഹുജനപങ്കാളിത്തം കൂടുതൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ജനകീയാസൂത്രണ പ്രക്രിയയിലൂടെ ഉയർന്നു വിന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതി രൂപപ്പെടുത്തി നടപ്പിലാക്കുന്നതിലേയ്ക്കായി താഴെ പറയുന്ന വിഭവ സമാഹരണം ഉണ്ടാക്കാവുന്നതാണ്.

1 സർക്കാർ സാമ്പത്തിക സഹായം

2 മറ്റു സാമ്പത്തിക ഏജൻസികളിൽ നിന്നുള്ള സഹായം

3 ബാങ്ക് വായ്പ ലഭ്യമാക്കൽ

4 അസംസ്കൃത പദാർത്ഥങ്ങളുടെ ശേഖരണം

5 പൊതുജനങ്ങളിൽ നിന്നുമുള്ള സംഭാവന

വാർഡ് 12

തെങ്ങ്, പച്ചക്കറി, വാഴ തുടങ്ങിയ കൃഷി, മെച്ചപ്പെടുത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കണം. വിത്ത്, വളം കാർഷികോപകരണങ്ങൾ തുടങ്ങിയവ സൗജന്യമായി കർഷകർക്ക് നൽകണം. ഭൂമി സ്വന്തമായി ഇല്ലാത്തവർക്ക് സൗജന്യമായി വസ്തു നൽകുക. കൃഷിക്കാവശ്യമായ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

പശു, ആട്, കോഴി മുയൽ തടങ്ങിയ വളർത്തു മൃഗങ്ങളെ സൗജന്യമായി നൽകുക. കാലിത്തീറ്റ, തീറ്റപ്പുല്ല് എന്നിവ സൗജന്യമായി നൽകണം. കോവളം ക്ഷീരവ്യവസായ സംഘത്തിന്റെ കീഴിൽ സ്ഥിരമായി ഒരു വെറ്റിനറി ഡോക്ടറെ നിയമിക്കുക. മുട്ടയ്ക്കാട് വാർഡിൽ ഒരു മൃഗസംരക്ഷണ ഫാം തുടങ്ങുക. കല്ലടിച്ച കുളങ്ങളിൽ മീൻ വളർത്തൽ സൗജന്യമായി അനുവദിക്കുക.

മുട്ടയ്ക്കാട് വാർഡിൽ രണ്ട് സ്ഥലങ്ങളിലായി രണ്ട് നഴ്സറി സ്കൂളും ഒരു ഗ്രന്ഥശാലയും അടിയന്തിരമായി അനുവദിക്കണം. നിലവിലുള്ള LMS LPS നെ യു.പി. സ്കൂളായി ഉയർത്തുക.

കുറഞ്ഞ വരുമാനക്കാരുടെ മക്കൾക്ക് സൗജന്യമായി പഠനോകരണങ്ങളും യൂണിഫോമും വിതരണം ചെയ്യുക. സാക്ഷരതാ ക്ലാസുകൾ തുടർന്നുനടത്തുക.

വികസനമില്ലാത്ത മുടയ്ക്കാട് പ്രദേശത്ത് ഒരു ഹൈസ്കൂൾ അനുവദിക്കുക. കംപ്യൂട്ടർ സെന്റർ ആരംഭിക്കുകയും നിർധനരായവർക്ക് സൗജന്യമായി ക്ലാസ്സെടുക്കുകയും വേണം. വെള്ളായണി കാർഷിക കോളേജിൽ മുട്ടയ്ക്കാട് വാർഡിൽ നിന്നും രണ്ട് സീറ്റ് അനുവദിക്കുക. ITDC, KTDC തുടങ്ങിയ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ രണ്ട് സീറ്റ് വീതം അനുവദിക്കുക. കരിങ്കൽ മേഖലയിൽ പണി ചെയ്യുന്ന നിർധനരായ തൊഴിലാളികൾക്ക് ലോൺ അനുവദിക്കുക. സർക്കാർ ഉടമയിലുള്ള കാറി സൗജന്യമായി നൽകുക. മുട്ടയ്ക്കാട് വാർഡിൽ ഒരു പൊതുചന്ത സ്ഥാപിക്കണം.

പന്ത്രണ്ടാം വാർഡിൽ വാട്ടർ ടാങ്ക് സ്ഥിതിചെയ്യുന്നെണ്ടെങ്കിലും വാർഡിലെ നിവാസികൾക്ക് കുടിവെള്ളക്ഷാമം തീർക്കുന്നതിനു പര്യാപ്തമായ വിധത്തിൽ വെള്ളം നിറയ്ക്കുന്നതിനുവേണ്ട സംവിധാനം ഏർപ്പെടുത്തുക. കുളവറത്തല ഊറ്റുകുഴിയിൽ നിന്നും പമ്പ് ചെയ്തു ജലവിതരണം നടത്തുക. വണ്ടിത്തടം വാട്ടർ സപ്ലേ സ്കീമിൽ നിന്നും ഈ വാർഡിലെ ജനങ്ങൾക്ക് ആവശ്യമായ വെള്ളം എത്തിക്കുക.

വെള്ളാർ നിന്നും ആരംഭിക്കുന്ന റോഡിൽ 2 km ദൂരം ടാർ ചെയ്തിട്ടുണ്ട്. ബാക്കി ഭാഗം ടാർ ചെയ്യണം. ചുനക്കരിയിലേയ്ക്കുപോകുന്ന റോഡ് ടാർ ചെയ്യണം. ഈ റോഡിൽ ചാനൽ ഭാഗത്ത് ഒരു പാലം പണിയണം. കോളിയൂർ ഭാഗത്ത് നിന്നും കൈയിലിപാറഭാഗത്തുകൂടി പൊതുജനങ്ങൾ നിർമ്മിച്ച ചാനൽ പാലം വഴി കല്ലൻസായിപ്പ് റോഡുമായി ബന്ധപ്പെടുത്തി ടാർ ചെയ്യുക. ഈ ചാനൽ ഭാഗത്തു നിന്നും ചാനലിന്റെ അതിരു പറ്റി ചുനക്കരി റോഡിന്റെ അറ്റവുമായി ബന്ധപ്പെടുന്ന റോഡ് ടാർ ചെയ്യണം. ഒലിപ്പുവിള നിന്നും പടിഞ്ഞാറേ പാറവിള വരെ പോയിട്ടുള്ള റോഡ് ടാർ ചെയ്യണം.

ഈ വാർഡിൽ രണ്ട് പട്ടികജാതികോളനിയും ഒരു പട്ടികവർഗ്ഗ കോളനിയും ഉണ്ട്. ആകെ 100 കുടുംബങ്ങൾ. ഈ വാർഡിൽ വേടർ കോളനിയിൽ

അവർക്കായി ഒരു ശ്മശാനം നിർമ്മിക്കുക. അസംഘടിതരായ കരിങ്കൽ തൊഴിലാളികൾക്കായി ഒരു സഹകരണ സംഘം രൂപീകരിക്കണം. നിർധനരായ ഇവരെ പുനഃരധിവാസത്തിനുള്ള നടപടികൾ പഞ്ചായത്തു തലത്തിൽ നടപ്പാക്കുക. ഈ പ്രദേശത്ത് അത്യാഹിത വിഭാഗം ഉൾപ്പടെ ഒരു ആശുപത്രി സ്ഥാപിക്കുക. IRDP ലിസ്റ്റിൽ പേരുള്ളവർക്ക് ലോണുകൾ അനുവദിക്കുക. ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

എല്ലാ വീടുകളും സൗജന്യമായി വൈദ്യുതികരിക്കുക. കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിച്ചു കൊടുക്കുക. വീടില്ലാത്തവർക്ക് സൗജന്യമായി വീട് നിർമ്മിച്ചു കൊടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക. പട്ടയം നൽകുക. അരിവാൾ കോളനിയിലൂടെ പോകുന്ന ഹൈവേയിൽ ഉൾപ്പെട്ട 10 കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുക.



ട്രാൻസെക്ട്, ഭൂപടിയ വിവരശേഖരണം, ചരിത്രപഠനം എന്നിവയെ സംബന്ധിക്കുന്ന സ്ഥിതിവിവരങ്ങൾ

91-92 ലെ IRDP സർവ്വേ പ്രകാരം കക്കൂസുകളെ സംബന്ധിച്ച വിവരം

വാർഡ്	കക്കൂസുകൾ ഇല്ലാത്ത ഭവനങ്ങളുടെ എണ്ണം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ചത്	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങൾ	
1					
2					
3	840	43	43	797	ഈ വിവരപട്ടികയിലതിൽ നിന്നും വളരെ കൂടുതൽ കുടുംബങ്ങൾക്ക് കക്കൂസില്ലാത്ത സ്ഥിതിയാണ്. മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു കൊണ്ടുള്ള ശുചിത്വം പരിപാലിക്കേണ്ടത് അത്യാവശ്യമാണ്. ആയതിലേയ്ക്ക് വേണ്ട നടപടികൾ ത്രിതല പഞ്ചായത്തുകളും സർക്കാരും ചെയ്യേണ്ടതാണ്.
4					
6					
5					
7					
8	760	48	48	712	
9					
10					
11					
12					

IRDP സർവ്വേ പ്രകാരം ഭവന നിർമ്മാണത്തെ സംബന്ധിച്ച് ലഭിച്ചിട്ടുള്ള വിവരം

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	പൂർത്തീകരിക്കാനുള്ളവ	ഇനി അനുവദിക്കാനുള്ളത്
1					
2	580	28	26	2	552
3					
4					
6					
5					
7					
8					
9					
10					
11					
12	490	30	28	2	460

IRDP സർവ്വേ അനുസരിച്ച് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 2460 പേരിൽ 54 പേർക്കേ ഭവന നിർമ്മാണ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുള്ളു. എന്നാൽ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ ലിസ്റ്റിലുള്ള എല്ലാ പേർക്കും സഹായം ചെയ്യേണ്ടതാണ്.

ട്രൈസം തൊഴിൽ പരിശീലനം ഈ പഞ്ചായത്തിൽ നേടിയവരുടെ വിവരം

വാർഡ് നമ്പർ	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ
1.	തയ്യൽ	2	1	1
2.	ടൈപ്പ്റൈറ്റിംഗ്	5	1	4
3	ITI	1	–	1
4	ബുക്ക് ബയന്റിംഗ്	2	–	2
6	ചകിരിപായ്	1	–	1
5	തയ്യൽ	11		–
7	എംബ്രോയിഡറി	5	1	4
8	ടൈപ്പ്റൈറ്റിംഗ്	3	1	2
9				
10	ITI	1	–	1
11				
12				

അഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ കഴിഞ്ഞ വർഷം കേവലം ചുരുക്കം ചിലർക്ക് മാത്രമേ തൊഴിൽ പരിശീലനം നൽകുവാൻ കഴിഞ്ഞുള്ളുവെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ ക്രമം മാറ്റി അർഹരായ എല്ലാപേർക്കും തൊഴിൽ പരിശീലനം നൽകേണ്ടതാണ്.

DWCRA പദ്ധതി പ്രകാരം രൂപീകരിച്ച തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ് നമ്പർ	തൊഴില സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബനന്ധിച്ച വിവരം
1	വീവിംഗ് യൂണിറ്റ്	92-93	12	തൃപ്തികരം
2				
3				
4				
6				
5				
7	റെഡിമെയ്ഡ്			
8	ഗാർമെന്റ്സ്			
9	മേക്കിംഗ് യൂണിറ്റ്	94-95	10	തൃപ്തികരം
10				
11				
12				

ഈ പദ്ധതി പ്രകാരം വാർഡുതലത്തിൽ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതും ഇവ പഞ്ചായത്തു തലത്തിൽ കേന്ദ്രീകരിച്ച് ക്രയവിക്രയം നടത്തുന്നതിനുള്ള ഒരു അപക്സ് സംഘം ആരംഭിക്കേണ്ടതും അത്യാവശ്യമാണ്.

സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായി ഉല്പാദിപ്പിച്ച് വിതരണം ചെയ്ത തൈകളുടെ വിവരം

വർഷം	ഇനം	ആകെ ഉല്പാദനം	ആകെ വിതരണം
1991	മാവ്	27	27
	പ്ലാവ്	27	27
	Bread Fruit	20	20
	Halva	16	16
	Clove	14	14

ചെറുകിട ജലസേചന തോടുകളേയും കുളങ്ങളേയും സംബന്ധിച്ച്

ക്രമ നമ്പർ	തോട്ടിന്റെ പേര്	നീളം	വീതി
1.	ചിറത്തലവിളാകം തോട്	1 1/2 കി.മീ.	1 മീറ്റർ
2.	അമ്മാൻത്തോട്ടം	1 1/2 കി.മീ.	1 1/2 മീ.
3.	കട്ടച്ചൽകുഴി	1 കി.മീ	1 മീ.
4.	പമ്പ് ഹൗസ് സെൻട്രൽ തോട്	1 കി.മീ.	1 മീ.
5.	കുളങ്ങരനട	1 കി.മീ.	1 മീ.
6.	ഊറ്റുകുഴി തോട്	2 കി.മീ.	1 മീ.
7.	വെങ്ങാനൂർ തോട്	4 കി.മീ	10 മീ.
8.	ചിറ്റാഴകുളം	1 1/2 കി.മീ.	1 മീ.
9.	ആഴാകുളം ചിറയിൻ	1 1/2 കി.മീ.	1/2 മീ.

JRY പദ്ധതിപ്രകാരം ഏറ്റെടുത്ത പണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ

	പണിയുടെ പേര്	ജനറൽ		SC/ST	
		എസ്റ്റിമേറ്റ് തുക	നൽകിയത്	എസ്റ്റിമേറ്റ് തുക	നൽകിയത്
1.	ആയുർവേദാശുപത്രി ഇലക്ട്രിഫിക്കേഷനും വാട്ടർ സപ്ലൈയും	8100	8100	–	–
2.	വീടുകൾ	–	–	49800	5800
3.	കക്കൂസ്	–	–	57000	3500
4.	ആഴാകുളം ചിറയിൽ ബെൽറ്റ് കോൺക്രീറ്റ്	55000	55000	–	–
5.	കട്ടച്ചൽകുഴി ജനമഠം റോഡ്	150000	150000	–	–
6.	ഉച്ചക്കട സിസിലിപുരം റോഡ്	98000	98000	–	–
7.	ആഴാകുളം ചിറയിൽ ഫുട്ട്പാത്ത്	20000	20000	–	–

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ വിള വിസ്തീർണ്ണവും ഉല്പാദനവും ചുവടെ ചേർക്കുന്നു.

വിള	വിസ്തീർണ്ണം (ഹെക്ടർ)	ആകെ ഉല്പാദനം	ഉല്പാദനക്ഷമത
നെല്ല് ഒന്നാംവിള	20	840000	5000
നെല്ല് രണ്ടാംവിള	20	72000	3800
നെല്ല് മൂന്നാംവിള	–	–	–
പയർ	12	480000	5000
എള്ള്	0.5	135	350
പച്ചക്കറികൾ	40	–	–
തെങ്ങ്	1184	–	–
വാഴ	72	590400	9000
മരച്ചീനി	180	3690000	25000
കൂരുമുളക്	10	2850	300
പ്ലാവ്	15	525000	40000
കശുമാവ്	0.5	6250	15000
മാവ്	16	3527920	250000
കവുങ്ങ്	8	144000	20000
കൊക്കോ	3	1905 (DRY)	700 Kg.
ഇഞ്ചി	3	10140	4000
മഞ്ഞൾ	0.4	800	2800
പൈനാപ്പിൾ	2	90000	50000

(ഉല്പാദനക്ഷമത ഹെക്ടറിൽ കണക്കാക്കിയിരിക്കുന്നു)

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ തെങ്ങുകൃഷിംയെ സംബന്ധിച്ച വിവരങ്ങൾ വാർഡു തലത്തിൽ

വാർഡ്	തെങ്ങ് എണ്ണം			
	തെങ്ങ് കൃഷി വിസ്തീർണ്ണം സെൻറ്	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ
I	19849	5370	13238	18608
II	15140	6042	13232	19274
III	26749	11248	19102	30350
IV	30644	6779	30816	37595
V	37587	6289	21708	27997
VI	34104	7106	28297	35403
VII	31833	11564	29125	40689
VIII	23038	12835	27025	39860
IX	20841	6701	16368	23069
X	13832	2466	11198	13664
XI	20795	4210	22039	26249
XII	21453	4961	21954	26915

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ കൃഷിഭൂമി കൈവശമുള്ള വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ 1 ഹെക്ടറിൽ താഴെ	ചെറുകിട കർഷകർ 1-2 ഹെക്ടർ	വൻകിട കർഷകർ 2 ന് മുകളിൽ
I	617	5	–
II	527	3	–
III	638	2	1
IV	606	11	–
V	740	4	–
VI	771	4	2
VII	649	9	–
VIII	728	4	–
IX	426	9	–
X	633	2	1
XI	478	8	–
XII	323	17	–

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ
ജനന-മരണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993 - 94	205	140	–
1994 - 95	426	143	–
1995 - 96	144	140	–

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത്
സെൻററിൽ കഴിഞ്ഞ മൂന്നു വർഷക്കാലം ചികിത്സ ചെയ്ത
പകർച്ചവ്യാധികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993 - 94	2312	1410	17	18526
1994 - 95	3410	814	5	15697
1995 - 96	1917	909	11	18562

JRY പദ്ധതിപ്രകാരം ഏറ്റെടുത്ത പണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ

	പണിയുടെ പേര്	ജനറൽ		SC/ST	
		എസ്റ്റിമേറ്റ് തുക	നൽകിയത്	എസ്റ്റിമേറ്റ് തുക	നൽകിയത്
1.	ആയുർവേദാശുപത്രി ഇലക്ട്രിഫിക്കേഷനും വാട്ടർ സപ്ലൈയും	8100	8100	–	–
2.	വീടുകൾ	–	–	49800	5800
3.	കക്കൂസ്	–	–	57000	3500
4.	ആഴാകുളം ചിറയിൽ ബെൽറ്റ് കോൺക്രീറ്റ്	55000	55000	–	–
5.	കട്ടച്ചൽകുഴി ഭജനമഠം റോഡ്	150000	150000	–	–
6.	ഉച്ചക്കട സിസിലിപുരം റോഡ്	98000	98000	–	–
7.	ആഴാകുളം ചിറയിൽ ഫുട്പാത്ത്	20000	20000	–	–

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ വിള വിസ്തീർണ്ണവും ഉല്പാദനവും ചുവടെ ചേർക്കുന്നു.

വിള	വിസ്തീർണ്ണം (ഹെക്ടർ)	ആകെ ഉല്പാദനം	ഉല്പാദനക്ഷമത
നെല്ല് ഒന്നാംവിള	20	840000	5000
നെല്ല് രണ്ടാംവിള	20	72000	3800
നെല്ല് മൂന്നാംവിള	–	–	–
പയർ	12	480000	5000
എള്ള്	0.5	135	350
പച്ചക്കറികൾ	40	–	–
തെങ്ങ്	1184	–	–
വാഴ	72	590400	9000
മരച്ചീനി	180	3690000	25000
കൂരുമുളക്	10	2850	300
പ്ലാവ്	15	525000	40000
കശുമാവ്	0.5	6250	15000
മാവ്	16	3527920	250000
കവുങ്ങ്	8	144000	20000
കൊക്കോ	3	1905 (DRY)	700 Kg.
ഇഞ്ചി	3	10140	4000
മഞ്ഞൾ	0.4	800	2800
പൈനാപ്പിൾ	2	90000	50000

(ഉല്പാദനക്ഷമത ഹെക്ടറിൽ കണക്കാക്കിയിരിക്കുന്നു)

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ തെങ്ങുകൃഷിംയെ സംബന്ധിച്ച വിവരങ്ങൾ വാർഡു തലത്തിൽ

വാർഡ്	തെങ്ങ് എണ്ണം			
	തെങ്ങ് കൃഷി വിസ്തീർണ്ണം സെൻറ്	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ
I	19849	5370	13238	18608
II	15140	6042	13232	19274
III	26749	11248	19102	30350
IV	30644	6779	30816	37595
V	37587	6289	21708	27997
VI	34104	7106	28297	35403
VII	31833	11564	29125	40689
VIII	23038	12835	27025	39860
IX	20841	6701	16368	23069
X	13832	2466	11198	13664
XI	20795	4210	22039	26249
XII	21453	4961	21954	26915

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ കൃഷിഭൂമി കൈവശമുള്ള വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ 1 ഹെക്ടറിൽ താഴെ	ചെറുകിട കർഷകർ 1-2 ഹെക്ടർ	വൻകിട കർഷകർ 2 ന് മുകളിൽ
I	617	5	–
II	527	3	–
III	638	2	1
IV	606	11	–
V	740	4	–
VI	771	4	2
VII	649	9	–
VIII	728	4	–
IX	426	9	–
X	633	2	1
XI	478	8	–
XII	323	17	–

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ ജനന-മരണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993 - 94	205	140	–
1994 - 95	426	143	–
1995 - 96	144	140	–

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ കഴിഞ്ഞ മൂന്നു വർഷക്കാലം ചികിത്സ ചെയ്ത പകർച്ചവ്യാധികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993 - 94	2312	1410	17	18526
1994 - 95	3410	814	5	15697
1995 - 96	1917	909	11	18562

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ പട്ടിക

വാർഡ്	കെട്ടിടങ്ങളുടെ സ്വഭാവം				ആകെ
	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
1	168	168	236	103	675
2	213	213	298	130	854
3	179	179	250	108	717
4	159	159	222	96	636
5	178	178	249	107	712
6	185	185	259	110	739
7	154	154	216	91	615
8	249	249	350	150	998
9	110	110	154	66	440
10	174	174	243	104	695
11	166	166	233	100	665
12	184	184	258	110	736

ഈ ഗ്രാമപഞ്ചായത്തിൽ 1996-ലെ ലൈവ് സ്റ്റോക്കു സെൻസസ് പ്രകാര മുള്ള വളർത്തു മൃഗങ്ങളുടെ വിവരം

പശു	എരുമ	ആട്	പട്ടി
2492	424	3209	2424

വളർത്തു പക്ഷികളുടെ വിവരം

കോഴി (മുട്ട ഇടുന്നത്)	താറാവ് (പെൺ)	മറ്റുള്ളവ
27632	876	26

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ വളർത്തു മൃഗങ്ങൾക്കും വളർത്തു പക്ഷികൾക്കും കണ്ടുവരുന്ന രോഗങ്ങളെകുറിച്ചു വിവരം

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പട്ടി	കോഴി
1	ദഹന സംബന്ധമായവ	400	375	250	59	
2	ശ്വാസകോശ സംബന്ധം	120	65	12	25	600
3	ഉപാപചയ സംബന്ധം	288	160	142	120	
4	പരാദ രോഗങ്ങൾ	650	255	152	65	
5	വന്ധ്യത	62	32	–	–	
6	അകിടു വീക്കം	282	147	68	–	
7	മുടന്തൻ പനി	242	62	–	–	
8	പകർച്ചവ്യാധികൾ	42	12	6	18	–

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാരുടെ എണ്ണം

	പ്രായം	എണ്ണം
1	15 നും 19 നും മദ്ധ്യേ	102
2	20–24	564
3	25–29	958
4	30–34	914
5	35–39	716
6	40–54	307

ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അമ്മമാരുടെ എണ്ണം

a.	1 കുട്ടി	446
b	2 കുട്ടികൾ	2035
c	2 ൽ കൂടുതൽ കുട്ടികൾ	680

ജീവിച്ചിരുപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചിട്ടുള്ള അമ്മമാർ

1 കുട്ടി	–	58
2 കുട്ടികൾ	–	1958
2 – ൽ കൂടുതൽ കുട്ടികൾ	–	551

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന റേഷൻ കടകളിലൂടെ നടത്തുന്ന പൊതുവിതരണത്തിന്റെ പൂർണ്ണ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 1

കാർഡുകളുടെ എണ്ണം

NE	E	ആകെ
2395	3160	5555

ഗുണഭോക്താക്കൾ

മുതിർന്നവർ	കുട്ടികൾ	ആകെ
20702	3944	24636

വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വിവരം

അരി	ഗോതമ്പ്	റവ	മൈദ	പഞ്ചസാര
4360.13	3986.12	293.32	572.58	868.65

അളവുകൾ കിന്റലിൽ

മണ്ണെണ്ണ വിതരണത്തിന്റെ വിവരം

പെർമിറ്റുകളുടെ എണ്ണം	പെർമ്മിറ്റുവഴി വിതരണം	കാർഡ് വഴി വിതരണം
422	6330	18295

ലിറ്ററിൽ

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ ഒന്നുമുതൽ എട്ട് വരെ വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വെങ്ങാനൂർ സർവ്വീസ് സഹകരണ സംഘമാണ് സഹകരണ മേഖലയിലുള്ള പ്രധാന സ്ഥാപനം. എന്നാൽ ഈ സംഘം സ്ഥിതി ചെയ്യുന്നത് വിഴിഞ്ഞം പഞ്ചായത്തിലാണെന്നുള്ള വസ്തുത സൂചിപ്പിക്കാതിരിക്കാൻ നിർവ്വാഹമില്ല. വെങ്ങാനൂർ ജംഗ്ഷൻ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടാത്തതാണ് ഇതിനു കാരണം. അംഗങ്ങളും ഗുണഭോക്താക്കളും ഈ പഞ്ചായത്തിലേതായതിനാൽ പ്രസ്തുത സഹകരണ സംഘത്തിന്റെ പൂർണ്ണ വിവരം ചുവടെ ചേർക്കുന്നു.

ആരംഭിച്ച വർഷം : 1-5-1102 ME

ആകെ അംഗങ്ങൾ : 4044

ഓഹരിയുടെ വില : രൂപ 5/-

പരമാവധി കടം
എടുക്കാവുന്ന തുക : അടച്ചുതീർത്ത ഓഹരിയുടെ 35 ഇരട്ടി

പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

സ്ഥിരം രൂപ	ഹ്രസ്വകാലം	മറ്റുള്ളവ
779580/-	7036340/-	201000/-

നൽകിയിട്ടുള്ള വായ്പകളെ കുറിക്കുന്ന വിവരം ഇനം തിരിച്ചു ചുവടെ ചേർക്കുന്നു

ഇനം	ഹ്രസ്വ കാലം രൂപ	മദ്ധ്യ കാലം രൂപ	ദീർഘ കാലം രൂപ	മറ്റുള്ളവ
കാർഷിക വായ്പകൾ	24,00,000	1,10497/-	107712/-	
മറ്റിനം			90338/-	
ഹൗസിംഗ്			9721/-	
വിദ്യാഭ്യാസം			1800/-	

സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ചിട്ടുള്ള വായ്പകൾ

ക്രമ നമ്പർ	സ്ഥാപനം	സ്വഭാവം	തുക
1.	തിരുവനന്തപുരം ജില്ല	ST ലോൺ	1593873
2.	സഹകരണ ബാങ്ക്	OL	54739
3		MT Agri	59424
4		LT Real	67200
5		LT Agri	100212

കാലാവധി കഴിഞ്ഞിട്ടും സംഘത്തിന് പിരിഞ്ഞു കിട്ടുവാനുള്ള വായ്പകളുടെ വിവരം

ക്രമ നമ്പർ	വായ്പാ സ്വഭാവം	തുക
1	അഗ്രികൾച്ചറൽ ലോൺ	775000
2	മദ്ധ്യകാല വായ്പ	17000
3	വീട് ഓട് ഇടുന്നതിന്	16000
4	വീട് വയ്ക്കുന്നതിന്	9271
5	തൊഴിൽ ചെയ്യുന്നതിന്	27500
6	സംഘ ഫണ്ട് വായ്പ	19600
7	വിദ്യാഭ്യാസ വായ്പ	1800

ഈ സ്ഥാപനത്തിന്റെ ചെലവുകൾ

ഭരണപരം : രൂപ 241148/-
കൺണ്ടീജന്റ് : രൂപ 106241/-

വികസന പദ്ധതികളുടെ പൊതു നിർദ്ദേശങ്ങൾ

1. മഹാനായ ശ്രീ അയ്യൻകാളി അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലമുൾപ്പെടെ വിഴിഞ്ഞം പഞ്ചായത്തിലെ 'വെങ്ങാനൂർ' എന്ന പേരിലറിയപ്പെടു ന്ന മുഴുവൻ പ്രദേശവും വെങ്ങാനൂർ ഗ്രാമപഞ്ചാ യത്തിൽ ഉൾപ്പെടുത്തുക.
2. കാർഷിക മേഖലയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക.
3. ജലസേചന സൗകര്യം മെച്ചപ്പെടുത്തുക
4. വെങ്ങാനൂർ തോട് പുനരുദ്ധരിക്കുക
5. ഇരു കരകളും കയ്യേറ്റം ചെയ്തിരിക്കുന്നത് തിരി കെ പിടിച്ച് ബണ്ട് ശക്തിപ്പെടുത്തുക.
6. വെണ്ണിയൂർ ഏലായിൽ തോടു ബണ്ട് റോഡാക്കുക.
7. പുതുക്കുളം തുടങ്ങിയ കുളങ്ങളിൽ പമ്പ് സെറ്റ് സ്ഥാപിക്കുക.
8. ശുദ്ധജലത്തിനായി ചിറത്തല വിളാകം ഊറ്റ് സംരക്ഷണപദ്ധതി നടപ്പാക്കുക.
9. മിനി വാട്ടർ സപ്ലൈ സ്കീമുകൾ ആരംഭിക്കുക.
10. ട്യൂബ് വെൽ സംവിധാനം ഏർപ്പെടുത്തുക.
11. SSI യൂണിറ്റുകൾ വാർഡുതലത്തിൽ രൂപീകരിക്കുക
12. പാറപൊടി നിർമ്മാണത്തിന് വ്യവസായശാല
13. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്
14. ഡയറി ഫാമുകൾ
15. ചില്ലിംഗ് പ്ലാന്റുകൾ
16. വാർഡു തലത്തിൽ പാൽ സൊസൈറ്റികൾ
17. പ്രൈമറി ഹെൽത്ത് സെന്റർ
18. ഹോമിയോ ഡിസ്പൻസറി
19. വിഷ ചികിത്സാ കേന്ദ്രം
20. കമ്മ്യൂണിറ്റി ഹാൾ
21. കല്യാണ മണ്ഡപം
22. ഷോപ്പിംഗ് സെന്റർ
23. ടൂറിസ്റ്റ് കോംപ്ലക്സ്
24. സ്റ്റേഡിയം
25. രണ്ട് യു.പി. സ്കൂളുകൾ
26. ഒരു ഹൈസ്കൂൾ
27. വെക്കേഷണൽ ഹയർ സെക്കണ്ടറി
28. കോളേജ്
29. ലക്ഷംവീടുകളും കോളനികളും അറ്റകുറ്റപണി
30. നിർധനരായവർക്കു പാർപ്പിടസൗകര്യം
31. എല്ലാ ഭവനങ്ങളിലും കക്കൂസ്
32. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ, പ്രത്യേകിച്ച് ചിറത്തലവിളാകം സെറ്റിൽമെന്റ് കോളനി കൈലിപ്പാറ സിയോൻകുന്ന്, അരിവാൾ മൈ താനം തുടങ്ങിയ പ്രദേശങ്ങളിൽ എത്തിക്കുക.
33. പട്ടികജാതി പട്ടികവർഗ്ഗ വനിതകൾക്കായി തൊഴിൽ പരിശീലന കേന്ദ്രവും വ്യവസായ യൂ ണിറ്റുകളും
34. പഞ്ചായത്ത് റോഡുകൾ ഗതാഗത യോഗ്യമാക്കുക.
35. തെരുവ് വിളക്കുകൾ സ്ഥാപിക്കുക
36. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക
37. എല്ലാ വാർഡിലും ടി.വി. ക്യോസ്കുകൾ

പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചാൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കും. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണിത്. വരുമാനത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്ത് വളരെ പിന്നിലാണ്. കെട്ടിട നികുതി, തൊഴിൽ നികുതി, സർക്കാർ ഗ്രാന്റുകൾ എന്നിവയാണ് പ്രധാന വരുമാനമാർഗ്ഗങ്ങൾ. 1995–96 സാമ്പത്തിക വർഷത്തിലെ വരവിനെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനങ്ങൾ	വരവ്	ശതമാനം
കെട്ടിട നികുതി	15551600	10.36%
തൊഴിൽ നികുതി	85350	5.68%
ലൈസൻസ് ഫീസ്	3385	.22%
വസ്തു കൈമാറ്റ നികുതി 75%	202434.00	13.49%
,, 25%	–	–
ഡെപ്പോസിറ്റ്	6635.00	.44%
സർക്കാർ ഗ്രന്റ്	771954.00	51.5%
മറ്റുള്ളവ	274952.70	18.30%
	1500226.70	100

പഞ്ചായത്തിന്റെ വരുമാനത്തിൽ തനതു വരുമാനം ആകെ വരുമാനത്തിന്റെ വളരെ തുച്ഛമാണ് അതായത് 20% ശതമാനത്തിന് താഴെ അൺടൈസ് ഫണ്ട്, പ്രത്യേക സ്കീമുകൾക്കുള്ള സഹായം സർക്കാർ പിരിച്ചെടുത്ത് പഞ്ചായത്തിന് നൽകുന്നത് മുതലായവയാണ് സർക്കാർ ഗ്രാന്റ്

ചെലവുകൾ

ഇനങ്ങൾ	ചെലവ്	ശതമാനം
ഭരണം	779238.5	58
പൊതുമരാമത്ത്	193583	14
വിദ്യാഭ്യാസം	2590	.2
പൊതുജനാരോഗ്യം	34275	2
തെരുവുവിളക്കുകൾ	214240.3	15.5
മറ്റിനം	141086	10.3
ആകെ	1365012.8	100

ഈ പഞ്ചായത്തിലെ 95–96 ലെ വിവരങ്ങൾ ശതമാനകണക്കിൽ ചുവടെ ചേർക്കുന്നു

ഭരണം	58%
പൊതുമരാമത്ത്	14%
വിദ്യാഭ്യാസം	0.2%
പൊതുജനാരോഗ്യം	2%
തെരുവുവിളക്ക്	15.5%
മറ്റിനം	10.3%
ആകെ	100

ഈ പഞ്ചായത്തിൽ ഭരണപരമായ ചെലവുകൾക്കായി വരുമാനത്തിന്റെ 58% ചെലവാക്കേണ്ടിവന്നിരിക്കുന്നു. ഭരണ ചെലവുകൾക്ക് സർക്കാർ സഹായം നൽകാത്തതിനാൽ വന്ന ദു:സ്ഥിതിയാണിത്. സാധാരണക്കാരുടെ നികുതി പിരിച്ച് ഭരണപരമായ കാര്യങ്ങൾ നിറവേറ്റുന്ന അവസ്ഥയാണ് പഞ്ചായത്തിനുള്ളത്.

കഴിഞ്ഞ അഞ്ചുവർഷത്തെ വരവിനെ സംബന്ധിക്കുന്ന സ്ഥിതിവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	91–92	92–93	93–94	94–95	95–96
1.	കെട്ടിടനികുതി	174899.85	127829.15	105192.00	231863.40	155516.00
2.	തൊഴിൽ നികുതി	70245.00	62160.00	62399.00	88166.00	85350.00
3.	ലൈസൻസ് ഫീസ്	20376.50	24510.00	34530.00	17440.00	3385.00
4.	വസ്തുകൈമറ്റ നികുതി 75%	161310.00	332846.00	376883.00	336394.00	202434.00
5	വസ്തുകൈമറ്റ നികുതി 25%	50000.00	118923.00	150000.00	151467.00	–
6	ഡെപ്പോസിറ്റ്	12080.00	9020.00	8780.00	6325.00	6635.00
7	സർക്കാർ ഗ്രാന്റുകൾ .	301423.00	438054.00	536265.00	392261.00	771954.00
8.	മറ്റിനം	115074.80	126065.55	104989.25	130472.70	2749527

കഴിഞ്ഞ അഞ്ചുവർഷത്തെ ചെലവിനെ സംബന്ധിച്ച സ്ഥിതിവിവരം ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	ഇനം	91–92	92–93	93–94	94–95	95–96
1.	ഭരണം	350634.25	479713.00	362196.00	437354.00	779238.50
2	പൊതുമരാമത്ത്	107431.00	62912.00	155381.00	375097.00	193583.00
3	വിദ്യാഭ്യാസം	6050.00	1001.00	31002.00	22443.00	2590.00
4.	പൊതുജനാരോഗ്യം	–	–	31554.00	–	34275.00
5	തെരുവുവിളക്കുകൾ	180481.85	236497.00	179256.00	297106.00	214240.39
6	മറ്റിനം	156574.30	194471.90	320933.75	546532.45	141086.00

സാദ്ധ്യതകൾ

പ്രധാന വരുമാനമാർഗ്ഗമായ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അതാത് കാലങ്ങളിലെ നികുതികൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

നികുതി ഈടാക്കാവുന്ന മേഖലകളുടെ മിനിമം നിരക്ക് ചെറിയ തോതിൽ ഉയർത്തുക വഴി വിഭവസമാഹരണം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ലൈസൻസ് ഫീസുകൾ, സെസുകൾ എന്നിവ വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തുരാജ് നിയമങ്ങൾ വഴി ഭരണഘടന ഉറപ്പു നൽകുന്ന പുതിയ നികുതി അധികാരങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ ധനസഹായ ഏജൻസികളിൽ നിന്നും പ്രത്യേക പ്രോജക്ടുകൾ ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. ഇത്തരത്തിലുള്ള സഹായം തേടുന്നതിനു ശ്രമിക്കണം.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്, ആന്ധ്രാ ബാങ്ക്, കാനറാ ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ ശാഖകൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ഇവിടത്തെ നിക്ഷേപങ്ങൾ ഈ പഞ്ചായത്തിന്റെ കാർഷിക വ്യാവസായിക മേഖലകളിലെ പുരോഗതിക്കു കൂടുതലായി വായ്പ അനുവദിച്ചു ഉപയോഗിക്കാവുന്നതാണ്.

പ്രശ്നങ്ങൾ

കഴിഞ്ഞ വർഷങ്ങളിൽ വിദ്യാഭ്യാസത്തിന് വളരെ തുച്ഛമായ തുക മാത്രമേ ചെലവഴിച്ചിട്ടുള്ളു. കൂടുതൽ പണം ഈ മേഖലയുടെ വികസനത്തിന് ചെലവഴിക്കേണ്ടിയിരിക്കുന്നു. കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഒരു സഹായവും ഇതുവരേയും പഞ്ചായത്തിൽ നിന്നും ചെയ്തു കാണുന്നില്ല. സേവന നികുതികൾ ചുമത്തുന്നില്ല. കേബിൾ റ്റി.വി. നികുതി ചുമത്താവുന്ന മേഖലയാണ്. പരസ്യങ്ങൾക്കും നികുതി ചുമത്താവുന്നതാണ്.

തൊഴിൽ നികുതി ചുമത്താൻ കഴിയുന്ന എല്ലാവരിൽ നിന്നും പിരിക്കുന്നുണ്ടോ എന്ന പരിശോധിക്കേണ്ടതാണ്. അറുപതു ദിവസത്തിൽ കൂടുതൽ താമസിച്ച് പണിയെടുക്കുന്ന എല്ലാപേരിൽ നിന്നും നികുതി പിരിക്കാവുന്നതാണ്.

ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള ശ്രമം ആവശ്യമാണ്.

സർക്കാർ ഗ്രാന്റ് നൽകുന്നതിനുള്ള ഏറ്റക്കുറച്ചിൽ പഞ്ചായത്തിന്റെ വരുമനാത്തിൽ പ്രതിഫലിക്കുന്നു. പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പഞ്ചായത്തിനെ ബുദ്ധിമുട്ടിലാക്കുന്നു.

കരിങ്കൽ ക്വാറികളിൽ നിന്നു പിരിക്കുന്ന ഫീസ് പഞ്ചായത്തിന്റെ വരുമാന പരിധിയിലേയ്ക്കു വരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. നിലവിലുള്ള ലൈസൻസ് ഫീസുകൾ കാലാനുസരണമായി പുതുക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം. ഇതിനു വേണ്ട നയപരമായ തീരുമാനം എടുക്കുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

നമ്പർ	വാർഡ്	റോഡുകളുടെ പേര്	പഞ്ചായത്ത് റോഡ്	P. W. D. റോഡ്	ടാർ ചെയ്തത്	ടാർ ചെയ്യാനുള്ളത്	കോൺക്രീറ്റ്	നീളം	വീതി	അറ്റകുറ്റം
1.	I	മംഗലത്തുകോണം പുത്തൻകാനം ഹരിജൻ കോളനി റോഡ്	ആണ്		ടാർ	–	–	2.25 Km	6 m	
2.	III	ചാവടിനട സിസിലിപുരം ഉച്ചക്കട റോഡ്	"		ടാർ	–	–	2 Km	8 m	
3.	II	ശ്രീനാരായണഗുരു ഭജനമഠം	"		ടാർ	–	–	2.7 Km	6 m	
4.	V	നെല്ലിവിള വവ്വാമൂല കായൽ റോഡ്	"		ടാർ	–	–	2 Km	8 m	
5.	VI	അമരിവിള കാട്ടുകുളങ്ങര റോഡ്	"		–	ടാർ ചെയ്യാനുള്ളത്	–	1.50 Km	8 m	
6.	V	മുച്ചുവിട്ടാൻവിള നെടിഞ്ഞൽ റോഡ്	"		–	"	–	1.50 Km	5 m	
7.	V	നെല്ലിവിള കക്കാക്കുഴി റോഡ്	"		ടാർ	–	–	1 Km	5 m	
8.	VI	കോൺവെൻറ് റോഡ്	"		–	ചെയ്യാനുള്ളത്	–	1 Km	4 m	
9.	VII	അയ്യൻകാളി മെമ്മോറിയൽ	"		ടാർ	–	–	1 Km	7 m	
10.	XII	കോവളം കല്ലൻസാഹിബ് റോഡ്	"		ടാർ	–	–	2.50 Km	8 m	
11.	VI	മഹാത്മാഗാന്ധിജി റോഡ്	"		ടാർ	–	–	1.50 Km	7 m	
12.	VIII	പനങ്ങോട് തുലവിള റോഡ്	"		–	–	കോൺക്രീറ്റ്	1 Km	8 m	
13.	VIII	തുലവിള മുട്ടയ്ക്കാട് റോഡ്	പഞ്ചായത്ത് റോഡ്			ടാർ ചെയ്യാനുള്ളത്	–	7.50 Km	5 m	
14.	III	ചാവടിനട ഹൈസ്കൂൾ ലൈൻ	"		ഭാഗികം	ഭാഗികം	–	500 m	5 m	
15.	VII	ഇന്ദിരാഗാന്ധി റോഡ്	"		–	ടാർ ചെയ്യാനുള്ളത്	–	1 Km	5 m	

നമ്പർ	വാർഡ്	റോഡുകളുടെ പേര്	പഞ്ചായത്ത് റോഡ്	P. W. D. റോഡ്	ടാർ ചെയ്തത്	ടാർ ചെയ്യാനുള്ളത്	കോൺക്രീറ്റ്	നീളം	വീതി	അറ്റകുറ്റം.
34.	X	ആഴാകുളം - തൊഴിച്ചൽ	„			„		1 K m	6 m	
35.	XII	മുട്ടയ്ക്കാട് -അരിവാൾ മൈതാനം	„		ടാർ			1.5 K m	6 m	
36.	XI	മുട്ടയ്ക്കാട് - കടവിൻമൂല കായൽ	„					1 K m	7 m	
37.	V	നെല്ലിവിള നെടിഞ്ഞൽ	„		–	„		1.5 K m	6 m	
38.	V	വവ്വാമൂല തുടലിവിള	„		–	„		1.5 K m	6 m	
39.	V	തുടലിവിള കായൽ റോഡ്	„		–	„		1.5 K m	6 m	
40.	V	നെല്ലിവിള - ഗ്രാമസേവക	„		–	„		500 m	5 m	
41.	IV	ചാവടിനട പുതുക്കുളം ചാനൽ	„		–	„		1.5 K m	5 m	
42.	III	ഉച്ചക്കട - കാവടിവിളാകം	„		–	„		500 m	5 m	
43.	VI	വെങ്ങാനൂർ വെണ്ണിയൂർ കരിക്കാടു കായൽ റോഡ്	„					1.50 K m	5 m	
44.	XI	കോവളം - ചെറുകോണം	„	–	–	ടാർ ചെയ്യാനുള്ളത്	–	1 K m	1.85 m	
45.	II	പുതുക്കുളം - നാഗരമ്പലം	„	–	–	„	–	1.5 K m	6 m	
46.	XI	മുട്ടയ്ക്കാട് മുരിങ്ങൽതറ സ്കൂൾ	„	–	–	„	–	1 K m	3.5 m	
47.	XII	കോളിയൂർ മുട്ടയ്ക്കാട് കൈലിപ്പാറ	„	–	–	„	–	1.5 K m	6 m	
48.	VII & VI	വെങ്ങാനൂർ കോൺവെൻറ് ചാനൽ റോഡ്	„	–	–	„	–	2 K m	5 m	
49.	VII	ഭദ്രൻ റോഡ്	„	–	–	„	–	800 m	3.5 m	
50.	XI	മുട്ടയ്ക്കാട് ആയുർവേദ	„	–	ടാർ	–	–	1.4 K m	4 m	
51.	XI	പരുത്തിവിള ഉഴുന്നുവിള	„	–	–	„	–	1 K m	5 m	
52.	I	ഇടുവ - വിശ്വഭാരതി	„	–	–	„	–	1 K m	5 m	

നമ്പർ	വാർഡ്	റോഡുകളുടെ പേര്	പഞ്ചായത്ത് റോഡ്	P. W. D. റോഡ്	ടാർ ചെയ്തത്	ടാർ ചെയ്യാനുള്ളത്	കോൺക്രീറ്റ്	നീളം	വീതി	അറ്റകുറ്റം
16.	VII	R. K. N. റോഡ്	ആണ്	–	–	ടാർ ചെയ്യാനുള്ളത്	–	1 Km	6 m	
17.	I	മംഗലത്തുകോണം മിഡ് വൈഫറി റോഡ്	„	–	–	„	–	0.50 Km	5 m	
18.	V	വവ്വാമൂല കായൽബണ്ട് റോഡ്	„	–	–	„	–	750 m	5 m	
19.	IV & I	പെരിങ്ങമ്മല ഇടുവ പനയറക്കുന്ന്	„	–	–	„	–	3 Km	6 m	
20.	III	R. K. N. റോഡ്	„	–	–	„	–	1 Km	4 m	
21.	I	മംഗലത്തുകോണം ഹരിജൻ കോളനി റോഡ് (വയലിൻകര)	„	–	–	„	–	1 Km	5 m	
22.	II	മംഗലത്തുകോണം ഊറ്റുകുഴി റോഡ്	„	–	ടാർ ചെയ്തത്	„	–	1 Km	6 m	
23.	XI	കോവളം മുട്ടയ്ക്കാട് L. P. S.	„	–	–	ടാർ ചെയ്യാനുള്ളത്	–	750 m	7 m	
24.	IV	ആത്മബോധിനി	„			„		1 K m	6 m	
25.	IV	പുല്ലാന്നിവിള പുതുക്കുളം	„			„	–	1.25 K m	6 m	
26.	V	വെണ്ണിയൂർ - കാമരാജ്	„			„	–	1 Km	6 m	
27.	VI	പരുത്തിവിള - ഡാലുവിള	„			„	–	750 m	5 m	
28.	VI	ഉഴുന്നുവിള - ടാലുവിള	പഞ്ചായത്ത് റോഡ്			ടാർ ചെയ്യാനുള്ളത്	–	750 m	6 m	
29.	V	വവ്വാമൂല കായൽ റോഡ്	„			„	–	1.75 K m	5 m	
30.	VIII	കാട്ടുകുളം - മണ്ണാൻമേലെ	„		ടാർ		–	1 K m	8 m	
31.	VI	വെണ്ണിയൂർ കട്ടറത്തലയ്ക്കൽ	„			„	–	500 m	5 m	
32.	VIII	പനങ്ങോട് - അയ്യൻകാളി	„		ടാർ		–	2 K m	6 m	
33.	IX	ആഴാകുളം ചിറയിൽ	„		–	–	ഭാഗികം	1.5 K m	6 m	

നമ്പർ	വാർഡ്	റോഡുകളുടെ പേര്	പഞ്ചായത്ത് റോഡ്	P. W. D. റോഡ്	ടാർ ചെയ്തത്	ടാർ ചെയ്യാനുള്ളത്	കോൺക്രീറ്റ്	നീളം	വീതി	അറ്റകുറ്റം
53.	I	അയ്യൻകാളി കോളനി	"	–	–	"	–	750 m	5 m	
54.	II	കാടുനട - ഊറ്റുകുഴി	"	–	–	"	–	1.5 K m	4 m	
55.	V	ആലുവിള ചാനൽ ബണ്ട്	"	–	–	"	–	1 K m	4 m	
56.	V	മുച്ചുവിട്ടാൻ - താന്നിവിള	"	–	–	"	–	1 K m	4 m	
57.	V	മുച്ചുവിട്ടാൻ - കുട്ടൻകുത്തിയവിള	"	–	–	"	–	1 K m	4 m	
58.	VII	തൃപ്പലിയൂർ മഹാവിഷ്ണു ക്ഷേത്ര റോഡ്	"	–	–	"	–	1 K m	5 m	
59.	V	പ്ലാവിള വടക്കരിക്	"	–	–	"	–	750 m	4 m	
60.	VIII	പനങ്ങോട് കാട്ടുകുളം ഹരിജൻ സെറ്റിൽമെൻറ് റോഡ്	"	–	–	"	–	750 m	6 m	
61.	V	കക്കാക്കുഴി കോളനി ചാനൽ	"	–	–	"	–	1 K m	4 m	
62.	VIII	പനങ്ങോട് ചിറ്റാഴാകുളം R. K. N.	"	–	–	"	–	1.5 K m	5 m	
63.	VI	സത്യൻ മെമ്മോറിയൽ	"	–	–	"	–	1 K m	4 m	
64.	XII	മുട്ടയ്ക്കാട് - ചുനക്കരി കൈതറത്തല AKG	"	–	–	"	–	1 K m	12 അടി	
65.	IV	പുത്തൻകാനം ആത്മബോധിനി	"	–	ടാർ ചെയ്തത്	–	–	1 K m	6 m	
66.	II	ഞാറ്റടിത്തല ഹരിജൻ കോളനി	"	–	–	"	–	1.5 K m	12 അടി	
67.	I	ചെറുകളിയിയ്ക്കൽ നട ഇടവഴി	"	–	–	–	–	2.5 K m	6 m	
68.	I	കാട്ടുനട മുടുപ്പുര ഇടുവ	"	–	–	"	–	750 m	12 അടി	
69.	I	മേക്കോട്ടുകോണം മിഡ്വൈഫറി	"	–	–	"	–	1 K m	14 അടി	
70.	I	തെങ്കറകോണം ഹരിജൻ കോളനി	"	–	–	"	–	1 K m	4 m	
71.	III	സിസിലിപുരം - കട്ടച്ചൽകുഴി പുത്തൻകാനം	"	–	–	"	–	2 K m	14 അടി	

നമ്പർ	വാർഡ്	റോഡുകളുടെ പേര്	പഞ്ചായത്ത് റോഡ്	P. W. D. റോഡ്	ടാർ ചെയ്തത്	ടാർ ചെയ്യാനുള്ളത്	കോൺക്രീറ്റ്	നീളം	വീതി	അറ്റകുറ്റം
72.	III	ചാവടിനട പുരമിയിൽ ചാമുണ്ഡേശ്വരി ക്ഷേത്രം	"	–	–	"	–	1 K m	14 അടി	
73.	III	വയൽവരമ്പ് കട്ടച്ചൽ കുഴി	"	–	–	"	–	500 m	14 അടി	
74.	III	വയൽവരമ്പ് തെവിളാകം	"	–	–	"		750 m	4 m	
75.	IV	ആത്മബോധി നാഗരമ്പലം	"	–	–	"		500 m	4 m	
76.	IV	ആനൂർകോണം മാവുവിള	"	–	–	"		750 m	4 m	
77.	IV	പണ്ടാരവിളാകം	–	–	–	"	–	500 m	14 അടി	
78.	IV	വലിയവിള പുല്ലാന്നിവിള	"	–	–	"	–	1.5 K m	4 m	
79.	IV	പുല്ലാന്നിവിള വള്ളത്തല നട	"	–	–	"	–	1.5 K m	4 m	
80.	IV	പുല്ലാന്നിവിള വിശ്വകർമ്മ	"	–	–	"	–	750 m	12 അടി	
81.	VI	കോൺവെൻറ് ആരുട്ടോണം	"	–	–	"	–	1 K m	14 അടി	
82.	VII	വെങ്ങാനൂർ ചാനൽബണ്ട് കല്ലുവെട്ടാൻകുഴി കോൺവെൻറ്	"	–	–	"	–	1 K m	14 അടി	
83.	VII	ചിറത്തല വിളാകം ഊറ്റു സംരക്ഷണ പദ്ധതി റോഡ്	"	–	–	"	–	500 m	12 അടി	
84.	VII	കൃഷിഭവൻ - വെണ്ണിയൂർ ഏല റോഡ്	"	–	–	"	–	600 m	14 അടി	
85.	VIII	അംബേദ്കർ ഗ്രാമം വെണ്ണിയൂർ ഏല റോഡ്	"	–	–	"	–	6 K m	14 അടി	
86.	XII	ഒലിപ്പുവിള - പാറവിള	"	–	–	"	–	1 K m	14 അടി	
87.	VII	വയൽവരമ്പ് റോഡ്	"	–	–	"	–	1.5 K m	12 അടി	
88.	IX	കല്ലുവെട്ടാൻകുഴി ചാനൽ	"	–	–	"	–	1 K m	14 അടി	
89.	X	വട്ടവിള തൊഴിച്ചൽ	"	–	–	"	–	1 K m	14 അടി	
90.	X	തൊഴിച്ചൽ - താന്നികുളം	"	–	–	"	–	1 K m	14 അടി	

1992 – ലെ IRDP സർവ്വേ പ്രകാരം ദാരിദ്ര രേഖയ്ക്കു താഴെയുള്ളരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ	SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	SC/ST	സഹായം ലഭിച്ചതിലൂടെ ദാരിദ്ര രേഖക്കു മുകളിലെത്തിയവർ	ദാരിദ്ര്യ രേഖയ്ക്കു താഴെ ഉള്ളവർ
1	1380	SC 191	129	80	107	1280
2						
3						
4						
5						
6						
7						
8						
9	1360	181	144	76	106	1180
10						
11						
12						

ഈ പട്ടിക VEO യിൽ നിന്നും ലഭിച്ചതനുസരിച്ചുള്ളതാണ്. എന്നാൽ പഞ്ചായത്തിൽ SC/ST വിഭാഗങ്ങൾ ഉൾപ്പെടെ ഇതിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ വളരെ കൂടുതലാണ് ദാരിദ്രരേഖയ്ക്കു താഴെ ഉള്ളവർ

1, 2, 3, 4, 6 വാർഡുകൾ

5, 7, 8, 9, 10, 11, 12 വാർഡുകൾ എന്നിങ്ങനെ രണ്ടു സർക്കിളുകളായി BDO വിഭജിച്ചിട്ടുണ്ട്.



30–10–1996–ൽ ആഴാകുളം ദീപാ ആഡിറേറാറിയത്തിൽ

വച്ചു നടന്ന വികസന സെമിനാറിൽ വന്ന നിർദ്ദേശങ്ങൾ

കൃഷിയും ജലസേചനവും

നെൽകൃഷി : പഞ്ചായത്ത് പ്രദേശത്ത് നെൽകൃഷി നഷ്ടത്തിലാണ് എന്ന് പൊതുവിൽ കർഷകർക്ക് അഭിപ്രായമുണ്ട്. പ്രധാനമായും വെങ്ങാനൂർ ഏലായിൽ മാത്രമാണ് ഇപ്പോൾ നെൽകൃഷിയുള്ളത്. അവിടെയും അങ്ങിങ്ങായി വാഴയും മരച്ചീനിയും നടാനുള്ള പ്രവണത കണ്ടുതുടങ്ങിയിട്ടുണ്ട്. വെണ്ണിയൂർ ഏലായിൽ നെൽകൃഷി പത്ത് ശതമാനമായി ചുരുങ്ങി. കോളിയൂർ മുട്ടയ്ക്കാട്, ആഴാകുളം പനങ്ങോട് ഏലാകളിൽ ഏതാണ്ട് പൂർണ്ണമായി നെൽകൃഷി ഒഴിവാക്കിയിരിക്കുന്നു. മറ്റു കൃഷികൾക്ക് പാട്ടത്തിനു കൊടുത്താൽ കൂടുതൽ ലാഭം കിട്ടുന്നുവെന്നാണ് കർഷകരുടെ അഭിപ്രായം. പിന്നെ തെങ്ങു നട്ട് വയൽ നികത്തുന്ന പ്രവണത നിയമം മൂലം നിരോധിക്കണം. നിലത്തിന്റെ ഉടമകൾ കൃഷി ചെയ്യുന്നില്ല. പാട്ടത്തിന് കൊടുക്കുന്നു. വെങ്ങാനൂർ ഏലായിലെ കർഷകർക്ക് വെള്ളം ലഭിക്കാത്തതാണ് പ്രശ്നം. വെങ്ങാനൂർ ഏലായിൽ കാലാകാലങ്ങളിൽ കൃഷിക്ക് വെള്ളം ലഭിക്കുമെങ്കിൽ എന്തു ത്യാഗം സഹിച്ചും നെൽകൃഷി തടർന്നു നടത്താൻ താല്പര്യമുള്ളവരാണ്. മറ്റു ഏലാകളിൽ ഉദാസീനതയുണ്ട്. അവർക്ക് പാട്ടം കൊടുത്ത് കൂടുതൽ ധനം കിട്ടുന്നതിലാണ് താല്പര്യം. പാട്ടത്തിനെടുക്കുന്നവർ അവരുടെയും ആദായം കൂടെ നോക്കിയിട്ടാണ് ഏതു തരം കൃഷി ചെയ്യേണ്ടത് എന്നു തീരുമാനിക്കുന്നത്. അങ്ങിനെ വാഴയും, പച്ചക്കറിയും സ്ഥിരമായി ഇരുപ്പൂനിലങ്ങളിൽ സ്ഥാനം പിടിച്ചു. നെൽ പാടെ അവഗണിക്കപ്പെട്ടു. ഈ സ്ഥിതിക്ക് മാറ്റം വരുത്തണം. നെൽകൃഷിക്ക് പ്രോത്സാഹനം കൊടുക്കണം. കൃഷിച്ചിലവിലും മറ്റും ഉണ്ടാകുന്ന അമിതചിലവ്, വളത്തിലെ വിലക്കൂടുതൽ, കീടനാശിനി, രാസവളപ്രയോഗരീതി, വിള സംരക്ഷണത്തിനാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ ലഭ്യമല്ലാത്ത അവസ്ഥ എല്ലാറ്റിനുമുപരി സമയത്ത് വെള്ളം കിട്ടാനില്ലാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. സ്വന്തം വയലുടമസ്ഥരുടെ നിലങ്ങൾ. നെൽകൃഷിക്ക് വേണ്ടി പാട്ടത്തിനു കൊടുക്കുന്നതിനുള്ള പ്രേരണ ചെലുത്തുന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. മലക്കറി, വാഴ തുടങ്ങിയ കൃഷികൾ പാടങ്ങളിൽ നിന്നും കരയിലേയ്ക്ക് പൂർണ്ണമായും മാറ്റാനുള്ള നടപടികൾ ഉണ്ടാകണം. അതിന് സാമൂഹ്യജലസേചന പദ്ധതികൾ നടപ്പാക്കണം. അങ്ങിനെ തെങ്ങിന്റെ ജലസേചന സൗകര്യം മെച്ചപ്പെടുത്തി ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി എടുക്കണം. പച്ചക്കറി കൃഷിക്കാവശ്യമായ വിത്ത്, വളം മുതലായവ സൗജന്യമായി നൽകണം. ആവശ്യമായ കൃഷി ഉപദേശം കൃഷി ആഫീസുമുഖാന്തിരം നൽകണം. കർഷകരും കൃഷി ഉദ്യോഗസ്ഥന്മാരും നിരന്തരം സമ്പർക്കത്തിലേർപ്പെട്ടുകൊണ്ട് കാർഷിക ഉപദേശങ്ങൾ ലഭ്യമാക്കണം.

കുൺ കൃഷിയിൽ പരിശീലനം നൽകി ആ കൃഷിയിൽ സ്ത്രീകളെ കൂടുതൽ പങ്കാളികളാക്കി സ്ത്രീ സമൂഹത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പരിമിതമായ തോതിലെങ്കിലും കഴിയും. അതിനുള്ള നടപടികൾ സ്വീകരിക്കണം.

തെങ്ങുകൃഷി ആദായകരമാക്കാൻ, ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി ഉണ്ടാകണം. നല്ലയിനം തെങ്ങിൻ തൈകൾ കൃഷിഭവൻ മുഖാന്തിരം നൽകണം. രോഗബാധ തടയുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളണം. മണ്ണു പരിശോധിച്ച് അതിന്റെ അടി

സ്ഥാനത്തിൽ വളപ്രയോഗം നടത്തണം. അതിനു വേണ്ടി മണ്ണുപരിശോധനാ ലബോറട്ടറി കൃഷി ഭവനിൽ സ്ഥാപിക്കണം. രോഗപ്രതിരോധ മാർഗ്ഗങ്ങൾ അപ്പപ്പോൾ കൃഷി ഉദ്യോഗസ്ഥന്മാർ കർഷകർക്ക് നൽകണം. രോഗമുള്ള തെങ്ങുകൾ, പ്രായം ചെന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം വക്കുന്നതിന് കർഷകരെ സഹായിക്കണം. മുഴുവൻ തെങ്ങും മരുന്ന് തളിക്ക് വിധേയമാക്കി പുങ്കുലചാഴിയിൽ നിന്നും തെങ്ങിനെ രക്ഷിക്കാൻ നടപടി എടുക്കണം. മരച്ചീനി, വാഴ, ചേന, ചേമ്പ്, ഈ കൃഷികൾ തെങ്ങിന് ഇടവിളയായി കൃഷി ചെയ്യുന്നതിന് കർഷകർക്ക് സാങ്കേതികസാമ്പത്തിക സഹായം ചെയ്യണം. ഓരോ വീടിനും സ്വന്തമായി ഒരു അടുക്കളത്തോട്ടം ഉണ്ടാകുന്നതിന് സഹായിക്കണം. നല്ലയിനം, വിത്ത്,വളം എന്നിവ നൽകണം. കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് വേണ്ടുന്ന പരിശീലനവും സഹായങ്ങളും നൽകണം. ഉപാധികൾ ഇല്ലാതെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 10 സെന്റ് ഭൂമിയുള്ളവർക്കു വരെ കാർഷിക വായ്പ ലഭിക്കുന്നതിന് സഹായകമായ രീതിയിൽ വായ്പാ നിബന്ധനകൾ ലഘൂകരിക്കണം. പുഷ്പകൃഷി, മൾബറി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ മുതലായ കൃഷികൾക്ക് വേണ്ടുന്ന പ്രോൽസാഹനം കൊടുക്കണം. ഈ കൃഷികൾ ചെയ്യാൻ തയ്യാറാകുന്നവർക്ക് എല്ലാവിധ സഹായസഹകരണങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകണം.

തേങ്ങയ്ക്ക് ഇന്നുള്ള വില കർഷകരെ നിരാശപ്പെടുത്തുന്നു. ശരാശരി ഒരു തേങ്ങക്ക് അഞ്ചു രൂപാ നിരക്കിൽ വില കിട്ടാൻ എല്ലാ നടപടികളും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഭാഗത്തുനിന്നുണ്ടാകണം. എല്ലാ കൃഷിക്കും വിള ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തണം. നെൽകൃഷിയിലും, കരകൃഷിയിൽ വേണ്ടിടത്തും മണ്ണിനും, ഭൂപ്രകൃതിയുടെ കിടപ്പും, അനുസരിച്ച് ആവശ്യമായ യന്ത്രവൽക്കരണം നടത്തണം. അങ്ങിനെ നെൽകൃഷി ആദായകരമാക്കാൻ വേണ്ടുന്ന നടപടി സ്വീകരിക്കണം. കാർഷിക ഉല്പന്നങ്ങളെ ആസ്പദമാക്കിയുള്ള ചെറു വ്യവസായങ്ങൾ, വറ്റൽ, അച്ചാർ, ജാം മുതലായവ നിർമ്മിച്ച് വിപണനം നടത്തുന്നതിന് വേണ്ടുന്ന സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നടപ്പാക്കണം.

കർഷകർ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായവിലയിൽ സർക്കാർ ഏറ്റെടുത്ത് പൊതുവിതരണം നടത്തുന്നതിനും അങ്ങിനെ കൃഷിക്കാർക്കും, ഉപഭോക്താക്കൾക്കും ആശ്വാസം ഉണ്ടാകുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളണം. നിലം ഒരുക്കുന്നതിനും കൊയ്ത്തിനും മറ്റു പണികൾക്കും, മണ്ണിന്റെയും, ഭൂപ്രകൃതിയുടെയും നിലവാരമനുസരിച്ച് യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതി നടപ്പാക്കണം.

ജലസേചനം

നെയ്യാർ ഡാമിലെ ജലം വേനൽക്കാലത്ത് മാസത്തിൽ 3 പ്രാവശ്യം ഓരോ പ്രാവശ്യവും തുടർച്ചയായി 5 ദിവസം വീതം ഈ പഞ്ചായത്തു പ്രദേശത്ത് ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ ഉണ്ടാകണം. 5 സെന്റ് ഭൂമിയുള്ളവർക്കും കാർഷികാവശ്യത്തിനായി കിണർ കുഴിക്കുന്നതിനും സഹായം നൽകണം. പഞ്ചായത്തു പ്രദേശത്തുള്ള കുളങ്ങളിലെല്ലാം മഴക്കാലത്തു ജലം ശേഖരിക്കാനുള്ള സംവിധാനം ഉണ്ടാകണം. ചാവടി നടയിൽ സ്ലൂയിസ് സ്ഥാപിച്ച് മാർത്താണ്ഡൻ കുളത്തിൽ ചാനൽ ജലം സംഭരിച്ച് കൃഷിക്ക് ജലം നൽകാനുള്ള നടപടി അടിയന്തിരമായി ചെയ്യണം.

വെണ്ണിയൂർ, മുട്ടയ്ക്കാട്, ആഴാകുളം, തൊഴിച്ചിൽ, ആര്യോട്ടുകോണം, വവ്വാമൂല, പനങ്ങോട്, ചിറത്തലവിളാകം,അമ്മാൻതോട്ടം, കായൽതോട് എന്നിങ്ങനെ അനേക നീർചാലുകളും തോടുകളും വൃത്തിയാക്കി, മണൽവാരൽ തടഞ്ഞ് ജലലഭ്യതയെ പുഷ്ടിപ്പെടുത്തി കൃഷിക്ക് പ്രയോജനപ്പെടുത്തണം. വെങ്ങാനൂർ തോട് പുനരുദ്ധരിച്ച് കൃഷിക്ക് ജലം എത്തിക്കാൻ നെയ്യാർ ജലസേചന പദ്ധതിയുമായി സംയോജിപ്പിക്കണം. വെണ്ണിയൂർ ഏലായിൽ കാർഷിക പ്രവർത്തികൾക്ക് ഗുണകരമായി പ്രവർത്തനങ്ങൾ നടത്തുന്നതിന് തോട് ബണ്ട് ട്രാക്ടർ റോഡാക്കേണ്ടതുണ്ട്. തോട് സൈഡ്വാൾ കെട്ടി സംരക്ഷിക്കണം. മുടവൂർപാറയിൽ നിന്നും ചാനൽ നിർമ്മിച്ച് വെങ്ങാനൂർ തോടുമായി ബന്ധിപ്പിച്ചാൽ മാത്രമേ വെങ്ങാനൂർ ഏലായിൽ ജലം കൃത്യമായി കൃഷിക്ക് ലഭ്യമാകൂ. ആയതിനാൽ അത്തരമൊരു സൗകര്യം അടിയന്തിരമായി ചെയ്യണം.

മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും

03ൻപതാം പഞ്ചവത്സര പദ്ധതിയുടെ പഞ്ചായത്ത് തല വികസന സെമിനാറിൽ രണ്ടാം ഗ്രൂപ്പായ മൃഗസംരക്ഷണം എന്ന വിഷയത്തെക്കുറിച്ചു ചർച്ചചെയ്തതിൽ നിന്നുംഊരിത്തിരിഞ്ഞുവന്ന അഭിപ്രായങ്ങൾ.

1. വെങ്ങാനൂർ പഞ്ചായത്തിൽ നിലസവിൽ, കോവളം, നെല്ലിവിള, മുട്ടക്കാട്, ഇടുവ എന്നീ സ്ഥലങ്ങളിൽ മാത്രമാണ് പാൽ സഹകരണ സംഘങ്ങളുള്ളത്. ശേഷിക്കുന്ന മറ്റു വാർഡുകളിൽ പാൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

2. എല്ലാ വാർഡുകളിലും ഐ. സി. ഡി. പി. സബ്സെന്ററുകൾ അത്യാവശ്യമായി സ്ഥാപിക്കുക.

3. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ സഹകരണ സംഘങ്ങൾ മുഖേന സൗജന്യനിരക്കിൽ അനുവദിക്കുക.

4. പഞ്ചായത്തുതലത്തിൽ മൂന്നു ഡയറിഫോമുകളും അതിനോട് അനുബന്ധിച്ച് പാൽ സംസ്കരണ കേന്ദ്രങ്ങളും ചില്ലിംഗ് പ്ലാന്റും സ്ഥാപിക്കണം.

5. പഞ്ചായത്ത് തലത്തിൽ നെല്ലിവിളയിൽ മാത്രമാണ് ഗവ:മൃഗാശുപത്രി നിലവിലുള്ളത്. കൂടാതെ നാലു വാർഡുകൾ ഉൾപ്പെടുത്തി രണ്ടു മൃഗാശുപത്രികൾ അനുവദിക്കണം. നിലവിലുള്ള മൃഗാശുപത്രിയുടെ പ്രവർത്തനം മുഴുവൻ സമയം ലഭ്യമാക്കണം.

6. സ്വന്തമായി ഭൂമി ഉള്ളവർക്കും സ്വന്തമായി മൃഗങ്ങൾ ഉള്ളവരെയും കണ്ടുപിടിച്ച് തീറ്റപ്പുല്ലു കൃഷി സൗജന്യമായി നടത്തുന്നതിനുള്ള വിത്ത് വിതരണം നടത്തുക.

7. പഞ്ചായത്ത് തലത്തിൽ ക്ഷീരവിതരണ ഭവൻ സ്ഥാപിക്കുക.

8. ആടു,കോഴി, പന്നി, കാള, മുതലായ മൃഗങ്ങളെ വളർത്തി ഇറച്ചിയാക്കി വില്പന നടത്തുന്നതിന് വാർഡുതലത്തിൽ ജനങ്ങളെ സംഘടിപ്പിച്ച് പരിശീലനം നല്കുക. ഇവ വാങ്ങുന്നതിനുള്ള ധനസഹായം വായ്പയായി അനുവദിക്കുക.

9. എല്ലാ വാർഡുകളിലും സഹകരണ പാൽബൂത്തുകൾ നിർമ്മിച്ച് സൗജന്യമായി നൽകുക, ഇത്തരത്തിൽ നല്കിയാൽ ഒരു വാർഡിൽ നിന്നും രണ്ടുപേർക്ക് തൊഴിൽ നല്കാൻ സാധിക്കും. അങ്ങനെ വരുമ്പോൾ നമ്മുടെ പഞ്ചായത്തിൽ ഇരുപത്തി നാലുപേർക്ക് തൊഴിൽ നല്കാൻ കഴിയും.

10. കോഴികളുടെ രോഗപ്രതിരോധമരുന്നുകൾ പഞ്ചായത്തിൽനിന്നും സൗജന്യമായി വിതരണം ചെയ്യുക.

11. വാർഡുതലത്തിൽ സർവ്വേ നടത്തി താല്പര്യമുള്ള ആളുകളെ കണ്ടുപിടിച്ച് മുട്ടക്കോഴിയും ഇറച്ചിക്കോഴിയും വളർത്തുന്നതിനുള്ള പ്രായോഗിക പരിശീലനം നല്കുകകയും ഗ്രാന്റുകൾ നല്കുകയും ചെയ്യുക.

12. അലഞ്ഞുതിരിയുന്ന പട്ടികളെ വാർഡുതലത്തിൽ കണ്ടുപിടിച്ച് കൊല്ലുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

വ്യവസായം

നെയ്തു മേഖലയിലെ ഒറ്റത്തറി നെയ്ത്തുകാരുടേതായ എരു സഹകരണസംഘം പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിച്ച് അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തണം.

ഈ പഞ്ചായത്തിൽ 1, 2, 3, വാർഡുകളിൽ ഭൂരിഭാഗം കുടുംബങ്ങളുടെയും സ്ഥിരമായ ജീവിതമാർഗ്ഗമാണ് കൈത്തറി.

കയർ മേഖലയിൽ 200 ഓളം കുടുംബങ്ങൾ 10, 11, 12, വാർഡുകളിലായി പണിയെടുക്കുന്നു. 12-ാം വാർഡിൽ ഒരു കയർ സഹകരണ സംഘം പ്രവർത്തിക്കുന്നു. ഇവിടെ ഒരു യന്ത്രവൽകൃത യൂണിറ്റു സ്ഥാപിച്ചു പ്രവർത്തനം മെച്ചപ്പെടുത്തണം.

തറയിൽക്കളയുന്ന തേങ്ങാവെള്ളവും ഇളനീരും സ്വരൂപിച്ച് ഒരു ശീതളപാനീയ യൂണിറ്റു സ്ഥാപിക്കണം.

ചെറുത്തലവിളാകം; അമ്മാൻതോട്ടം ഭാഗങ്ങളിലെ പ്രകൃതി ജന്യമായ നീരുറവകളെ ഉപയോഗപ്പെടുത്തി പൊതുമേഖലയിലോ, അർഥപൊതുമേഖലയിലോ ഒരു ഐസ്പ്ലാന്റും മിനറൽ വാട്ടർ ബോട്ടിലിംഗ് യൂണിറ്റും സ്ഥാപിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ ഓരോ വാർഡിലും ഒരു പഴസംസ്കരണപദ്ധതി നടപ്പിലാക്കി സ്ത്രീകളുടെ തൊഴിലവസരം വർദ്ധിപ്പിക്കണം. (ചക്ക ,മാങ്ങ,എന്നിവ ഉപയോഗിച്ച്)

വവ്വാമൂല കായൽ ഭാഗത്ത് ഒരു യാത്രാ നിവാസും ബോട്ടിംഗ്" സൗകര്യവും ഏർപ്പെടുത്തണം. ഇത് ടൂറിസത്തിന്റെ ഒരു ഭാഗമാക്കാവുന്നതാണ്.

നിർവീര്യമായിക്കിടക്കുന്ന വ്യവസായ യൂണിറ്റുകളെ പഞ്ചായത്ത് ഏറ്റെടുത്തു പുനരുദ്ധരിപ്പിക്കണം. ഉദ:IV-ാം വാർഡിലെ ഗാന്ധി സ്മാരക നിധി. vii-ാം വാർഡിലെ നെയ്തു വ്യവസായ യൂണിറ്റ് മുതലായവ.

തിരുവനന്തപുരം ജില്ലയിലെ ഏറ്റവും കൂടുതൽ പട്ടുനൂൽ കർഷകരുള്ള പഞ്ചായത്താണ് വെങ്ങാനൂർ പഞ്ചായത്ത്. ഗവൺമെന്റിനെ കൊണ്ട് 'സിൽക്ക് വില്ലേജ്' എന്നു പ്രഖ്യാപിക്കുകയും അനുബന്ധമായി പട്ടുനൂൽ ഉല്പാദന യൂണിറ്റ് ആരംഭിക്കുകയും വേണം. വർദ്ധിച്ചുവരുന്ന കെട്ടിട നിർമ്മാണം പരിഗണിച്ച് തടി, കോൺക്രീറ്റ്, ലോഹങ്ങൾ എന്നിവ ഉപയോഗിച്ച് കെട്ടിട ഭാഗങ്ങൾ ഉല്പാദിപ്പിക്കുന്ന ഒരു വ്യവസായം തുടങ്ങിയാൽ പഞ്ചായത്തിലെ നല്ലൊരു ശതമാനം സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്നതാണ്.

ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുകൾ നിർമ്മിച്ച് വിൽപന നടത്തുന്നതിന് ഒരു യൂണിറ്റ്സ്ഥാപിക്കണം.

ഊർജ്ജവും ഗതാഗതവും

വൈദ്യുതി ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിന് കാറ്റിൽ നിന്നും സൂര്യപ്രകാശത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സൂര്യപ്രകാശത്തിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ച് കൃഷിയിടങ്ങളിലെ പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കാം. അതേപോലെ സ്ട്രീറ്റ് ലൈറ്റുകളായും ഇവ ഉപയോഗിക്കാം.

ഇന്ധനക്ഷാമം നേരിടുന്നതിനാൽ അനർട്ടിന്റെ അടുപ്പുകൾ പഞ്ചായത്തു മുഖാന്തിരം വിതരണം ചെയ്യണം. തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിച്ചാൽ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ കഴിയും എന്നുതന്നെയല്ല താപ വൈദ്യുത നിലയങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കാനും കഴിയും.

തീരപ്രദേശങ്ങളോടടുത്ത ഉയർന്ന പ്രദേശങ്ങളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കണം.

വോൾട്ടേജ് വർദ്ധിപ്പിക്കാൻ ആഴാകുളത്ത് സ്ഥിതിചെയ്യുന്ന 66 kv ലൈൻ 110 kv ലൈനായി മാറ്റണം. അതോടൊപ്പം കൂടുതൽ ഗുണനിലവാരമുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. പ്രസരണ നഷ്ടം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. കൂടാതെ ട്രാൻസ്ഫോർമറിൽ കപ്പാസിറ്റർ സ്ഥാപിച്ചാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാം.

അന്യസംസ്ഥാനങ്ങളിൽ ഇലട്രിസിറ്റി ബോർഡ് ഇലക്ട്രോണിക് ചോക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്ത് വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണുന്നു. അതുപോലെ കേരള ഇലക്ട്രിസിറ്റി ബോർഡും സബ്സിഡി നിരക്കിൽ ഇലട്രോണിക് ചോക്ക് വിതരണം ചെയ്യണം. ഇങ്ങനെയായാൽ വൈദ്യുതിയുടെ ഉപഭോഗം പകുതിയോളം കുറയ്ക്കാം. ഇത് വൈദ്യുതി ക്ഷാമത്തിന് വലിയൊരളവുവരെ പരിഹാരം കാണാം. കൂടാതെ ISI അംഗീകാരമുള്ള ഇലട്രിക് ഉപകരണങ്ങൾ ഉപയോഗിച്ചു മാത്രമേ വയറിംഗ് നടത്താവൂ എന്ന നിബന്ധന ലൈസൻസിംഗ് ബോർഡ് കർശനമായി പാലിക്കുകയാണെങ്കിൽ വൈദ്യുതി വിതരണത്തിന്റെ അപാകത ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണ്.

ഈ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളും വൈദ്യുതികരിക്കേണ്ടതാണ്. പല വീടുകളും വൈദ്യുതികരിക്കാത്തതിനു പ്രധാന കാരണം. നിർദ്ദിഷ്ട വ്യക്തികളിൽ നിന്നു കൺസെന്റ് ഓർഡർ ലഭിക്കാത്തതാണ്. അതിനാൽ P&T ചെയ്യുന്നതു പോലെ ലൈൻ വലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും അയൽക്കാർക്ക് ദോഷം ചെയ്യാത്ത രീതിയിൽ നടപ്പാക്കേണ്ടതുമാണ്.

പഴയ മീറ്ററുകൾ മാറ്റുകയും സെൽഫ് റീഡിംഗ് സമ്പ്രദായം നടപ്പിലാക്കുകയും ചെയ്യണം. ഉപയോഗിച്ച വൈദ്യുതിക്കുമാത്രം ചാർജ്ജ് ഈടാക്കുകയും ചെയ്യണം. അനധികൃത വൈദ്യുതി മോഷണം വൻകിട, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ വ്യാപകമായ രീതിയിൽ ഇപ്പോഴും തുടർന്നുപോകുന്നു. അത് തടയേണ്ടതാണ്. കൂടാതെ ശിക്ഷാനടപടിയും സ്വീകരിക്കണം.

തെരുവുവിളക്കുകൾ എത്താത്ത് സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കണം. ബൾബുകൾക്കു പകരം ട്യൂബുകൾ ഉപയോഗിക്കണം. യഥാസമയം തെരുവു വിളക്കുകൾ അണച്ചാൽ വൈദ്യുതി ലാഭിക്കാം.

PWD യുടെ കീഴിലുള്ള റോഡുകൾ പഞ്ചായത്തിനെ ഏല്പിക്കണം. റോഡുകളുടെ മെയിന്റനൻസ് യഥാവസരം നടത്താൻ ഇത് സഹായിക്കും.

ഓടകൾ വൃത്തിയാക്കുകയും പുതിയ ഓടകൾ പണിത എല്ലാ പഞ്ചായത്തു റോഡുകളും സംരക്ഷിക്കണം.

നിലവിലുള്ള മെറ്റലിംഗ് ചെമണ്ണ് റോഡുകൾ ടാറു ചെയ്യണം. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള റോഡുകൾ മുൻഗണനാ ക്രമത്തിൽ ടാറു ചെയ്യുകയും പുറമേ ഈ പഞ്ചായത്തിലെ 12 വാർഡുകളിലെയും എല്ലാ റോഡുകളും മെയിന്റനൻസ് ചെയ്യുകയും വേണം.

വിദ്യാഭ്യാസം

വിദ്യാഭ്യാസത്തെ സംബന്ധിച്ച് ആമുഖ ചരിത്രത്തിൽ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസത്തെപ്പറ്റി പൊതുവായി പരാമർശിക്കുന്നതേയുള്ളു. താഴെ പറയുന്നവ കൂടി ഉൾപ്പെടുത്തണം.

(1) ഔപചാരിക വിദ്യാഭ്യാസം

ഇതിൽ സർക്കാർ അർദ്ധസർക്കാർ അംഗീകാരമുള്ള Unaided സ്കൂളുകൾ ഉൾപ്പെടുന്നു.

2) അനൗപചാരിക വിദ്യാഭ്യാസം

കേരളത്തിൽ സാക്ഷരതാ പ്രസ്ഥാനത്തിന്റെ തുടക്കം മുതൽ ഈ പഞ്ചായത്തിനുള്ള പങ്കാളിത്തം പ്രകടമാക്കണം.

3) സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഔപചാരിക വിദ്യാഭ്യാസം നടത്താൻ കഴിയാതെ ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ വിവരങ്ങൾ പ്രകടമാക്കണം. ഗവൺമെന്റ് Unaided കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്ഥിതിവിവരകണക്ക് തയ്യാറാക്കണം. സ്കൂളുകളിൽ PTA പ്രവർത്തനം മാർഗ്ഗരേഖ അനുസരിച്ചാണോ നടക്കുന്നത് എന്ന് തിട്ടപ്പെടുത്തണം. മാതൃസംഗമവും സ്കൂൾ PTA യും നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. ഗവൺമെന്റ് സ്കൂളുകളിൽ ആധുനിക സൗകര്യങ്ങൾ വളരെ കുറവാണ്. അടിയന്തിരമായി വേണ്ട സൗകര്യങ്ങൾ നടപ്പാക്കണം. നെല്ലിവിള ഗവൺമെന്റ് LPS ൽ ഭൗതിക സൗകര്യങ്ങൾ ഒന്നുംതന്നെയില്ല. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ഉണ്ടാകണം.

വിദ്യാഭ്യാസപരമായി മുന്നിട്ടുനിൽക്കുന്ന വെങ്ങാനൂർ പഞ്ചായത്തിൽ കോളേജ് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഇല്ല. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന പല കുട്ടികൾക്കും ദൂരസ്ഥലങ്ങളിൽ പോയി പഠിക്കുന്നതിനുള്ള സാമ്പത്തികശേഷിയില്ല. അതുകൊണ്ട് ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉണ്ടാക്കണം. പ്രീ-പ്രൈമറി എല്ലാ വിദ്യാലയങ്ങളിലും നടപ്പിൽ വരുത്തുകയും അത്തരം വിദ്യാലയങ്ങളിൽ വരുന്ന അധ്യാപകർക്ക് ഗവൺമെന്റ് ശമ്പളം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വെങ്ങാനൂർ പഞ്ചായത്തിലെ എല്ലാ കുട്ടികൾക്കും പാഠപുസ്തകങ്ങൾ ലഭിക്കുന്നതിന് അതാതു സ്കൂളുകളിൽ സൗകര്യമുണ്ടാക്കണം. എല്ലാ സ്കൂളുകളിലും കലാകായിക അധ്യാപകരെ നിയമിച്ച് കലാകായിക താരങ്ങളെ വാർത്തെടുക്കുന്നതിനുള്ള സൗകര്യങ്ങൾ പഞ്ചായത്ത് മുൻകൈ എടുത്ത് നടപ്പാക്കണം. പ്രൈമറി വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് അധ്യാപകരുടെ അടിസ്ഥാന വിദ്യാഭ്യാസയോഗ്യതകൾ പുന:പരിശോധിക്കണം.

മുട്ടയ്ക്കാട് ഗവൺമെന്റ് LPS, UP സ്കൂൾ ആക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കണം. കോ-ഓപ്പറേറ്റീവിന്റെ കീഴിലുള്ള കട്ടച്ചൽക്കുഴി SNUPS ഹൈസ്കൂൾ ആക്കുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായ തുടർവിദ്യാഭ്യാസം ഊർജ്ജിതപ്പെടുത്തുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം. ദാരിദ്ര്യരേഖയ്ക്കു താഴെ നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം, വസ്ത്രം, പുസ്തകം എന്നിവ സൗജന്യമായി കൊടുക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യണം. പാരലൽ കോളേജിലെ അധ്യാപകരുടെ യോഗ്യത റഗുലർ കോളേജിലെ അധ്യാപകർക്ക് തുല്യമാണോ എന്ന് ഉറപ്പുവരുത്തണം. പ്രൈമറി സ്കൂളിൽ ഉച്ചക്കഞ്ഞി കൊടുക്കുന്നതിനുള്ള സാമ്പത്തിക ബാധ്യത പഞ്ചായത്ത് ഏറ്റെടുക്കണം. പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പഞ്ചായത്തുതലത്തിൽ ഉപദേശകസമിതി രൂപീകരിക്കണം. ഈ സമിതിയിൽ ജനപ്രതിനിധികളും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ താത്പര്യമുള്ളവരേയും ഉൾപ്പെടുത്തണം

കുടിവെള്ളം - പൊതുജനാരോഗ്യം

ചിറത്തലവിളാകം ഊറ്റുസംരക്ഷണ പദ്ധതി വിപുലീകരിച്ച് പമ്പിംഗ് സംവിധാനത്തോടുകൂടി ശുദ്ധ ജല പദ്ധതിയാക്കുക. ഇതിന്റെ പ്രയോജനം 3, 4, 7, 8, 9 വാർഡുകളിൽ പൂർണ്ണമായും മറ്റു വാർഡുകൾക്ക് ഭാഗീകമായും പ്രയോജനപ്പെടും. നിലവിലുള്ള വെണ്ണിയൂർ സ്കീം 5, 6 വാർഡുകൾക്കു മാത്രമേ ഇപ്പോൾ പൂർണ്ണമായും ഉപയോഗപ്പെടുന്നുള്ളു. രണ്ടാം വാർഡിലെ ഊറ്റുകുഴി ശുദ്ധജല പദ്ധതിയായി വികസിപ്പിക്കണം. 1,2,3 വാർഡുകൾക്ക് പ്രയോജനമുണ്ടാകും. 9, 10, 11, 12 വാർഡുകൾക്ക് വണ്ടിത്തടം പദ്ധതി പ്രയോജനമാകും. ആനൂർകുളത്തിന് ഒരു കിണർ നിർമ്മിച്ചു പമ്പിംഗ് സംവിധാനത്തോടെ ജലവിതരണം നടത്തണം ഈ പദ്ധതി 1-ും, 2-ും 4-ും വാർഡുകൾക്ക് പ്രയോജനപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന 12-ാം വാർഡിൽ പ്രത്യേകമായി ശുദ്ധജലം എത്തിക്കുന്നതിന് വണ്ടിത്തടം പദ്ധതി ശ്രദ്ധിക്കണം. വെള്ളായണിക്കായൽ സംരക്ഷിച്ച് ഗവൺമെന്റ് സഹായത്തോടുകൂടി ശുദ്ധജല പദ്ധതി നടപ്പിലാക്കണം.

നിലവിലുള്ള കിണറുകൾ, കുളങ്ങൾ, തോടുകൾ സംരക്ഷിക്കണം, പഞ്ചായത്തു വക കിണറുകൾ അടിയന്തിരമായി പുനരുദ്ധരിക്കുക. കോളനികളിൽ ശുദ്ധജലം എത്തിക്കാൻ അടിയന്തിരമായി ഇടപെടുക.

വിഴിഞ്ഞം ആശുപത്രി വിപുലീകരിച്ചു ഒരു താലൂക്ക് ആശുപത്രിയാക്കണം. വാർഡുതലത്തിൽ ഫാമിലി വെൽഫയർ സെന്ററുകൾ സ്ഥാപിക്കണം.

നിലവിലുള്ള മുട്ടയ്ക്കാടു ആയുർവേദ ആശുപത്രി വിപുലീകരിക്കുക.

ഒരു ഹോമിയോ ആശുപത്രി ഈ പഞ്ചായത്തിൽ ആരംഭിക്കുക. ഫാമിലി വെൽഫയർ സെന്ററുകളിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക. മഹിളാ സ്വത് സംഘ വാർഡുതലത്തിൽ രൂപീകരിച്ച് അതിന്റെ പ്രവർത്തന

നിലവിലുള്ള സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനത്തിന്റെ പേര്	ചികിത്സാരീതി	കെട്ടിടം സ്വന്തം/ വാടക	സ്ഥാപനപരമായ പ്രശ്നങ്ങൾ
1.	കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ	ആലോപ്പതി	സ്വന്തം	സ്ഥിരമായി കുടി വെള്ളം ഇല്ല. നൈറ്റ് ഡ്യൂട്ടിക്ക് ഡോക്ടർമാരുടെ അഭാവം. ക്വാർട്ടേഴ്സിൽ ഡോക്ടർമാർ താമസിക്കുന്നില്ല.
2	ഗവൺമെന്റ് ആയുർവേദ ആശുപത്രി	ആയുർവേദം	സ്വന്തം	കെട്ടിടം ചോർച്ചയായതിനാൽ പുതിയത് പണിയണം. ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കണം
3	ഗവ. മൃഗാശുപത്രി		വാടക കെട്ടിടം	സ്വന്തമായി കെട്ടിടം ആവശ്യമാണ്.

പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ അടിയന്തിരമായി നശിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തണം. കൊതുകുനിർമ്മാർജ്ജന പരിപാടി ഊർജ്ജിതപ്പെടുത്തുക. ചപ്പുചവറുകൾ നശിപ്പിക്കാൻ ബോധവൽക്കരണം നടപ്പാക്കുക.

പഞ്ചായത്തിലെ ചായക്കടകൾക്കും ഹോട്ടലുകൾക്കും ലൈസൻസ് കൊടുക്കണം. കൂടാതെ ശുചിത്വം ഉറപ്പുവരുത്തണം. മെഡിക്കൽ ചെക്കപ്പ് നിർബന്ധമാക്കണം.

എല്ലാ വീടുകൾക്കും, കക്കൂസ്, ഉണ്ടായിരിക്കണം. ഇല്ലാത്ത വീടുകൾക്ക് അടിയന്തിരമായി കക്കൂസ് നൽകണം.

ആരോഗ്യം, വിദ്യാഭ്യാസം ഇവയ്ക്ക് വ്യാപകമായ രീതിയിൽ ബോധവൽക്കരണം വാർഡുതലത്തിൽ നടത്തണം.

12 വയസ്സിനു താഴെയുള്ള കുട്ടികളെ ജോലി ചെയ്യിക്കുന്നതിൽ നിന്നും തടയുക.

പഞ്ചായത്തിൽ കർശനമായി മദ്യനിരോധനം നടപ്പിലാക്കുക. ലഹരി പദാർത്ഥങ്ങൾ കർശനമായി നിരോധിക്കുക.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഈ പഞ്ചായത്തിന്റെ (തെക്ക് പടിഞ്ഞാറായി) ഒരറ്റത്ത് ഒതുങ്ങി സ്ഥിതി ചെയ്യുന്നതിനാൽ പഞ്ചായത്തിലെ നിവാസികൾക്ക് പ്രയോജനപ്രദമാകാൻ വളരെ ബുദ്ധിമുട്ടുള്ളതിനാൽ ഈ പഞ്ചായത്തിന്റെ വെങ്ങാനൂർ ചാവടി കേന്ദ്രമാക്കി പുതിയ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും മംഗലത്തുകോണം കേന്ദ്രമാക്കി ഒരു ഹോമിയോ ഡിസ്പെൻസറിയും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ ഗ്രാമവാസികൾ അഭിപ്രായപ്പെടുന്നു.

പാർപ്പിടവും സാമൂഹ്യ ക്ഷേമവും

ഈ പഞ്ചായത്തിൽ പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിട സൗകര്യം ഉണ്ടാക്കികൊടുക്കുവാനുള്ള നടപടി സ്വീകരിക്കുക.

മുൻകാലങ്ങളിൽ ഇത്തരം ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലാത്തവർക്കു മാത്രമേ ഇത്തരം ആനുകൂല്യങ്ങൾ ലഭ്യമാക്കാവൂ.

കെട്ടിട നിർമ്മാണത്തിന് ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവർക്ക് സ്വന്തം ജാമ്യത്തിൽ ദേശ സാൽകൃത ബാങ്കിൽ നിന്നും പഞ്ചായത്തു മുഖേന വായ്പ ലഭ്യമാക്കുക. കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് ഫണ്ട് സമാഹരിച്ച് കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുക.

ഈ സൊസൈറ്റി വഴി നിക്ഷേപകരെ കണ്ടുപിടിക്കുകയും അതിൽ നിന്നും ഉണ്ടാകുന്ന വരുമാനം സ്വരൂപിച്ച് കുറഞ്ഞ പലിശയ്ക്ക് സ്വന്തം ജാമ്യത്തിൽ വായ്പകൾ അനുവദിക്കുക.

പാർപ്പിട പ്രശ്നത്തിൽ ഗൾഫ് കാരുടെ പങ്ക് വളരെ കൂടുതലാണ്. ഗൾഫിൽ നിന്നും വരുന്ന ആൾക്കാർ നിലവിലുള്ള ഭൂമിയിൽ അമിതമായ വർദ്ധനയുണ്ടാക്കുന്നു. ഇക്കാരണത്താൽ സാധാരണക്കാരനോ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആൾക്കാർക്കോ ഒരു സെന്റ് വസ്തുവാങ്ങാൻ കഴിയുന്നില്ല. ഇതിന് ഒരു പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട അധികാരികൾ വേണ്ട നടപടി സ്വീകരിക്കുക.

പ്രാദേശിക നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കാൻ ഇത്തരം ആളുകളെ ബോധവാൻമാരാക്കുകയും ടി സാമഗ്രികൾ ന്യായവിലയ്ക്കു നൽകാൻ പഞ്ചായത്തിൽ ഒരു സൊസൈറ്റി നിർമ്മിക്കുകയും അതുവഴി ടി സാമഗ്രികൾ ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്യുക. അതുപോലെ ടി പഞ്ചായത്തിൽ ഭവനനിർമ്മാണ സംഘങ്ങൾ രൂപീകരിക്കുക. പ്രസ്തുത നിർമ്മാണ സംഘങ്ങളിൽ നിർമ്മാണ തൊഴിലാളികളെ അവരവരുടെ വാർഡിന്റെ പ്രാതിനിധ്യം നൽകി നിയമിക്കുക.

ടി സൊസൈറ്റി വഴി നിക്ഷേപകരെ കണ്ടുപിടിക്കുകയും അതിലൂടെ നേടുന്ന വരുമാനം പാർപ്പിടമില്ലാത്തവർക്ക് കുറഞ്ഞ പലിശ നിരക്കിൽ സ്വന്തം ജാമ്യത്തിൽ കൊടുക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുക.

പുതിയ സർവ്വേ അനുസരിച്ച് ജനസംഖ്യയുടെ പകുതിയിലധികവും ദാരിദ്രരേഖയ്ക്കു താഴെയുള്ളവരാണ്. എന്നാൽ IRDP പ്രകാരം 2460 പേർക്ക് മാത്രമേ ടി പദ്ധതിയിൽ ഉള്ളൂ. ആയതിനാൽ വീണ്ടുമൊരു സർവ്വേ നടത്തി അർഹതയുള്ള മുഴുവൻ ആളുകളെയും ടി പദ്ധതിയിൽ ചേർക്കുകയും ടി പദ്ധതിയിലുള്ള എല്ലാപേർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക രീതിയിലുള്ള നടപടി സത്വരം സ്വീകരിക്കുക.

സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം സർക്കാറിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം.

വസ്തുവില നിയന്ത്രിക്കുന്നതിനുള്ള പുതിയ മാനദണ്ഡങ്ങൾ കണ്ടുപിടിച്ച് വസ്തുവില നിയന്ത്രിക്കുകയും അതുവഴി ഭൂമിയില്ലാത്തവർക്ക് വീടുവയ്ക്കാനുള്ള സ്ഥലം മിതമായ വിലയ്ക്ക് നൽകുക.

സാമൂഹ്യക്ഷേമം

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നീ ധനസഹായത്തിന് അർഹതയുള്ളവരെ മുഴുവനും ഉൾപ്പെടുത്തി ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ധനസഹായം ഉയർത്തി അതാത് കാലയളവിൽ ടി വിഭാഗങ്ങൾക്ക് എത്തിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിക്കുക. ടി ധനസഹായം പഞ്ചായത്തു വഴി കൊടുക്കാനുള്ള നടപടി സ്വീകരിക്കുക. വനിതാ സൊസൈറ്റികൾ രൂപീകരിച്ച് തൊഴിൽ സാദ്ധ്യതകൾ ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.

പ്രസ്തുത പഞ്ചായത്തിൽ അംഗൻ വാടികൾ, പച്ചക്കറി സ്റ്റാളുകൾ, മാവേലി സ്റ്റോറുകൾ കരിങ്കൽ സൊസൈറ്റി എന്നിവ ആരംഭിക്കുക. ഈ പഞ്ചായത്തിൽ ഉൾപ്പെട്ട എല്ലാ അഭ്യസ്തവിദ്യർക്കും സ്വയം തൊഴിൽ കണ്ടുപിടിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.

സംസ്കാരം

ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ ഇന്നത്തെ നിഷ്ക്രിയാവസ്ഥ മാറ്റി പ്രവർത്തനക്ഷമമാക്കുന്നതിനും അതിലൂടെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക ഉന്നമനത്തിനും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിനും, നിലച്ചുപോയ വായനാശീലം വളർത്തുന്നതിനും നിലവിലുള്ള ഗ്രന്ഥശാലകൾക്ക് അടിയന്തിര പ്രാധാന്യം നൽകണം.

ഗ്രന്ഥശാലകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ പോലും കാണാതായി. ഉള്ള പുസ്തകങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥയുമാണ് ഇപ്പോൾ നിലവിലുള്ളത്. പുസ്തക പാരായണം നടത്തുന്നതിന് ഒരു ബോധവൽക്കരണം തന്നെ നടത്തേണ്ടിയിരിക്കുന്നു. പ്രവർത്തനം നിലച്ചുപോയതും എന്നാൽ നിലവിലുള്ളതുമായ ഗ്രന്ഥശാലകളെ കാര്യക്ഷമമാക്കുന്നതിനായി പഞ്ചായത്തുതലത്തിലുള്ള മേൽനോട്ടം നിർബന്ധമായും വേണം.

പതിനൊന്നിന പരിപാടിയനുസരിച്ച് കഴിഞ്ഞ രണ്ടുവർഷത്തിനു മുൻപേ പണി പൂർത്തിയാക്കി സാംസ്കാരിക നിലയത്തിന്റെ (വാർഡ് 2 ഊറ്റുകുഴി) പ്രവർത്തനം ഇന്നോളം ആരംഭിച്ചിട്ടില്ലെന്നുള്ളത് ഒരു ദു:ഖസത്യമാണ്.

ഗ്രന്ഥശേഖരണത്തിനും, പ്രസ്തുത സാംസ്കാരിക നിലയത്തിലേയ്ക്ക് ആവശ്യമായ ഫർണിച്ചറുകളും അതു കാത്തു സൂക്ഷിക്കുന്നത് ഉൾപ്പടെ ആവശ്യമായ ജോലിക്കാരെ നിയമിക്കുക. പഞ്ചായത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങൾക്കെല്ലാം സാരഥ്യം വഹിക്കേണ്ടുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കേണ്ടതാണ്.

ശിശുക്ഷേമ പ്രവർത്തനങ്ങൾക്കായി പണി ആരംഭിച്ച ഇടുവയിലെ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുമില്ല. അതിന്റെ പണി പൂർത്തിയാക്കി എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കണമെന്ന് ആവശ്യപ്പെടുന്നു. പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം സ്ഥലം വാങ്ങലിൽ മാത്രമായി ഒതുങ്ങി പ്രസ്തുത സ്ഥലം ഇന്ന് സാമൂഹ്യവിരുദ്ധരുടെ വികാരകേന്ദ്രമെന്ന് പരക്കെ പരാതിയുണ്ട്. ഈ സ്ഥലത്തു നിന്ന് അനധികൃതമായി മണ്ണെടുക്കുക, തെങ്ങിൽ നിന്നുള്ള വിളകൾ നശിപ്പിക്കുക ഇവ തുടർന്നുവരുന്നു. അടിയന്തിരമായി ഈ മിനി സ്റ്റേഡിയം പണി പൂർത്തിയാക്കുക.

സമ്പൂർണ്ണ സാക്ഷരത നമ്മുടെ ഗ്രാമപഞ്ചായത്ത് കൈവരിച്ചെങ്കിലും സാക്ഷരതാ പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കുന്ന പ്രവണത കണ്ടുവരുന്നു. ഗ്രന്ഥശാലകളിൽ ആരംഭിച്ച് ജനവിദ്യാകേന്ദ്രങ്ങൾ ഇന്ന് ബോർഡ് മാത്രമായി അവശേഷിക്കുന്നു. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുകയും തുടർവിദ്യാഭ്യാസത്തിലൂടെ സാക്ഷരതാ പ്രവർത്തനം വീണ്ടും ആരംഭിക്കേണ്ടതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

നവ സാക്ഷരർക്ക് പഠിച്ചത് മറുന്നപോയ അവസ്ഥയാണ്. അതിൽ പ്രവർത്തിച്ചവർക്ക് ഒരു ഗുണവും ഇല്ലാതായിത്തീർന്ന അവസ്ഥ. ഇവ രണ്ടും ഈ ചട്ടങ്ങളിൽ ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

ചടങ്ങിനുവേണ്ടി മാത്രം നടത്തിവരുന്ന യുവജനകലാകായികാവസരങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ളതാക്കി മാറ്റണമെന്നും അതിലൂടെ കലാകായിക പ്രതിഭകളെ കണ്ടെത്തുവാനുള്ള അവസരം ഉണ്ടാക്കണമെന്നും അതിലൂടെ വിജയിക്കുന്നവർക്ക് സാമ്പത്തിക സഹായങ്ങൾ ഉൾപ്പെടെ അവരർഹിക്കുന്ന സമ്മാനങ്ങൾ നൽകണമെന്നും ആവശ്യപ്പെടുന്നു.

പരമ്പരാഗത നാടൻ കലകൾക്ക് പ്രോത്സാഹനം നൽകുന്ന അവസ്ഥ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ആനുകൂല്യങ്ങൾക്കായി ബോർഡ് തൂക്കി പ്രവർത്തനമില്ലാതെ പ്രവർത്തിക്കുന്ന ക്ലബുകളുടെ ജീർണ്ണാവസ്ഥ മാറ്റി അവയ്ക്കു വേണ്ടുന്നതു ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

സാസ്കാരിക പൈതൃകം നഷ്ടമായി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിന് മൂലകാരണമായി ഒരുപാടു പറയാനുണ്ടെങ്കിലും വർഗ്ഗീയ ലഹളകളും, മദ്യം, മയക്കുമരുന്ന് ഇവയുടെ സ്വാധീനം ജനങ്ങളിൽ ഇല്ലാതാക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ജനസമ്പർക്കം നടത്താത്ത പക്ഷം മനുഷ്യൻ പരസ്പരം ഏറ്റുമുട്ടുന്ന അവസ്ഥ ഏറ്റവും രൂക്ഷമാകാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. പരിഹാരമാർഗ്ഗങ്ങളും നാട്ടിന്റെ വികസന പ്രവർത്തനവുമായി ബന്ധപ്പെടുത്തി സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിച്ച് ഈ നാടിനെ രക്ഷിക്കണമെന്ന് അപേക്ഷിക്കുന്നു.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രന്ഥശാലാ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുക.

വനിത

വെങ്ങാനൂർ പഞ്ചായത്തിൽ വനിതാ ക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വളരെ കുറവാണ്.

വനിതകളുടെ ക്ഷേമത്തിനുവേണ്ടി ഓരോ വാർഡിലും വനിതാ സമാജങ്ങൾ രൂപീകരിക്കുക.

പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറി വിഭവങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടി ഓരോ വാർഡിലും വനിതകളുടെ നേതൃത്വത്തിൽ സംസ്കരണകേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ആസൂത്രണം ചെയ്യണം.

വനിതകൾക്കുവേണ്ടി പഞ്ചായത്തിൽ ഒരു സാങ്കേതിക (തൊഴിൽ പരിശീലന കേന്ദ്രം) വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കണം)

SSLC പാസ്സായി നിൽക്കുന്ന തൊഴിൽ രഹിതരായ വനിതകൾക്കുവേണ്ടി ടെക്സ്റ്റൽ ടെക്നോളജി (പ്രിന്റിംഗ്, കളറിംഗ്, ഡൈയിംഗ്) പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

പാർപ്പിട സൗകര്യമില്ലാത്ത വിധവകൾക്ക് വാർഡ് അടിസ്ഥാനത്തിൽ ഭവനങ്ങൾ നിർമ്മിച്ചു നൽകുക.

സ്ത്രീകൾ ജോലി ചെയ്യുന്ന അംഗനവാടികളിൽ സ്ഥിരം കെട്ടിടമില്ലാത്തവയ്ക്ക് യാത്രാ സൗകര്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി കൊടുക്കുക.

പരമ്പരാഗതമായ തൊഴിലുകൾ മെച്ചപ്പെടുത്തുന്നതിന് വനിതകൾക്കു വേണ്ടി ഓരോ വാർഡിലും ഓരോ യൂണിറ്റുകൾ സ്ഥാപിക്കുക. (ക്രാഫ്റ്റ് സ്ഥാപനങ്ങൾ)

പഠിക്കാൻ സമർത്ഥരായ പെൺകുട്ടികൾ തുടർവിദ്യാഭ്യാസം നടത്തുന്നതിന് സാഹചര്യമില്ലാതെ നിൽക്കുന്നെങ്കിൽ പഞ്ചായത്ത് അവരുടെ രക്ഷകർതൃത്വം എറ്റെടുത്ത് വിദ്യാഭ്യാസ സൗകര്യം നടത്തണം.

വിധവകളുടെ വിവാഹ പ്രായമായ പെൺമക്കൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ധനസഹായം 5000 രൂപയായി വർദ്ധിപ്പിക്കുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സ്ഥിരം ഫണ്ട് രൂപീകരിക്കുയും ചെയ്യുക.

പെൺകുട്ടികളുടെ കായിക പരമായുള്ള കഴിവുകളെ വളർത്തി എടുക്കുന്നതിനു വേണ്ടിയുള്ള വനിതാ ട്രെയിനിംഗ് സ്കൂൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

മഹിളാ സ്വസ്ത് സംഘടനകളെ അംഗീകരിക്കുകയും ആരോഗ്യകേന്ദ്രങ്ങളിൽ വരുന്ന ഒഴിവുകളിൽ അവരെ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

സഹകരണം

വെങ്ങാനൂർ പഞ്ചായത്തിലെ എല്ലാ പ്രദേശത്തേയും ഉൾപ്പെടുത്തി വെങ്ങാനൂർ പഞ്ചായത്തിനായി ഒരു സർവ്വീസ് സഹകരണ സംഘം ആവശ്യമാണ്. അതിന്റെ കീഴിൽ ഓരോ വാർഡിലും ഓരോ സബ്ബ് സംഘങ്ങൾ പ്രവർത്തിപ്പിക്കണം. പഞ്ചായത്തിലെ കൈത്തറി സഹകരണ സംഘങ്ങളെ പഞ്ചായത്തിന്റെ നിയന്ത്രണ പരിധിയിൽ കൊണ്ടുവരണം.

മംഗലത്തുകോണം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സെറികൾച്ചർ സൊസൈറ്റിയെ 1996 – ലെ വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും പഞ്ചായത്തിന്റെ പരിധിയിൽ കൊണ്ടുവരികയും വേണം.

ഓരോ വാർഡിലും ഓരോ വനിതാ സമാജങ്ങൾ രൂപീകരിച്ച് സമാജത്തിനു വേണ്ടി സർക്കാർ നൽകുന്ന ഗ്രാന്റും മറ്റു ആനുകൂല്യം പഞ്ചായത്തിന്റെ സഹായത്തോടുകൂടി ജനങ്ങളിൽ എത്തിക്കുക.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

1. പഞ്ചായത്തിലെ പ്രീപ്രൈമറി സൗകര്യങ്ങൾ കുട്ടികൾക്ക് ആരോഗ്യപരമായ രീതിയിൽ സൗകര്യം നേടിക്കൊടുക്കുന്നതിന് അഭ്യർത്ഥിക്കുന്നു.

2. 7-ാം വാർഡിൽ പ്രവർത്തിക്കുന്ന ഹരിജൻ ഹോസ്റ്റൽ വളരെ ശോചനീയ അവസ്ഥയിലാണ് മുമ്പോട്ടുപോകുന്നത്. സ്റ്റാഫിന്റെ അഭാവമാണ് കാരണം. 120 കുട്ടികൾ അന്തേവാസികളായിരുന്നതിൽ 35 ആയി കുറഞ്ഞിരിക്കുന്നു. അത് പഞ്ചായത്ത് ശ്രദ്ധിക്കണം.

3 വീടില്ലാത്ത ഹരിജനങ്ങൾക്ക് വീടും സ്ഥലവും അനുവദിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം.

4 SSLC പരീക്ഷയിൽ തോൽക്കുന്നത് കൂടുതലും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളാണ്. അതിനു കാരണം അടിസ്ഥാന വിദ്യാഭ്യാസം ഇല്ലാത്തതും സാമ്പത്തിക തകർച്ചയുമാണ്.

5 സ്വകാര്യ ആശുപത്രിയിൽ നല്ല ചികിത്സാ സൗകര്യം ഏർപ്പെടാൻ നിവർത്തിയില്ല. അതിനു കാരണം സാമ്പത്തിക തകരാറാണ്.

6 ഹോട്ടൽ വ്യവസായങ്ങളിലും തൊഴിലിലും പട്ടികജാതി പട്ടികവർഗ്ഗക്കാരില്ല. അതിനു കാരണവും സാമ്പത്തിക തകർച്ചയാണ്.

7 12-ാം വാർഡിൽ വെള്ളവും വൈദ്യുതിയും ഇല്ലാത്തിടത്ത് എത്രയും വേഗം എത്തിക്കുവാനുള്ള ഏർപ്പാടുണ്ടാക്കണം.

8 പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പരിസരശുചീകരണത്തിൽ കക്കൂസ്, കിണർ സൗകര്യം വിപുലപ്പെടുത്തണം.

മൃഗ സംരക്ഷണ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു മാത്രമായി തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

സ്വയം തൊഴിൽ വായ്പ കൊടുക്കുന്നതിൽ ഈ വിഭാഗത്തിൽപ്പെട്ടത് എത്ര ശതമാനം? അതു മതിയായ രീതിയിൽ വിതരണം ചെയ്യണം.

കർഷക തൊഴിലാളി പെൻഷൻ വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ വിതരണം സമയാസമയം നടത്തുന്നതിന് ശ്രദ്ധിക്കണം.

പട്ടികജാതി പട്ടിക വർഗ്ഗ കോളനിയിൽ സഞ്ചാരയോഗ്യമായ റോഡുകൾ ഏർപ്പെടുത്തണം.

ഓരോ വാർഡിലും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് കോഴി വളർത്തൽ കേന്ദ്രം അനുവദിക്കണം.

വിഴിഞ്ഞം ഹെൽത്ത് സെന്ററിന്റെ പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കണം.

പ്രസവവാർഡ്, കിടക്ക സൗകര്യം, മരുന്ന്, വെള്ളം തുടങ്ങിയ സൗകര്യങ്ങൾ വളരെ ഗൗരവമായി കണക്കിലെടുക്കണം.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഓലമേഞ്ഞ വീടുകൾ ഓടുമേയുന്നതിനുള്ള ധനസഹായം ഏർപ്പെടുത്തണം.

തൊഴിലില്ലാത്ത യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ നേടുന്നതിന് വായ്പ ലഭിക്കുന്നതിന് ചട്ടങ്ങൾ ലഘൂകരിക്കുകയും അർഹരായവരെ കണ്ടെത്തി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ കോളനിയിൽ ടി.വി. മാദ്ധ്യമങ്ങൾ ഏർപ്പെടുത്തണം. ഈ പഞ്ചായത്തിലെ 8, 12 വാർഡുകളിലെങ്കിലും പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കുമാത്രമായി വ്യവസായ സംരംഭങ്ങൾ ഏർപ്പെടുത്തണം.

ആഴാകുളം വാർഡിൽ കുടിവെള്ളം എത്തിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

മേൽപ്പടി വിഭാഗത്തിൽപെട്ടവർക്ക് യോഗ്യത ഉണ്ടെങ്കിലും ജോലികിട്ടാൻ സാദ്ധ്യതയില്ല. അത് പഞ്ചായത്തു തലത്തിൽ തൊഴിലവസരം ഉണ്ടാകുന്നതിനു നടപടി എടുക്കണം.

വെങ്ങാനൂർ പഞ്ചായത്തിൽ വ്യവസായ സ്ഥാപനം തുടങ്ങുന്നതിന് വെണ്ണിയൂരിൽ ശ്മശാന

ത്തിന് എടുത്ത സ്ഥലം ഉപയോഗപ്പെടുത്തണം.

ഓർക്കിഡ് കൃൺ കൃഷി തുടങ്ങിയവ വീടുകളിൽ കൃഷി ചെയ്യുന്നതിന് ധനസഹായം നല്കണം.

ആടുമാടു വളർത്തൽ വളരെ കുറവാണ്. അതിനു കാരണം സാമ്പത്തിക പിന്നോക്കമാണ്. അതുകൊണ്ട് ധനസഹായവും സബ്സിഡി ഇനത്തിൽ തീറ്റ വിതരണവും ചെയ്യണം.

കുടിൽ വ്യവസായത്തിൽ മെഴുകുതിരി നിർമ്മാണകേന്ദ്രങ്ങൾ ഏർപ്പെടുത്തണം. കരകൗശല നിർമ്മാണം, സംഗീത ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നവർക്ക് ധനസഹായം ഏർപ്പെടുത്തണം.

ഓരോ വാർഡിലും നടത്തുന്ന വികസനപ്രവർത്തനങ്ങളിൽ പട്ടികജാതിപട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കണം.

വിഭവ സമാഹരണം

വിഭവ സമാഹരണത്തിനുവേണ്ടി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കണം

വിനോദനികുതി ഇനത്തിൽ നികുതി ഊർജ്ജിതപ്പെടുത്തി പരമാവധി പിരിച്ചെടുക്കണം

കെട്ടിടനികുതി ഇനത്തിൽ സർക്കാർ നിബന്ധനകൾക്ക് വിധേയമായി പ്ലിൻത് ഏരിയ കണക്കാക്കി നികുതി ഈടാക്കണം

കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്ന് നികുതി ഈടാക്കണം. സെറികൾച്ചർ സൊസൈറ്റിയിലെ പ്രവർത്തകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം.

പഞ്ചായത്തിന്റെ അതിർത്തിയിൽപെട്ട എല്ലാ സന്നദ്ധ സംഘടനകളിൽ നിന്നും മാസംന്തോറും വിഭവസമാഹരണം നടത്തണം. വികസന പ്രവർത്തനങ്ങൾക്ക് വേണ്ടുന്ന വിഭവങ്ങളും അദ്ധ്വാനവും ജനങ്ങളിൽ നിന്നും സ്വരൂപിക്കണം.

എല്ലാ രാഷ്ട്രീയ പാർട്ടികളിലുംപെട്ട യുവജനങ്ങൾ വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, സമുദായിക സംഘനടകൾ, എന്നിവർ മുഖേന ആയിരകണക്കിന് ആളുകളെ സംഘടിപ്പിച്ചുകൊണ്ട് സന്നദ്ധ പ്രവർത്തനം നടത്താം.

ചെറുകിട, ഇടത്തരം വ്യാപാരികൾ, വിതരണക്കാർ എന്നിവരിൽ നിന്നും ഉൽപ്പന്നങ്ങൾ വികസന പ്രവർത്തനങ്ങളിൽ സമാഹരിക്കണം.

വിദ്യാസമ്പന്നരായ യുവജനങ്ങൾ സാങ്കേതിക ജ്ഞാനം ഉള്ളവർ, റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം വികസന പ്രവർത്തനത്തിന് മുതൽക്കൂട്ടാകണം.

വെങ്ങാനൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ഉദാരവ്യവസ്ഥയിൽ വികന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ഉണ്ടാകണം.

മറ്റു ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനവും മെച്ചപ്പെടുത്തണം. കർഷകർക്കും ചെറുതൊഴിൽ സംരഭകർക്കും എല്ലാവിധ സഹായങ്ങളും ഉദാരവ്യവസ്ഥകൾക്ക് വിധേയമായി നൽകാൻ നടപടിയുണ്ടാകണം.

സമർപ്പണം

10.10.96-ൽ വെങ്ങാനൂർ ഗവൺ: മോഡൽ ഹൈസ്കൂളിൽ വച്ച് കൂടിയ യോഗത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ, ഗ്രാമപഞ്ചായത്തുകളുടെ വികസന സെമിനാറിന്റെ ജില്ലാതല ഉത്ഘാടനം, വെങ്ങാനൂർ പഞ്ചായത്തിൽ വച്ച് 23.10.96 ന് നടത്തുന്നതാണെന്ന് നിർദ്ദേശിച്ചു. തുടർന്നു വളരെ ധൃതിപ്പെട്ടു ട്രാൻസെക്ട്, ദ്വിതീയ വിവരശേഖരണം, ചരിത്രപഠനം എന്നിവ വിജയകരമായി നടത്തി. രണ്ടാം ഘട്ട പരിശീലനം ലഭിക്കാത്തവരും വികസന റിപ്പോർട്ട് എപ്രകാരമാണ് തയ്യാറാക്കേണ്ടത്, അതായത് അതിന്റെ ഘടന, രൂപം, സ്വഭാവം ഇവയെ കുറച്ചുള്ള വിവരങ്ങൾ DRP മാർക്ക് ലഭിച്ചിരുന്നില്ല. രണ്ടാം ഘട്ട പരിശീലനം അപ്പോൾ അതിയന്നൂർ ബ്ലോക്കിൽ നടന്നിരുന്നില്ല. എങ്കിലും, ലഭ്യമായ രേഖകളും പരിമിതമായ അറിവുകൊണ്ട് വളരെ സംക്ഷിപ്തമായ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടിവന്നു.

ആസൂത്രണ സമിതിയുടെ നിർദ്ദേശാനുസരണം 30.10.96 ൽ ബഹുമാനപ്പെട്ട കേരളാ കൃഷി വകുപ്പ് മന്ത്രി വികസന സെമിനാറിന്റെ ജില്ലാതല ഉത്ഘാടനകർമ്മം നിർവ്വഹിച്ചു.

അന്ന് അവതരിപ്പിച്ച വികസന റിപ്പോർട്ടിലെ പോരായ്മകൾ തിരുത്തുവാൻ ഇപ്പോൾ വളരെ ശ്രദ്ധിച്ചിട്ടുണ്ട്.

വികസന സെമിനാറിൽ അവതരിപ്പിച്ച റിപ്പോർട്ടിനോടൊപ്പം, 12 ഗ്രാമസഭകളിലേയും നിർദ്ദേശങ്ങൾ വികസന സെമിനാറിൽ ചർച്ച ചെയ്തു. തയ്യാറാക്കി അവതരിപ്പിച്ച് നിർദ്ദേശങ്ങൾ, മുൻ സൂചിപ്പിച്ചപോലെ ട്രാൻസെക്ട്, ദ്വിതീയ വിവര ശേഖരണം തുടങ്ങിയ രേഖകൾ എന്നിവ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

കേരളത്തിന്റെ ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടെ താഴെത്തട്ടിൽ നിന്നും ആസൂത്രണം ചെയ്യുന്ന ഈ സുപ്രധാന ഘട്ടത്തിൽ, സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ എന്ന ലക്ഷ്യത്തിനായി ഗ്രാമ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണമെന്ന രാഷ്ട്രപിതാവിന്റെ നിർദ്ദേശം അനുസ്മരിച്ചുകൊണ്ട് വെങ്ങാനൂർ ഗ്രാമപഞ്ചായത്തും താഴെ തട്ടിൽ നിന്നും തന്നെ ആസൂത്രണം നടത്തുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഈ വികസന റിപ്പോർട്ട് വെങ്ങാനൂരിലെ പൗരാവലിയ്ക്ക് മുമ്പാകെ സാദരം സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി പ്രവർത്തിച്ച എല്ലാ സംഘടനകളോടും മാന്യവ്യക്തികളോടും ജീവനക്കാരോടും ഞങ്ങൾക്കുള്ള അകൈതവമായ നന്ദി പ്രകാശിപ്പിക്കുവാൻ ഈ അവസരം വിനിയോഗിക്കട്ടെ.

ഒരു പുത്തൻ വികസന സംസ്കാരത്തിന്റെ വഴിത്താരയിൽ നമുക്ക് ഒരുമയോടെ യത്നിക്കാം.

സസ്നേഹം

കെ. മോഹനൻ
പ്രസിഡന്റ്